# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 28 Issue13 Fortnightly March 1, 2017 Page 24 ₹ 10




പിഎസ്‌സി വജ്രജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു

# ഉദ്യോഗാർത്ഥികളുടെ ഹൃദയശേഷിയും പിഎസ്‌സി അളക്കണം: മുഖ്യമന്ത്രി

**പിഎസ്‌സി വജ്രജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണ രൂപം**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അതിന്റെ സേവന പാതയിൽ അറുപതാണ്ട് പിന്നിട്ടിരിക്കുന്ന വേളയിൽ നടക്കുന്ന വജ്രജൂബിലി ആഘോഷ സമ്മേളനത്തിൽ സംസാരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

1956ൽ ഐക്യകേരളത്തോടൊപ്പം പിറവിയെടുത്തതാണല്ലോ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. അതിനുമുമ്പ്, അതായത് 1935 മുതൽ 1956 വരെ ട്രാവൻകൂർ പബ്ലിക് സർവ്വീസ് കമ്മീഷനും ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് സർവ്വീസ് കമ്മീഷനും ഇവിടെ ഉണ്ടായിരുന്നു.

1891ലെ മലയാളി മെമ്മോറിയൽ, 1896ലെ ഈഴവ മെമ്മോറിയൽ, നിവർത്തന പ്രക്ഷോഭം എന്നിവയുടെയൊക്കെ ഫലമായാണ് നമ്മുടെ നാട്ടിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ രൂപംകൊണ്ടത്. ഈ പ്രക്ഷോഭങ്ങളെ തുടർന്നുള്ള പബ്ലിക് സർവ്വീസ് കമ്മീഷൻ രൂപവൽക്കരണം ചരിത്രത്താളുകളിൽ അടയാളപ്പെടുത്തിയിട്ടുള്ളതാണ്. സർക്കാർ സർവ്വീസിൽ ഏതാനും മുന്നാക്ക ജാതിക്കാർക്കു മാത്രം പുലർത്തിയിരുന്ന നിയമന കുത്തക തകർത്ത് എല്ലാ പിന്നാക്കക്കാർക്കും സംവരണം പിഎസ്‌സിയുടെ ആരംഭത്തോടെ സാധ്യമാവുകയായിരുന്നു.

ഇന്ത്യയിലെ ഇതര സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകൾക്കിടയിൽ മാതൃകാപരമായ സ്ഥാനം കേരള പബ്ലിക് സർവ്വീസ് കമ്മീഷനുണ്ട്. ഇത്രമേൽ അപേക്ഷകരും പരീക്ഷകളും നിയമന ശിപാർശയുമൊന്നും മറ്റൊരു പിഎസ്‌സിയിലുമില്ല. നിങ്ങൾ മുറുകെപ്പിടിക്കുന്ന സുതാര്യതയും കൃത്യതയും സത്യസന്ധതയും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. സംസ്ഥാനത്തിനു തന്നെ അഭിമാനകരമാണത്. ഇതര സംസ്ഥാന പിഎസ്‌സികൾ നടത്തുന്ന തെരഞ്ഞെടുപ്പുകൾ പലതും പരാതികൾക്ക് ഇടനൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച വാർത്തകൾ മാധ്യമങ്ങളിൽ നാമൊക്കെ കാണാറുണ്ടല്ലോ. സർക്കാർ നിധിയിൽനിന്നും ശമ്പളം നൽകുന്നതും സർക്കാർ നിയന്ത്രണത്തിലുള്ളതുമായ എല്ലാ മേഖലയിലെയും നിയമനങ്ങൾ പിഎസ്‌സി വഴിയാക്കണം എന്ന പൊതുസമൂഹത്തിന്റെ ആവശ്യവും നിങ്ങളുടെ വിശ്വസ്തതയ്ക്കുള്ള അംഗീകാരം തന്നെയാണ്.

ജൂബിലി വാർഷികത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ കാര്യം ഫയലുകളുടെ തീർപ്പാക്കൽ സംബന്ധിച്ച പ്രഖ്യാപനമാണ്. 2016 നവംബർ ഒന്നുവരെയുള്ള എല്ലാ കുടിശ്ശിക ഫയലുകളും 2017 ഒക്ടോബർ 31നുമുമ്പ് തീർപ്പാക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർത്തും നല്ല കാര്യം. ഫയലുകളിൽ കുരുങ്ങിക്കിടക്കുന്നത് ജീവിതങ്ങളാണെന്ന തിരിച്ചറിവോടെയുള്ള സമീപനം

(ശേഷം പേജ് 24ൽ)


**ക്ലാർക്ക് സ്പെഷ്യൽ**

മധ്യകാല ഇന്ത്യ

മലയാളം

ഉൾപ്പെടെ 1000 വസ്തുതകൾ

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർ പേഴ്സൺ**

**ശ്രീമതി. ആർ പാർവതീദേവി**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. പി. സുരേഷ്കുമാർ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ഡോ. ജിനു സക്കറിയ ഉമ്മൻ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. രഘുനാഥൻ. എം. കെ.**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**കെ. ആർ. മനോജ്കുമാർ പിള്ള**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി.ആർ.യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**വാർഷിക വരിസംഖ്യ – ₹ 200**
മണിയോർഡറായി അയക്കേണ്ട വിലാസം:
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004**

- വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.
- ജില്ലാ തല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- കാലാവധി തീരാറാകുന്ന വരിക്കാർക്ക് അതു സംബന്ധമായ അറിയിപ്പ് ആറു ലക്കം മുമ്പ് മുതൽ റാപ്പറിലെ വിലാസത്തിൽ ഉൾപ്പെടുത്തുണ്ട്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.

## ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

## കോൾ സെന്റർ

കോൾ സെന്റർ: 0471 2444428, 0471 2444438,0471 2555538
(പ്രവർത്തന സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 മണിവരെ).

## മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

## ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# ഇൻറർവ്യൂ പ്രോഗ്രാം മാർച്ച് 2017

**കെപിഎസ്‌സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം**

| sl. No | category No | Name of Post & Dept. | Date 2017 March |
|---|---|---|---|
| 1. | 66/13<br>485/13<br>486/13<br>487/13<br>547/14<br>385/14 | Medical Officer - Kerala Factories and Boilers Service, Assistant Surgeon (NCA-E/T/B, M, OBC), Assistant Surgeon/ Casuality Medical Officer - Health Services, Assistant Insurance Medical Officer - Insurance Medical Services | 01,02,03<br>08,09,10 |
| 2. | 691/14 | HSST (Jr) Economics (SR for SC/ST) Higher Secondary Education* | 08,09 |
| 3. | 112/14 | Trade Instructor Gr II (Turning) - Technical Education | 08,09,10 |
| 4. | 161/13 | Medical Officer - Plantation Corporation of Kerala Limited | 09,10 |
| 5. | 233/15<br>094/16 | Lecturer in Violin - Collegiate Education (Music Colleges) * (General Recruitment & SR for SC/ST) | 09 |
| 6. | 210/15 | Kerala Limited Lecturer in Veena - Collegiate Education (Music Colleges) * | 10 |
| 7. | 160/13 | Town Planning Officer (Planning) - Greater Cochin Development Authority | 10 |
| 8. | 131/16 | Lecturer in Music (NCA Muslim) Collegiate Education | 10 |
| 9. | 725/14 | Photographer (1st NCA LC/AI) - Police (Forensic Science Laboratory) | 10 |
| 10. | 410/15<br>411/15 | Lecturer in Tamil - Collegiate Education (Training Colleges) (B/T & Direct) | 10 |
| 11. | 578/12 | Lecturer in English - Collegiate Education * | 10 |
| 12. | 440/15 | Tractor Operator - cum - Workshop Assistant (NCA Muslim) Kerala Agro Industries Corporation Limited | 10 |
| 13. | 625/14<br>626/14<br>627/14<br>629/14 | Municipal Secretary Gr.III - Urban Affairs (Direct, B/T from Employees of Municipal Common Service, B/T from Employees of Urban Affairs) & Secretary, Block Panchayat - Rural Development | 15,16,17<br>22,23 |
| 14. | 77/15 | Lecturer Grade II - Home Science - Rural Development * | 22,23,24 |
| 15. | 125/13 | Instructor Gr.I (Electronics) (Engineering Colleges) - Technical Education | 22,23,24 |
| 16. | 528/12 | Junior Instructor (Arithemetic-Cum-Drawing) - Industrial Training | 22,23,24<br>29,30,31 |
| 17. | 69/15<br>70/15 | Lecturer Grade I - Animal Husbandry (By Transfer & Direct) - Rural Development* | 23,24 |
| 18. | 60/16 | Higher Secondary School Teacher English (Senior) (NCA-ST) - Higher Secondary Education * | 23 |
| 19. | 481/15 | Environmental Engineer - Environment and Climate change | 24 |
| 20. | 194/11 | Junior Instructor (Computer Operator & Programming Assistant)- Industrial Training | 29,30,31 |
| 21. | 196/11 | Junior Instructor (Dress Making)- Industrial Training | 29,30 |
| 22. | | Departmental Test - Divisional Accountant October 2014 -Viva-Voce test | 30,31 |
| 23. | 543/12 | Junior Instructor (Lift Mechanic) - Industrial Training | 30,31 |
| 24. | 409/10 | Junior Instructor (Mechanical Diesel) - Industrial Training | 31 |
| 25. | 277/13 | Junior Instructor (Mechanic Motor Vehicle) NCA-LC/AI Industrial Training* | 31 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, പത്തനംതിട്ട** | |
| 1. | 15/14 | Work Superintendent-Agriculture (SC Unit) | 01,02,03 |
| 2. | 013/14 | Physical Education Teacher (UPS) Malayalam Medium - Education | 03 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, കോട്ടയം** | |
| 1. | 15/14 | Work Superintendent-Agriculture (SC Unit) | 01,02,03 |
| 2. | 013/14 | Physical Education Teacher (UPS) Malayalam Medium - Education | 03,08 |
| 3. | 126/15 | Driver Gr.II (HDV) (Ex-Servicemen) - NCC/Sainik Welfare | 09 |
| 4. | 216/14 | Chauffeur Grade II - Tourism | 09,10 |
| | | **കെപിഎസ്‌സി റീജിയണൽ ആഫീസ്, എറണാകുളം** | |
| 1. | 66/13<br>485/13<br>486/13<br>487/13<br>547/14<br>385/14 | Medical Officer - Kerala Factories and Boilers Service, Assistant Surgeon (NCA-E/T/B, M, OBC), Assistant Surgeon/ Casuality Medical Officer - Health Services, Assistant Insurance Medical Officer - Insurance Medical Services | 01,02,03<br>08,09,10<br>15,16,17<br>22,23,24 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, എറണാകുളം** | |
| 1. | 66/13<br>485/13<br>486/13<br>487/13<br>547/14<br>385/14 | Medical Officer - Kerala Factories and Boilers Service, Assistant Surgeon (NCA-E/T/B, M, OBC), Assistant Surgeon/ Casuality Medical Officer - Health Services, Assistant Insurance Medical Officer - Insurance Medical Services | 29 |
| 2. | 349/14 | Welder - Health Services | 30 |
| 3. | 339/15 | L P School Assistant (Malayalam) II NCA ST - Education | 30 |
| 4. | 336/14 | Deputy Town Planner - Greater Cochin Development Authority * | 31 |
| 5. | 447/14 | Boat Keeper - NCC | 31 |
| | | **കെപിഎസ്‌സി റീജിയണൽ ആഫീസ്, കോഴിക്കോട്** | |
| 1. | 66/13<br>485/13<br>486/13<br>487/13<br>547/14<br>385/14 | Medical Officer - Kerala Factories and Boilers Service, Assistant Surgeon (NCA-E/T/B, M, OBC), Assistant Surgeon/ Casuality Medical Officer - Health Services, Assistant Insurance Medical Officer - Insurance Medical Services | 01,02,03<br>08,09,10<br>15,16,17<br>22,23,24<br>29,30,31 |
| 2. | 599/12 | Vocational Instructor (General Insurence) VHSE | 30,31 |
| 3. | 304/15 | Driver Gr.II (NCA - LC/AI) - NCC/Sainik Welfare | 31 |
| 4. | 447/14 | Boat Keeper - NCC | 31 |

**** Denotes Examination was conducted Online***

## 2017 ഫെബ്രുവരി 13 ന് ചേർന്ന കമ്മിഷൻ യോഗ തീരുമാനങ്ങൾ

കൊല്ലം ജില്ലയിൽ മണ്ണ് സംരക്ഷണ വകുപ്പിൽ ട്രേസർ, തൃശ്ശൂർ ജില്ലയിൽ കൃഷി വകുപ്പിൽ ഇലക്ട്രീഷ്യൻ (എൻ.സി.എ.–എസ്.സി) തസ്തികകളിലേക്ക് സാധ്യതാപട്ടിക തയ്യാറാക്കും.
കാസർകോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എ.–നാചറൽ സയൻസ് (കന്നട മീഡിയം), പാർട്ട് ടൈം എച്ച്.എസ്.എ.–അറബിക്, പാർട്ട് ടൈം എച്ച്.എസ്.എ.–തമിഴ്, എച്ച്.എസ്.എ.–സോഷ്യൽ സ്റ്റഡീസ് (തമിഴ്), എച്ച്.എസ്.എ.–ഫിസിക്കൽ സയൻസ് (കന്നട മീഡിയം) എന്നീ തസ്തികകളിലേക്ക് ചുരുക്കപ്പട്ടിക തയ്യാറാക്കും.

## വജ്രജൂബിലി ആഘോഷം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

സേവന പാതയിൽ അറുപതാണ്ടു പിന്നിടുന്ന കേരള പബ്ലിക് സർവീസ് കമ്മിഷന്റെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം പി.എസ്.സി. ആസ്ഥാനത്ത് ഫെബ്രു വരി 27–ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ദേവസ്വം, സഹകരണം, ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. തിരുവനന്തപുരം മേയർ അഡ്വ. വി.കെ. പ്രശാന്ത് ആശംസ അർപ്പിച്ചു. പി.എസ്.സി. ചെയർമാൻ അഡ്വ.എം.കെ.സക്കീർ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വജ്രജൂബിലി ആഘോഷം സംബന്ധിച്ച ഉപസമിതി അധ്യക്ഷനും പി.എസ്.സി. മെംബറുമായ പി.ശിവദാസൻ സ്വാഗതവും പി.എസ്.സി. സെക്രട്ടറി സാജു ജോർജ് കൃതജ്ഞതയും പറഞ്ഞു.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ 28 - 02 - 2017 തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ **സംക്ഷിപ്ത രൂപം** ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച **കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.**

**അസാധാരണ ഗസറ്റ് തീയതി: 28 – 02 – 2017 അവസാന തീയതി: 29 – 03 – 2017 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മിഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതാണ്.**

**എഴുത്ത് / ഒ.എം.ആർ പരീക്ഷ നടത്തുന്ന പക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈലിൽ ലഭ്യമാക്കുന്നതും, ആയത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള തീയതി പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുന്നതുമാണ്. ഈ തീയതി മുതൽ 15 ദിവസം വരെ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാം. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ 1/2017
### ഇൻസ്ട്രക്ടർ ഗ്രേഡ് I മെക്കാനിക്കൽ എഞ്ചിനീയറിങ് (എഞ്ചിനിയറിങ് കോളേജുകൾ) സാങ്കേതിക വിദ്യാഭ്യാസം

**1 വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : ഇൻസ്ട്രക്ടർ ഗ്രേഡ് I മെക്കാനിക്കൽ എഞ്ചിനീയറിങ് (എഞ്ചിനിയറിങ് കോളേജുകൾ)
**3 ശമ്പളം** : ₹ 15600–39100/ AICTE Pay Band with AGP 5400
**4 ഒഴിവുകളുടെ എണ്ണം** : 4 (നാല്)
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : (20–44) ഉദ്യോഗാർത്ഥികൾ 02/01/1973 നും 01/01/1997 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടുതീയതികളും ഉൾപ്പെടെ) മറ്റു പിന്നാക്ക, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ:** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനം വഴി മെക്കാനിക്കൽ എഞ്ചിനീയറിങ്/ടെക്നോളജിയിൽ അവസാന യോഗ്യതാപരീക്ഷയിലോ അല്ലെങ്കിൽ മൊത്തത്തിലോ 60% മാർക്കിൽ കുറയാതെയുള്ള ബിരുദം

**കുറിപ്പ് :** KS&SSR Part II Rule 10(a)(ii) ബാധകമാണ്.

### കാറ്റഗറി നമ്പർ 2/2017
### ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക് റെഫ്രിജറേഷൻ ആന്റ് എയർകണ്ടീഷനിംഗ്) വ്യാവസായിക പരിശീലനം

**1 വകുപ്പ്** : വ്യാവസായിക പരിശീലനം
2. ഉദ്യോഗപ്പേര് : ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക് റെഫ്രിജറേഷൻ ആന്റ് എയർകണ്ടീഷനിംഗ്)
**3. ശമ്പളം** : ₹ 26500–56700 /
**4. ഒഴിവുകളുടെ എണ്ണം** : 3 (മൂന്ന്)

**കുറിപ്പ്:** 03/01/2013 –ലെ G.O(P) No.1/2013/SJD. ഉത്തരവനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (locomotor disability/cerebral palsy, hearing impairment, low vision) സംവരണം ചെയ്തിരിക്കുന്നു.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 19–44. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1998 നും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിലുമുള്ളവർക്കും നിയമാനുസൃത ഇളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:** (1) എസ്.എസ്.എൽ.സി. അഥവാ തത്തുല്യ യോഗ്യത

(2) (എ) അനുയോജ്യമായ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം പ്രസ്തുത ട്രേഡിലുള്ള മൂന്ന് വർഷത്തെ പരിചയവും

**അല്ലെങ്കിൽ**

(ബി) അനുയോജ്യമായ ട്രേഡിലുള്ള നാഷണൽ അപ്രന്റീസ്ഷിപ്പ്സർട്ടിഫിക്കറ്റും, സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം ഒരു വർഷത്തെ പരിചയവും.

**അല്ലെങ്കിൽ**

(സി) ഗവൺമെന്റ് അല്ലെങ്കിൽ ഗവൺമെന്റ് അംഗീകൃത പോളിടെക്നിക്കിൽ നിന്നും ലഭിച്ച അനുയോജ്യമായ എഞ്ചിനീയറിംഗ് ശാഖയിലുള്ള ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:** 1. KS & SSR Part II, Rule 10(a) (ii) ബാധകമായിരിക്കും. ബന്ധപ്പെട്ട ട്രേഡിൽ വർക്ക്ഷോപ്പ് അറ്റന്ററായുള്ള പരിചയം പ്രസ്തുത ട്രേഡിലുള്ള പരിചയമായി കണക്കാക്കുന്നതാണ്. പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിചയ യോഗ്യത വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

പരിചയ സർട്ടിഫിക്കറ്റ് അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്.

**അനുബന്ധം**

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ പേര് (കമ്പനി/കോർപ്പറേഷൻ/സർക്കാർ വകുപ്പ്/ സഹകരണ സ്ഥാപനം മുതലായവ) :
രജിസ്ട്രേഷൻ (എസ്.എസ്.ഐ രജിസ്ട്രേഷൻ/ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പറും) :
രജിസ്റ്റർ ചെയ്ത തീയതിയും ഏത് ഓഫീസിൽ രജിസ്റ്റർ ചെയ്തു എന്നത് :

ശ്രീ/ശ്രീമതി. ............................ (ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ..................തസ്തികയിൽ (സ്ഥിരമായി/ താൽക്കാലികമായി/അപ്രന്റീസ്/ട്രെയിനി/കാഷ്വൽ ലേബറർ) ആയി (ബാധകമല്ലാത്തത് വെട്ടിക്കളയുക) .രൂപ മാസ ശമ്പളത്തിൽ/ദിവസ ശമ്പളത്തിൽ ..........മുതൽ ........ വരെയുള്ള ........വർഷം............ മാസം............ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ പേര്,
ഒപ്പ് (തീയതി സഹിതം),
**സ്ഥലം:** ഔദ്യോഗിക പദവി,
**തീയതി:** സ്ഥാപനത്തിന്റെ പേര്
(ഓഫീസ് മുദ്ര)

**സാക്ഷ്യപത്രം**

എന്ന നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാധ്യതപ്പെട്ട രജിസ്റ്റർ പരിശോധിച്ച് (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ജീവനക്കാരൻ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ആയി ജോലി ചെയ്തിരുന്നു/ജോലി ചെയ്യുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള......... എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം/നിയമപ്രകാരം സ്ഥാപനത്തിലെ
ജീവനക്കാരുടെ സേവന വ്യവസ്ഥകൾ
സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ
സ്ഥലം: ഉദ്യോഗസ്ഥന്റെ തീയതി സഹിതമുള്ള
തീയതി: ഒപ്പ്, പേര്, ഉദ്യോഗപ്പേര്, ഓഫീസ്.
(ഓഫീസ് സീൽ)

**കുറിപ്പ്:** എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി / മേലധികാരിയെകൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**പ്രൊബേഷൻ:–** ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്ന ഏതൊരാളും ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതിമുതൽ തുടർച്ചയായ മൂന്നുവർഷക്കാല സേവനത്തിനിടയിൽ ആകെ രണ്ടുവർഷക്കാലം പ്രൊബേഷനിലായിരിക്കും.

## അസാധാരണ ഗസറ്റ് തീയതി: 28 – 02 – 2017 അവസാന തീയതി: 29 – 03 – 2017 രാത്രി 12 മണി വരെ

### കാറ്റഗറി നമ്പർ 3/2017
### പി.ഡി.ടീച്ചർ (പുരുഷന്മാർ മാത്രം)
### ജയിൽ

**1 വകുപ്പ്** : ജയിൽ
**2 ഉദ്യോഗപ്പേര്** : പി.ഡി.ടീച്ചർ (പുരുഷന്മാർ മാത്രം)
**3 ശമ്പളം** : ₹ 23400–48000/
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : (18–39)ഉദ്യോഗാർത്ഥികൾ 01.01.1999 നും 02.01.1978നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ**
എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയോ പാസ്സായി രിക്കണം റ്റി.റ്റി.സി അല്ലെങ്കിൽ തത്തുല്യ പരീക്ഷ
**കുറിപ്പ് :** KS&SSR Part II Rule 10(a)(ii)ബാധകമാണ്.

### കാറ്റഗറി നമ്പർ 4/2017
### വില്ലേജ് ഓയിൽ ഇൻസ്പെക്ടർ
### കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

**1 സ്ഥാപനത്തിന്റെ പേര്:** കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്
**2 ഉദ്യോഗപ്പേര്** : വില്ലേജ് ഓയിൽ ഇൻസ്പെക്ടർ
**3 ശമ്പളം** : ₹ 13900–24040/
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്) (പ്രതീക്ഷിക്കപ്പെടുന്നവ)
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** :18–36 ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.1999 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റുപിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമന കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധി യിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ട തുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii), (iv) ,(vi),(vii) & (xii) നോക്കുക.)

**7. യോഗ്യതകൾ : 1)** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും സയൻസ് വിഷയത്തിൽ ലഭിച്ച ബിരുദം.
2) ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന്റെ അംഗീകാരമുള്ള വില്ലേജ് ഓയിൽ ഇൻഡസ്ട്രിയിലെ സൂപ്പർവൈസറി പരിശീലനം വിജയകരമായി പൂർത്തീകരിച്ചതിലുള്ള സർട്ടിഫിക്കറ്റ്.
**കുറിപ്പ്:** കെ.എസ്.ആന്റ് എസ്.എസ്.ആർ.പാർട്ട് II റൂൾ 10(a) ii ബാധകമാണ്
(a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5(a), 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

### കാറ്റഗറി നമ്പർ 5/2017
### സ്റ്റോർ കീപ്പർ
### കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്

**1 സ്ഥാപനത്തിന്റെ പേര്:** കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : സ്റ്റോർ കീപ്പർ
**3 ശമ്പളം** : ₹ 5250–8390/
**4 ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.1999 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റുപിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ട വർക്കും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമന കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധി യിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ട തുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii), (iv), (vi),(vii) & (xii) നോക്കുക.)

**7. യോഗ്യതകൾ :** എസ്.എസ്.എൽ.സി പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത
**കുറിപ്പ് :** കെ.എസ്. ആന്റ് എസ്.എസ്.ആർ. പാർട്ട് II വിലെ റൂൾ 10(a) ii ബാധകമാണ്
(a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ 6/2017
### ഫാർമസിസ്റ്റ് ഗ്രേഡ് II
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
### ആരോഗ്യ വകുപ്പ്

**1 വകുപ്പ്** : ആരോഗ്യ വകുപ്പ്
**2 ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
**3 ശമ്പളം** : ₹ 11620–20240/ (പി.ആർ)
**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
**കണ്ണൂർ** 1 ( പട്ടികജാതി/പട്ടികവർഗ്ഗം )
**5 നിയമനരീതി** : നേരിട്ടുള്ളനിയമനം
(പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനംസ്പെഷ്യൽറിക്രൂട്ട്മെന്റ്)
**കുറിപ്പ്:** പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക്അപേക്ഷനിരസിച്ചുകൊണ്ടുള്ള അറിയിപ്പ്പ്രത്യേകമായിനൽകുന്നതല്ല.
**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1976നും01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
**കുറിപ്പ്** : നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.
**7 യോഗ്യതകൾ:** i) പ്രീ ഡിഗ്രി / പ്ലസ് ടു / വി.എച്ച്.എസ്.ഇ
ii) ഫാർമസിയിൽ ലഭിച്ചിട്ടുള്ള ഡിപ്ലോമ (D.Pharm)
iii) കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ നിന്നും ലഭിച്ച രജിസ്ട്രേഷൻ.
**കുറിപ്പ് :**
യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.
12 പൊതുവ്യവസ്ഥകളിലെരണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ(25–ാംഖണ്ഡികയിലെ കേരളസ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാംഭാഗത്തുള്ള 3(c) വകുപ്പിനെസംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈതെരഞ്ഞെടുപ്പിന്ബാധകമല്ല.
13 നിയമനങ്ങൾനടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കിതയ്യാറാക്കുന്നലിസ്റ്റിലെറാങ്ക്അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേകസംവരണംസംബന്ധിച്ച് 13. 04.1972ലെ ജി.ഒ (എം.എസ്) നമ്പർ.142/72/പി.ഡി, 29.11.1973 ലെ ജി.ഒ (എം.എസ്) നമ്പർ. 309/73/പി.ഡി, 17/01/1976ലെജി. ഒ.(പി) നമ്പർ21/76/പി.ഡി., 22.01.1994 ലെജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി.എന്നീസർക്കാർഉത്തരവുകളിലെവ്യവസ്ഥകൾഅനുസരിച്ചും, നിയമനകാര്യത്തിൽഅപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേകചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി), 17(എ), 17(ബി)എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ 7/2017 – 8/2017
### ടെക്നീഷ്യൻ ഗ്രേഡ് II (ബോയിലർ ഓപ്പറേറ്റർ)
### കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
### പാർട്ട് I ജനറൽ കാറ്റഗറി
### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1 സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
**2.ഉദ്യോഗപ്പേര്** : ടെക്നീഷ്യൻ ഗ്രേഡ് II (ബോയിലർ ഓപ്പറേറ്റർ)
**3 ശമ്പളം** : ₹ 10405–24245/
**4. ഒഴിവുകളുടെ എണ്ണം** : എൻ.സി.എ

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 7/2017 | മുസ്ലീം | 1 (ഒന്ന്) |
| 8/2017 | എൽ.സി/ആംഗ്ലോഇന്ത്യൻ | 1(ഒന്ന്) |

**കുറിപ്പ്:** 1) മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. മേൽപ്പറഞ്ഞ ഒഴിവുകൾ ടി തസ്തികയുടെ 08.03.2016 ൽ നിലവിൽ വന്ന ജനറൽ വിഭാഗത്തിലുള്ള റാങ്ക് ലിസ്റ്റിൽ കാറ്റഗറി നമ്പർ 5/2013 ന് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സമുദായങ്ങൾക്ക് വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിൽ ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്നതും ഇപ്പോൾ നിലവിലുള്ളതുമാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് മേൽപ്പറഞ്ഞ തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്ക് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.
2) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.
3) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.
**5. നിയമനരീതി :** നേരിട്ടുള്ള നിയമനം. (മുസ്ലീം, എൽ.സി/ ആംഗ്ലോ ഇന്ത്യൻ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
**കുറിപ്പ്:** മുസ്ലീം, എൽ.സി/ആംഗ്ലോ ഇന്ത്യൻ സമുദായങ്ങളിൽ പ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷകൾ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.
**6. പ്രായം :** 18–43 ഉദ്യോഗാർത്ഥികൾ 02/01/1974 നും 01/01/1999 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II –ലെ പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡിക നോക്കുക.)
**കുറിപ്പ്:–** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായ പരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് – II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09.03. 1998–ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98–ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവ്വീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവ്വീസ് ഉള്ള പക്ഷം തങ്ങളുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായ പരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാ

ലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ:**

1) എസ്.എസ്.എൽ.സി പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2) ബോയിലർ ഓപ്പറേഷനിലുള്ള ഫസ്റ്റ് ക്ലാസ്സ് സർട്ടിഫിക്കറ്റ്.

8. പൊതു വ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ V ,VIII ,IX, X, XI ,XII ,XIII എന്നീ ഉപഖണ്ഡികകളും 7–ാം ഖണ്ഡികയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ 9/2017 – 10/2017
## സിനി അസിസ്റ്റന്റ്
## കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്

### രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. സ്ഥാപനത്തിന്റെ പേര്** : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര** : സിനി അസിസ്റ്റന്റ്
**3. ശമ്പളം** : ₹ 3050–5230/
**4. ഒഴിവുകളുടെ എണ്ണം** :

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 9/2017 | ഈഴവ/തീയ്യ/ബില്ലവ | 1 (ഒന്ന്) |
| 10/2017 | എൽ സി/ എ ഐ | 1 (ഒന്ന്) |

**കുറിപ്പ്:** മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 10.09.2012 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (ഗസറ്റ് തീയതി 12.03.2008 , കാറ്റഗറി നമ്പർ 118/2008) കാലയളവിൽ ഈഴവ/തീയ്യ/ ബില്ലവ, എൽ സി /എ ഐ എന്നീ സമുദായങ്ങൾക്ക് നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ സി എ വിജ്ഞാപനപ്രകാരം (ഗസറ്റ് തീയതി 15.11.2013, കാറ്റഗറിനമ്പർ 433/2013 & 435/13) പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള രണ്ടാം എൻസിഎ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : ഈഴവ/തീയ്യ/ബില്ലവ, എൽ സി/ എ ഐ സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമുള്ള നേരിട്ടുള്ള നിയമനം.

**കുറിപ്പ്:** ഈഴവ/തീയ്യ/ബില്ലവ, എൽസി/എഐ വിഭാഗങ്ങളിൽ അല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.

**6. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.1999നുമിടയിൽ ജനിച്ചവരായിരിക്കണം.

(രണ്ടു തീയതികളും ഉൾപ്പെടെ). പാർട്ട് II പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ന്റെ ആനുകൂല്യം ഉൾപ്പെടെ.

**കുറിപ്പ്:** (1) പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (vi, vii, xii, നോക്കുക)

**7. യോഗ്യതകൾ :**

(എ) എസ്.എസ്.എൽ.സി അഥവാ തത്തുല്യയോഗ്യത

(ബി) ഒരു പ്രശസ്ത ഫിലിം സ്റ്റുഡിയോയിലെ ക്യാമറ സെക്ഷനിൽ രണ്ടു വർഷത്തെ പരിചയം.

പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ പേര് :
(കമ്പനി/കോർപ്പറേഷൻ/ഗവണ്മെന്റ്
ഡിപ്പാർട്ട്മെന്റ്/ സഹകരണ സ്ഥാപനങ്ങൾ
മുതലായവ)
രജിസ്ട്രേഷൻ നമ്പർ :
സ്ഥാപനം രജിസ്റ്റർ ചെയ്ത തീയതിയും
എവിടെ രജിസ്റ്റർ ചെയ്തു എന്നും :

ശ്രീ./ശ്രീമതി.................................................................. (അപേക്ഷകന്റെ പേരും മേൽവിലാസവും) ............................... സ്ഥാപനത്തിൽ ( സ്ഥാപനത്തിന്റെ പേര്) .................................... മുതൽ ...... വരെ ( കാലയളവ് വ്യക്തമാക്കണം) ........................... തസ്തികയിൽ സ്ഥിരമായി/ താല്കാലികമായി/ അപ്രന്റീസായി/ട്രെയിനി/ദിവസ വേതനം (ട്രേഡ് ഉൾപ്പെടെയുള്ള ജോലിയുടെ പേര് ) ആയി പ്രതിമാസം ...................... രൂപ ശമ്പള നിരക്കിൽ / പ്രതിദിനം ......................... രൂപ ശമ്പള നിരക്കിൽ ജോലി ചെയ്തിട്ടുണ്ട് /ചെയ്തുവരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ
തീയതി സഹിതമുള്ള ഒപ്പ്, പേര്
സ്ഥലം : ഔദ്യോഗിക പദവി,
തീയതി : സ്ഥാപനത്തിന്റെ പേര്
(ഓഫീസ് മുദ്ര)

**സാക്ഷ്യപത്രം**

മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി...............................(അതിൽ പറയുന്ന കാലയളവിൽ) ടി സ്ഥാപനത്തിൽ ..................................ആയി (ജോലിയുടെ പേര് ) ജോലി ചെയ്തതായി/ചെയ്യുന്നതായി ....................നിയമപ്രകാരം / ചട്ടപ്രകാരം സ്ഥാപനമുടമ സൂക്ഷിക്കേണ്ട ............................... രജിസ്റ്റർ (രജിസ്റ്ററിന്റെ പേര് വ്യക്തമാക്കണം) പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ പറഞ്ഞിട്ടുള്ള കാലയളവിൽ ടി സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നു/ജോലി ചെയ്യുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള /കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ..................................... എന്ന ചട്ടപ്രകാരം /നിയമപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം /നിയമപ്രകാരം സ്ഥാപനത്തിലെ
ജീവനക്കാരുടെ സേവനവ്യവസ്ഥകൾ
സാക്ഷ്യപ്പെടുത്തുവാൻ
അധികാരപ്പെടുത്തിയ
സ്ഥലം: ഉദ്യോഗസ്ഥന്റെ തീയതി
തീയതി : സഹിതമുള്ള ഒപ്പ്, ഉദ്യോഗപ്പേര്, ഓഫീസ്
(ഓഫീസ് മുദ്ര)

**കുറിപ്പ് :** 1) പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യത നേടിയതിനു ശേഷവും വിജ്ഞാപനപ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തിയതിക്കു മുൻപായി നേടിയതായിരിക്കണം

2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി /മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

3) പരിചയസർട്ടിഫിക്കറ്റ് ഗസറ്റ് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ 19)0 ഖണ്ഡിക പ്രകാരമുള്ള സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളതായിരിക്കണം

4) ജോലിചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം

**കുറിപ്പ്** : കെ.എസ്. ആന്റ് എസ്. എസ്. ആർ. പാർട്ട് II വിലെ റൂൾ 10 (a) ii ബാധകമാണ്

11. (a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ ii, iii, iv, v, viii, ix, x, xi &xiii ഉപഖണ്ഡികകളും 5(a),6,7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ 2–ാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായും നോക്കുക.)

## കാറ്റഗറി നമ്പർ 11/2017
## സിനി അസിസ്റ്റന്റ്
## കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്

### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. സ്ഥാപനത്തിന്റെ പേര്** : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : സിനി അസിസ്റ്റന്റ്
**3. ശമ്പളം** : ₹ 3050–5230/
**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്) വിശ്വകർമ്മ

**കുറിപ്പ്:** (1) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 10.09.2012–ാം തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 118/2008, ഗസറ്റ് തീയതി 12.03.2008) കാലയളവിൽ വിശ്വകർമ്മ സമുദായത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 12.03.2008 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 118/2008 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനപ്രകാരം ആവശ്യമായ ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്തതിനാലുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : വിശ്വകർമ്മ സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമുള്ള നേരിട്ടുള്ള നിയമനം.

**കുറിപ്പ്:** വിശ്വകർമ്മ വിഭാഗത്തിൽ അല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.

**6. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.1999നുമിടയിൽ ജനിച്ചവരായിരിക്കണം.

(രണ്ടു തീയതികളും ഉൾപ്പെടെ). പാർട്ട് II പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ന്റെ ആനുകൂല്യം ഉൾപ്പെടെ.

**കുറിപ്പ്:** (1) പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (vi, vii, xii, നോക്കുക)

**7. യോഗ്യതകൾ :**

(എ) എസ്.എസ്.എൽ.സി അഥവാ തത്തുല്യയോഗ്യത

(ബി) ഒരു പ്രശസ്ത ഫിലിം സ്റ്റുഡിയോയിലെ ക്യാമറ സെക്ഷനിൽ രണ്ടു വർഷത്തെ പരിചയം പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ പേര് :
(കമ്പനി/കോർപ്പറേഷൻ/ഗവണ്മെന്റ്
ഡിപ്പാർട്ട്മെന്റ്/ സഹകരണ സ്ഥാപനങ്ങൾ
മുതലായവ)
രജിസ്ട്രേഷൻ നമ്പർ :
സ്ഥാപനം രജിസ്റ്റർ ചെയ്ത തീയതിയും
എവിടെ രജിസ്റ്റർ ചെയ്തു എന്നും :

ശ്രീ./ശ്രീമതി. ........................................................(അപേക്ഷകന്റെ പേരും മേൽവിലാസവും)...................................... സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്).................... മുതൽ ........................... ................ വരെ ( കാലയളവ് വ്യക്തമാക്കണം) ............................... തസ്തികയിൽ സ്ഥിരമായി/ താല്കാലികമായി/ അപ്രന്റീസായി/ട്രെയിനി/ദിവസ വേതനം (ട്രേഡ് ഉൾപ്പെടെയുള്ള ജോലിയുടെ പേര് ) ആയി പ്രതിമാസം .................. രൂപ ശമ്പള നിരക്കിൽ /പ്രതിദിനം ..................... രൂപ ശമ്പള നിരക്കിൽ ജോലി ചെയ്തിട്ടുണ്ട് /ചെയ്തുവരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ
തീയതി സഹിതമുള്ള ഒപ്പ്, പേര്
സ്ഥലം : ഔദ്യോഗിക പദവി,
തീയതി : സ്ഥാപനത്തിന്റെ പേര്
(ഓഫീസ് മുദ്ര)

**സാക്ഷ്യപത്രം**

മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി..................................................(അതിൽ പറയുന്ന കാലയളവിൽ) ടി സ്ഥാപനത്തിൽ ............................................ ആയി (ജോലിയുടെ പേര്) ജോലി ചെയ്തതായി/ചെയ്യുന്നതായി ...........................നിയമപ്രകാരം /ചട്ടപ്രകാരം സ്ഥാപനമുടമ സൂക്ഷിക്കേണ്ട ......................................... രജിസ്റ്റർ (രജിസ്റ്ററിന്റെ പേര് വ്യക്തമാക്കണം) പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ പറഞ്ഞിട്ടുള്ള കാലയളവിൽ ടി സ്ഥാപനത്തിൽ ജോ

ലി ചെയ്തിരുന്നു/ജോലി ചെയ്യുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള /കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ............................ .................. എന്ന ചട്ടപ്രകാരം /നിയമപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം /നിയമപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ

സ്ഥലം: ഉദ്യോഗസ്ഥന്റെ തീയതി

തീയതി : സഹിതമുള്ള ഒപ്പ്, ഉദ്യോഗപ്പേര്, ഓഫീസ് (ഓഫീസ് മുദ്ര)

**കുറിപ്പ് :** 1) പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യത നേടിയതിനു ശേഷവും വിജ്ഞാപനപ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തിയതിക്കു മുൻപായി നേടിയതായിരിക്കണം

2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി /മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

3) പരിചയസർട്ടിഫിക്കറ്റ് ഗസറ്റ് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ 19)൦ ഖണ്ഡിക പ്രകാരമുള്ള സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളതായിരിക്കണം

4) ജോലിചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം

**കുറിപ്പ് :** കെ.എസ്. ആന്റ് എസ്. എസ്. ആർ. പാർട്ട് II വിലെ റൂൾ 10 (a) ii ബാധകമാണ്

11. (a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ ii, iii, iv, v, viii, ix, x, xi &xiii ഉപഖണ്ഡികകളും 5(a),6,7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ 2–ാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായും നോക്കുക.)

## കാറ്റഗറി നമ്പർ 12/2017
## ഗാർഡ് (വിമുക്തഭടന്മാരിൽ നിന്നുമാത്രം)
## എൻ സി എ പട്ടികജാതി
## കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്

### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. സ്ഥാപനത്തിന്റെ പേര്** : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്

2. ഉദ്യോഗപ്പേര് : ഗാർഡ് (വിമുക്തഭടന്മാരിൽ നിന്നുമാത്രം) എൻ സി എ പട്ടികജാതി

**3. ശമ്പളം** : ₹ 2610–3680/– (പി ആർ)

**4. ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 1 (ഒന്ന്)

**കുറിപ്പ്:** (1) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 16.11.2012 ൦ തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 300/2009, ഗസറ്റ് തീയതി 30.07.2009), കാലയളവിൽ പട്ടികജാതി സമുദായത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 30. 07.2009 തീയതിയിലെ ഗസറ്റിൽ 300/09 കാറ്റഗറി നമ്പറായുള്ള വിജ്ഞാപനപ്രകാരം ആവശ്യമായ ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്തതിനാലുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : പട്ടികജാതി സമുദായത്തിലെ വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമുള്ള നേരിട്ടുള്ള നിയമനം. പട്ടികജാതി വിഭാഗത്തിൽ അല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.

**പ്രായം** : 21–50. ഉദ്യോഗാർത്ഥികൾ 02.01.1967നും 01.01.1996നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പാർട്ട് II പൊതുവ്യവസ്ഥ കളിലെ ഖണ്ഡിക 2(i) ന്റെ ആനുകൂല്യം ഉൾപ്പെടെ.

**കുറിപ്പ്:** (1) പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (ii,iii,iv,vi, & xii, നോക്കുക)

കുറിപ്പ് : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ല.

**യോഗ്യതകൾ :** 1. ഏഴാം സ്റ്റാൻഡേർഡ് പുതിയത് പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യം

2. കര, നാവിക, വ്യോമ എന്നീ സായുധസേനകളിൽ ഏതെങ്കിലും ഒന്നിൽ മൂന്ന് വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തിപരിചയം.

3. സൈക്കിൾ സവാരി അറിഞ്ഞിരിക്കണം

4. ഉയരം 168 സെ മി

5. നെഞ്ചളവ് സാധാരണ 81 സെ.മി, വികസിപ്പിക്കുമ്പോൾ 86 സെ.മി

**കുറിപ്പ്:** കെ.എസ്. ആന്റ് എസ്. എസ്. ആർ. പാർട്ട് II വിലെ റൂൾ 10(a) ii ബാധകമാണ്

11. (a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ v,vii, viii, ix, x, xi &xiii ഉപഖണ്ഡികകളും 5, 5(a),6,7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ 13/2017
## ട്രാക്ടർ ഓപ്പറേറ്റർ കം വർക്ക് ഷോപ്പ് അസിസ്റ്റന്റ്
## കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്

### രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. സ്ഥാപനത്തിന്റെ പേര്** : കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്

**2 ഉദ്യോഗപ്പേര്** : ട്രാക്ടർ ഓപ്പറേറ്റർ കം വർക്ക് ഷോപ്പ് അസിസ്റ്റന്റ്

**3 ശമ്പളം** : ₹ 1200–2040/(പി.ആർ)

**4 ഒഴിവുകളുടെ എണ്ണം** : ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ 1 (ഒന്ന്)

**കുറിപ്പ്:** i) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 26.09.2012 തീയതിയിൽ നിലവിൽ വന്ന് റാങ്ക് ലിസ്റ്റിന്റെ (ഗസറ്റ് തീയതി 31.03.09, കാറ്റഗറി നമ്പർ 66/2009) കാലയളവിൽ ലാറ്റിൻ കാത്തലിക്ക് / ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

ഒന്നാം എൻ സി എ വിജ്ഞാപനപ്രകാരം (ഗസറ്റ് തീയതി 26.11.15, കാറ്റഗറി നമ്പർ 441/2015) പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള രണ്ടാം എൻ സി എ വിജ്ഞാപനമാണിത്.

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം. (ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽ പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.

**6. പ്രായം:** 18–42, ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1999 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ 2(i)ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട്2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(vi),(vii) &(xii) നോക്കുക.)

**7. യോഗ്യതകൾ :** 1) എട്ടാം സ്റ്റാൻഡേർഡ് ജയിച്ചിരിക്കണം

2) ഐ.റ്റി.ഐ സർട്ടിഫിക്കറ്റ് (ട്രാക്ടർ ഡ്രൈവർ അല്ലെങ്കിൽ ട്രാക്ടർ മെക്കാനിക്ക്)

**അല്ലെങ്കിൽ**

അംഗീകൃത സർക്കാർ സ്ഥാപനത്തിൽ നിന്നും ട്രാക്ടർ ഡ്രൈവിംഗിലോ ട്രാക്ടർ മെക്കാനിസത്തിലോ ആറ് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം

**കുറിപ്പ് :** കെ.എസ്.ആന്റ് എസ്.എസ്.ആർ പാർട്ട് II വിലെ റൂൾ 10 (a) ii ബാധകമാണ്.

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) &(xiii) എന്നീ ഉപഖണ്ഡികകളും 5 (a), 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ 14/2017 – 18/2017
## സെക്യൂരിറ്റി ഗാർഡ്
## ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. സ്ഥാപനത്തിന്റെ പേര്** : ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : സെക്യൂരിറ്റി ഗാർഡ്

**3. ശമ്പളം** : ₹ 2500–4525/

**4. ഒഴിവുകളുടെ എണ്ണം** :

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 14/2017 | ഈഴവ/ ബില്ലവ/തീയ്യ | 2 |
| 15/2017 | എസ്.സി 2, | |
| 16/2017 | മുസ്ലീം | 2 |
| 17/2017 | എൽ.സി/എ.ഐ | 1 |
| 18/2017 | ധീവര | 1 |

**കുറിപ്പ്:** മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 09.05.2016൦ തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 469/2010) കാലയളവിൽ ഈഴവ/ബില്ലവ/തീയ്യ എസ്.സി ,മുസ്ലീം, എൽ.സി/എ.ഐ, ധീവര സമുദായങ്ങൾക്ക് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 31.12.2010 തീയതിയിലെ ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 09.05.16 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 469/10) പ്രസ്തുത സമുദായങ്ങളിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ ഉള്ള ഒന്നാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

ഈഴവ/ബില്ലവ/തീയ്യ എസ്.സി, മുസ്ലീം, എൽ.സി/എ.ഐ, ധീവര സമുദായങ്ങളിലെ വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമുള്ള നേരിട്ടുള്ള നിയമനം.

**കുറിപ്പ്:** ഈഴവ/ബില്ലവ/തീയ്യ, എസ്.സി, മുസ്ലീം, എൽ.സി/ എ.ഐ, ധീവര വിഭാഗങ്ങളിൽ പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.

**6. പ്രായം** : 18–45 ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1999 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർ

ന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 i, ii,iii,iv,vi, & xii എന്നിവ നോക്കുക

**7. യോഗ്യതകൾ :** 1. എസ്.എസ്.എൽ.സി പാസാകാൻ പാടില്ല (എസ്.എസ്.എൽ.സി പാസ്സായവർ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല)

2. സായുധ സേനയിൽ (കരസേന/നാവികസേന/വ്യോമസേന) 3 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം

3. സൈക്കിൾ സവാരി അറിഞ്ഞിരിക്കണം

4. ലൈറ്റ് മോട്ടോർ വെഹിക്കിൾ ഓടിക്കുന്നതിൽ നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം

**കുറിപ്പ്:** സ്ത്രീകളും അംഗവൈകല്യമുള്ളവരും ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

കെ.എസ്. ആന്റ് എസ്. എസ്. ആർ. പാർട്ട് II വിലെ റൂൾ 10 (a) ii ബാധകമാണ്

11. (a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ v, vii,viii, ix, x, xi &xiii ഉപഖണ്ഡികകളും 5,5 (a), 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)

## കാറ്റഗറി നമ്പർ 19/2017 – 20/2017
## ഹൈസ്ക്കൂൾ അസിസ്റ്റന്റ് (അറബിക്)
## വിദ്യാഭ്യാസം

### ആറാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (അറബിക്)

**3. ശമ്പളം** : ₹ 29,200–62,400/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണം |
|---|---|---|
| 19/2017 | പട്ടികജാതി | തിരുവനന്തപുരം01 (ഒന്ന്) |
| | | പാലക്കാട് 01 (ഒന്ന്) |
| | | മലപ്പുറം 01 (ഒന്ന്) |
| 20/2017 | പട്ടിക വർഗ്ഗം | കണ്ണൂർ 01 (ഒന്ന്) |

(29.09.2015 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 335/15, 336/15 ആയി പ്രസിദ്ധീകരിച്ച അഞ്ചാം വിജ്ഞാപനങ്ങളുടെ ആറാം പുനർ വിജ്ഞാപനം)

**കുറിപ്പ്**: ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലകളിലേയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 01.03.2006 | 84/2004 |
| പാലക്കാട് | 20.12.2005 | 84/2004 |
| മലപ്പുറം | 08.12.2005 | 84/2004 |
| കണ്ണൂർ | 31.12.2005 | 84/2004 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി, പട്ടിക വർഗ്ഗ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം). (പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. തിരിച്ചും അപ്രകാരം തന്നെ പരിഗണിക്കുന്നതാണ്).

**6. പ്രായം** : 18–45. ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) ധപൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i) ഒഴികെ).

**7. യോഗ്യതകൾ :** അറബി ഭാഷയിലുള്ള ബിരുദമോ പാർട്ട് മൂന്നിൽ പാറ്റേൺ രണ്ടിലെ ഐച്ഛിക വിഷയങ്ങളിൽ അറബി ഒരു വിഷയമായെടുത്ത് നേടിയ ബിരുദമോ ഉണ്ടായിരിക്കണം. പ്രസ്തുത ബിരുദം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയിരിക്കണം. കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ ബി.എഡ്./ബി.റ്റി/ എൽ.റ്റി.യും ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിലും കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

**കുറിപ്പ്:** (i) അറബി ഭാഷയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബി.എഡ്/ബി.റ്റി/ എൽ.റ്റി യോഗ്യതയുള്ളപക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(ii) ബി.എഡ്. ബന്ധപ്പെട്ട ഭാഷയിൽ (അറബിക്) ആയിരിക്കണം.

(iii) KS & SSR Part II Rule 10 a (ii) ബാധകമാണ്.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :** (i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965,ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിൽ മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ' എന്നതിന് ''ഉണ്ട്' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും മുൻഗണനയുടെ അർഹത തുടർന്ന് വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975) ജി ഒ (എം.എസ്) നമ്പർ 50/70/പിഡി തീയതി 12.02.1970.

(iii)ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) നമ്പർ 185/70/എഡ്യൂ. തീയതി 18.04.1970, ജി.ഒ.(എം.എസ്) നമ്പർ 466/70/എഡ്യൂ തീയതി 11.11.1970]

**കുറിപ്പ്:** മേൽപ്പറഞ്ഞതോ താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് ലഭിക്കാൻ അർഹതയുള്ളവർ 'അതെ' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും തുടർന്ന് ഇളവിനുള്ള അർഹത വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്.

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായി വായിച്ചു നോക്കുക).

## കാറ്റഗറി നമ്പർ 21/2017
## ഹൈസ്ക്കൂൾ അസിസ്റ്റന്റ് (അറബിക്)
## വിദ്യാഭ്യാസം

### അഞ്ചാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (അറബിക്)

**3. ശമ്പളം** : ₹ 29,200–62,400/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

ലത്തീൻ കത്തോലിക്ക : കൊല്ലം 01 (ഒന്ന്)
എറണാകുളം 01 (ഒന്ന്)

(30.10.2015 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 385/15 ആയി വിജ്ഞാപനം ചെയ്ത തസ്തികയുടെ അഞ്ചാം പുനർ വിജ്ഞാപനം)

**കുറിപ്പ്**: (iii) ഈ വിജ്ഞാപനപ്രകാരം കൊല്ലം, എറണാകുളം ജില്ലകളിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കൊല്ലം | 15.03.2004 | 130/2002 |
| എറണാകുളം | 26.06.2004 | 130/2002 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (ലത്തീൻ കത്തോലിക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായം** 18–43. ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

[പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ :** അറബി ഭാഷയിലുള്ള ബിരുദമോ പാർട്ട് മൂന്നിൽ പാറ്റേൺ രണ്ടിലെ ഐച്ഛിക വിഷയങ്ങളിൽ അറബി ഒരു വിഷയമായെടുത്ത് നേടിയ ബിരുദമോ ഉണ്ടായിരിക്കണം. പ്രസ്തുത ബിരുദം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയിരിക്കണം. കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ ബി.എഡ്./ബി.റ്റി/ എൽ.റ്റി.യും ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിലും കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന ഭാഷാദ്ധ്യാപക പരിശീല സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

**കുറിപ്പ്:** (i) അറബി ഭാഷയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബി.എഡ്/ബി.റ്റി/ എൽ.റ്റി യോഗ്യതയുള്ളപക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(ii)ബി.എഡ്. ബന്ധപ്പെട്ട ഭാഷയിൽ (അറബിക്) ആയിരിക്കണം.

(iii) KS & SSR Part II Rule 10 a (ii) ബാധകമാണ്.

8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിൽ മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ' എന്നതിന് ''ഉണ്ട്' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും മുൻഗണനയുടെ അർഹത തുടർന്ന് വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975) ജി ഒ (എം എസ്) നമ്പർ 50/70/പിഡി തീയതി 12.02.1970.

(iii) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) നമ്പർ 185/70/എഡ്യൂ. തീയതി 18.04.1970, ജി.ഒ.(എം.എസ്) നമ്പർ 466/70/എഡ്യൂ തീയതി 11.11.1970]

**കുറിപ്പ്:** മേൽപ്പറഞ്ഞതോ താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് ലഭിക്കാൻ അർഹതയുള്ളവർ ''അതെ' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും തുടർന്ന് ഇളവിനുള്ള അർഹത വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്.

## കാറ്റഗറി നമ്പർ 22/2017 – 24/2017
## ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II
## ആരോഗ്യവകുപ്പ് / മുനിസിപ്പൽ കോമൺ സർവ്വീസ്

**ഒന്നാം എൻ.സി.എ വിജ്ഞാപനം**

| | |
|---|---|
| **1. വകുപ്പ്** | : ആരോഗ്യവകുപ്പ് / മുനിസിപ്പൽ കോമൺ സർവ്വീസ് |
| **2 ഉദ്യോഗപ്പേര്** | : ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II |
| **3 ശമ്പളം** | : ₹ 22,200–48,000/ |
| **4 ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ |

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണം |
|---|---|---|
| 22/2017 | മുസ്ലീം | കണ്ണൂർ 16 (പതിനാറ്) |
| 23/2017 | വിശ്വകർമ്മ | കണ്ണൂർ 04 (നാല്) |
| 24/2017 | എൽ.സി/എ.ഐ | കണ്ണൂർ 05 (അഞ്ച്) |

**കുറിപ്പ്:** ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലയിൽ ഓരോ വിഭാഗത്തിനും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കണ്ണൂർ | 3.8.2016 | 666/12 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (മുസ്ലീം, വിശ്വകർമ്മ, LC/AI സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** : 18–44. ഉദ്യോഗാർത്ഥികൾ 02.01.1973നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ].

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിൽ Part II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2(1) ഒഴികെ).

**7. യോഗ്യതകൾ :**

1) ജനറൽ: എസ്.എസ്.എൽ.സി പാസ്സായിരിക്കണം അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2) ടെക്നിക്കൽ : കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ആക്സിലറി നേഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (18 മാസം ദൈർഘ്യമുള്ള പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള അംഗീകൃത സ്ഥാപനത്തിൽ നിന്നു ലഭിച്ച ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ്/ ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ് (പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്

3) കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ്:**(i) സാമാന്യവിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി വിജയിച്ച ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയ (എസ്.എസ്.എൽ.സി തോറ്റവരേയും) ഉദ്യോഗാർത്ഥികളേയും പരിഗണിക്കുന്നതാണ്. നിശ്ചിത ക്വോട്ട തികയ്ക്കുന്നതിനുമാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളൂ. (ii) ഭിന്നശേഷിയുള്ളവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

## കാറ്റഗറി നമ്പർ 25/2017 – 28/2017
## ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II
## ആരോഗ്യവകുപ്പ് / മുനിസിപ്പൽ കോമൺ സർവ്വീസ്

**ഒന്നാം എൻ.സി.എ വിജ്ഞാപനം**

| | |
|---|---|
| **1. വകുപ്പ്** | : ആരോഗ്യവകുപ്പ് / മുനിസിപ്പൽ കോമൺ സർവ്വീസ് |
| **2 ഉദ്യോഗപ്പേര്** | : ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II |
| **3 ശമ്പളം** | : ₹ 22,200–48,000/ |
| **4 ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ |

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണം |
|---|---|---|
| 25/2017 | മുസ്ലീം | മലപ്പുറം 10 (പത്ത്) |
| 26/2017 | വിശ്വകർമ്മ | മലപ്പുറം 02 (രണ്ട്) |
| 27/2017 | ധീവര | മലപ്പുറം 01 (ഒന്ന്) |
| 28/2017 | ഹിന്ദു നാടാർ | മലപ്പുറം 01 (ഒന്ന്) |

**കുറിപ്പ് :** ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലയിൽ ഓരോ വിഭാഗത്തിനും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| മലപ്പുറം | 17.8.2016 | 666/12 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (മുസ്ലീം, വിശ്വകർമ്മ, ധീവര, ഹിന്ദു നാടാർ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** : 18–44. ഉദ്യോഗാർത്ഥികൾ 02.01.1973നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ].

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിൽ Part II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2(1) ഒഴികെ).

**7. യോഗ്യതകൾ :** 1) ജനറൽ: എസ്.എസ്.എൽ.സി പാസ്സായിരിക്കണം അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2) ടെക്നിക്കൽ : കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ആക്സിലറി നേഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (18 മാസം ദൈർഘ്യമുള്ള പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള അംഗീകൃത സ്ഥാപനത്തിൽ നിന്നു ലഭിച്ച ആക്സിലറി നേഴ്സ് മിഡ്വൈഫറിസർട്ടിഫിക്കറ്റ്/ ആക്സിലറി നേഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്

3) കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ് :** (i) സാമാന്യവിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി വിജയിച്ച ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയ (എസ്.എസ്.എൽ.സി തോറ്റവരേയും) ഉദ്യോഗാർത്ഥികളേയും പരിഗണിക്കുന്നതാണ്. എന്നാൽ നിശ്ചിത ക്വോട്ട തികയ്ക്കുന്നതിനുമാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളൂ. (ii) ഭിന്നശേഷിയുള്ളവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

## കാറ്റഗറി നമ്പർ 29/2017 – 30/2017
## വിദ്യാഭ്യാസം
## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) LPS

**മൂന്നാം എൻ.സി.എ വിജ്ഞാപനം**

| | |
|---|---|
| **1. വകുപ്പ്** | : വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) LPS |
| **3. ശമ്പളം** | : ₹ 18,000–41,500/ (പരിഷ്കരിച്ചത്) |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ |

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണം |
|---|---|---|
| 29/2017 | പട്ടികജാതി | ഇടുക്കി 01 (ഒന്ന്) |
| 30/2017 | പട്ടിക വർഗ്ഗം | കോഴിക്കോട് 01 (ഒന്ന്) |

(13.05.2014 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 246/14 ആയും, 29.09. 2015 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 357/15 ആയും വിജ്ഞാപനം ചെയ്ത തസ്തികയുടെ മൂന്നാം പുനർവിജ്ഞാപനം)

**കുറിപ്പ്:** ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 29.01.2008 | 229/05 |
| കോഴിക്കോട് | 25.03.2008 | 229/05 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (പട്ടിക ജാതി, പട്ടിക വർഗ്ഗ സമുദയങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** : 18–45. പട്ടിക ജാതി, പട്ടിക വർഗ്ഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :** കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിൽ സർട്ടിഫിക്കറ്റ്.

**അല്ലെങ്കിൽ**

കേരളത്തിലെ പരീക്ഷാ കമ്മിഷണർ നടത്തുന്ന എസ്.എസ്.എൽ .സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും പാർട്ട് രണ്ടും അറബി എടുത്ത് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

എ) കേരളത്തിലെ പരീക്ഷാ കമ്മിഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

ബി) കേരളത്തിലെ പരീക്ഷാ കമ്മിഷണർ നടത്തുന്ന അറബി മുൻഷി (ഹയർ ) പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ പരീക്ഷാ കമ്മിഷണർ നടത്തുന്ന അറബി മുൻഷി (ലോവർ ) പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ പരീക്ഷാ കമ്മിഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള സർവ്വകലാശാലയോ കോഴിക്കോട് സർവ്വകലാശാലയോ നടത്തുന്ന അറബി എൻട്രൻസ് പരീക്ഷയോ പാസ്സായിരിക്കണം.

**കുറിപ്പ്:** കെ.എസ്.& എസ്.എസ്.ആർ പാർട്ട് II റൂൾ 10 a(ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

i) നിശ്ചിത യോഗ്യതയുള്ള ജവാന്മാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി, 21.01.1978ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/ജി.എഡ്യൂ. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ. (എം.എസ്) നമ്പർ 509/64/എഡ്യൂ. തീയതി 19.09. 1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യൂ. തീയതി 09.11. 1965, ജി.ഒ. (എം.എസ്) നമ്പർ 243/66/എഡ്യൂ. തീയതി 27.05. 1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ' എന്നതിന് 'ഉണ്ട്' എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി

27.05.1975, ജി.ഒ. (എം.എസ്) നമ്പർ 50/70 പി.ഡി. തീയതി 12.2.1970).
**കുറിപ്പ് :** താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കാൻ അർഹതയുള്ളവർ 'അതേ' എന്ന് online അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും തുടർന്ന് ഇളവിനുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## കാറ്റഗറി നമ്പർ 31/2017 – 32/2017
## വിദ്യാഭ്യാസം
## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) LPS

### രണ്ടാം എൻ.സി.എ വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) LPS |
| **3. ശമ്പളം** | : ₹ 18,000–41,500/ (പരിഷ്കരിച്ചത്) |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ |

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണം |
|---|---|---|
| 31/2017 | മറ്റ് ക്രിസ്ത്യാനികൾ | പാലക്കാട് 01 (ഒന്ന്) |
| 32/2017 | ധീവര | പാലക്കാട് 01 (ഒന്ന്) |

(25.11.2014 ലെ ഗസറ്റിൽ 525/14, 526/14 എന്നീ കാറ്റഗറി നമ്പരുകളിലായി വിജ്ഞാപനം ചെയ്ത തസ്തികയുടെ പുനർവിജ്ഞാപനം).

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം ഓരോ സമുദായത്തിനും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പാലക്കാട് | 26.11.2013 | 292/10 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (ഒ.എക്സ്, ധീവര സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായം:** 18–43. മറ്റ് ക്രിസ്ത്യാനികൾ, ധീവര വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പടെ).

18–45. പ്രായപൂർത്തിയായ ശേഷം പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പടെ).

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :** കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിൽ സർട്ടിഫിക്കറ്റ്

**അല്ലെങ്കിൽ**

കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും പാർട്ട് 3 അറബി (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർ സെക്കണ്ടറി പരീക്ഷാ ബോർഡ് നടത്തുന്ന പ്ലസ് ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും പാർട്ട് രണ്ടും അറബി എടുത്ത് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെ പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

1) കേരള ഗവ: പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.
2) കേരള ഗവ: പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.
3) കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.
4) കേരള സർവ്വകലാശാലയോ കോഴിക്കോട് സർവ്വകലാശാലയോ നടത്തുന്ന അറബി എൻട്രൻസ് പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ് :** 1. 30.11.2009 ലെ G.O(MS) No. 232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവണ്മെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ, തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.
2. KS&SSR Part II Rule 10 a(ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നിശ്ചിത യോഗ്യതയുള്ള ജവാന്മാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി, 21.01.1978ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/ജി.എഡ്യൂ എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ. (എം.എസ്) നമ്പർ 509/64/എഡ്യൂ തീയതി 19.09.1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യൂ തീയതി 09.11.1965, ജി.ഒ. (എം.എസ്) നമ്പർ 243/66/എഡ്യൂ തീയതി 27.05.1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ'എന്നതിന് ഉണ്ട് എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975, ജി.ഒ. (എം.എസ്) നമ്പർ 50/70 പി.ഡി. തീയതി 12.2.1970)

**കുറിപ്പ് :** മേൽപ്പറഞ്ഞതോ താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് ലഭിക്കാൻ അർഹതയുള്ളവർ "അതെ' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും തുടർന്ന് ഇളവിനുള്ള അർഹത വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതാണ്.

## കാറ്റഗറി നമ്പർ 33/2017
## വിദ്യാഭ്യാസം
## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) LPS

### ഒന്നാം എൻ.സി.എ വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (എൽ.പി.എസ്) |
| **3. ശമ്പളം** | : ₹ 18,000–41,500/ (പരിഷ്കരിച്ചത്) |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ |

എസ്.ഐ.യു.സി. നാടാർ /എ.ഐ. വയനാട് 1 (ഒന്ന്)

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം വയനാട് ജില്ലയിലേക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| വയനാട് | 05/09/13 | 292/10 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (എസ്.ഐ.യു.സി. നാടാർ /എ.ഐ. സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം.)

**6. പ്രായം :** (i) 18–43. ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :** കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിൽ

**അല്ലെങ്കിൽ**

കോഴിക്കോട് സർവ്വകലാശാലയിൽനിന്നും പാർട്ട് 3 അറബി (സ്പെഷ്യൽ ഓപ്ഷണൽ ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർ സെക്കൻഡറി പരീക്ഷാ ബോർഡ് നടത്തുന്ന പ്ലസ്ടു പാർട്ട് III അറബിക് (ഓപ്ഷണൽ ) കോഴ്സ് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ .സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും പാർട്ട് രണ്ടും അറബി എടുത്ത് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ .സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

(1) കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ ) പരീക്ഷ പാസ്സായിരിക്കണം.
(2) കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ലോവർ ) പരീക്ഷ പാസ്സായിരിക്കണം.
(3) കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.
(4)കേരള സർവ്വകലാശാലയോ കോഴിക്കോട് സർവ്വകലാശാലയോ നടത്തുന്ന അറബി എൻട്രൻസ് പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ് :** 1. 30.11.2009 ലെ GO(MS) No. 232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ .സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.
2. KS & SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :

(i) നിശ്ചിത യോഗ്യതയുള്ള ജവാന്മാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി, 21.01.1978ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/ജി.എഡ്യൂ എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ ജി.ഒ. (എം.എസ്) നമ്പർ 509/64/എഡ്യൂ തീയതി 19.09.1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യൂ തീയതി 09.11.1965, ജി.ഒ. (എം.എസ്) നമ്പർ 243/66/എഡ്യൂ തീയതി 27.05.1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ' എന്നതിന് ഉണ്ട് എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975, ജി.ഒ. (എം.എസ്) നമ്പർ 50/70 പി.ഡി. തീയതി 12.2.1970)

**കുറിപ്പ് :** മേൽപ്പറഞ്ഞതോ താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് ലഭിക്കാൻ അർഹതയുള്ളവർ ''അതെ' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും തുടർന്ന് ഇളവിനുള്ള അർഹത വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതാണ്. ●

# മലയാളം



201. കേരള സംഗീത നാടക അക്കാദമിയുടെ മുഖപത്രം:
(എ) ഗ്രന്ഥാലോകം (ബി) സാഹിത്യലോകം
(സി) കേളി (ഡി) വിജ്ഞാന കൈരളി
202. രാമചരിതം സഹൃദയ ശ്രദ്ധയിൽക്കൊണ്ടുവന്ന ജർമൻ മിഷനറി:
(എ) ബുക്കാനൻ (ബി) ഹെർമൻ ഗുണ്ടർട്ട്
(സി) അർണോസ് പാതിരി (ഡി) ബെഞ്ചമിൻ ബെയ്‌ലി
203. ആരുടെ തൂലികാനാമമാണ് സിനിക്?
(എ) അയ്യപ്പൻ പിള്ള (ബി) കെ.കെ. നായർ
(സി) ഗോവിന്ദപ്പിഷാരടി (ഡി) എം.വാസുദേവൻ നായർ
204.'ആശ്ചര്യചൂഢാമണി'രചിച്ചത്:
(എ) ചീരാമൻ (ബി) ശക്തിഭദ്രൻ
(സി) രാമപ്പണിക്കർ (ഡി) കുഞ്ചൻ നമ്പ്യാർ
205.'നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' എന്ന് രചിച്ചത്:
(എ) കുറ്റിപ്പുറത്ത് കേശവൻനായർ (ബി) വള്ളത്തോൾ
(സി) പാലാ നാരായണൻനായർ
(ഡി) ബോധേശ്വരൻ
206.റെയിൽവേ കഥകളിലൂടെ പ്രസിദ്ധനായ മലയാള കഥാകൃത്ത്:
(എ) വൈശാഖൻ (ബി) എം.ടി.
(സി) കോവിലൻ (ഡി) നന്തനാർ
207. 'ഗോവർധന്റെ യാത്രകൾ'രചിച്ചത്:
(എ) ആനന്ദ് (ബി) കോവിലൻ
(സി) എം. മുകുന്ദൻ (ഡി) മലയാറ്റൂർ
208. തുഞ്ചൻ പറമ്പ് ഏത് കവിയുടെ ജന്മംകൊണ്ട് പ്രസിദ്ധമാണ്?
(എ) കുഞ്ചൻ നമ്പ്യാർ (ബി) എഴുത്തച്ഛൻ
(സി) ചെറുശ്ശേരി (ഡി) പൂന്താനം
209. ഭാഷാപോഷിണിസഭയുടെ മുൻഗാമി:
(എ) കവിസമാജം (ബി) മലയാളി സമാജം
(സി) മലയാളി സഭ (ഡി) കവി സഭ
210. 'കൈരളിയുടെ കഥ'രചിച്ചത്:
(എ) സി.വി. രാമൻ പിള്ള (ബി) സുകുമാർ അഴീക്കോട്
(സി) എൻ.കൃഷ്ണപിള്ള (ഡി) ജോസഫ് മുണ്ടശ്ശേരി
211.'വർത്തമാന പുസ്തകം' എന്ന കൃതി ഏത് സാഹിത്യ ശാഖയിൽപ്പെടുന്നു?
(എ) ആത്മകഥ (ബി) യാത്രാവിവരണം
(സി) വ്യാകരണം (ഡി) ജീവചരിത്രം
212. ഭാരതമാല രചിച്ചത്:
(എ) ശങ്കരപ്പണിക്കർ (ബി) രാമപ്പണിക്കർ
(സി) ചെറുശ്ശേരി (ഡി) ദേവൻ ശ്രീകുമാരൻ
213.'പോരാ പോരാ നാളിൽ നാളിൽ ദൂരദൂരമുയരട്ടെ ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ' എന്ന് രചിച്ചത്:
(എ) കുമാരാനാശാൻ (ബി) വള്ളത്തോൾ
(സി) പന്തളം കെ.പി. (ഡി) ബോധേശ്വരൻ
214. ആഫ്രിക്കൻ പശ്ചാത്തലത്തിൽ എസ്.കെ. പൊറ്റക്കാട്ട് രചിച്ച നോവൽ:
(എ) സിംഹഭൂമി (ബി) ബാലിദ്വീപ്
(സി) കബീന (ഡി) ഒരു തെരുവിന്റെ കഥ
215.'ശേഖൂട്ടി' എന്ന ചെറുകഥ എഴുതിയത്:
(എ) എം.ടി. (ബി) മാധവിക്കുട്ടി
(സി) ടി.പദ്മനാഭൻ (ഡി) തകഴി
216. 'ഭാരതമെന്ന പേർ കേട്ടാളഭിമാന പൂരിതമാകണമന്തരംഗം' എന്ന് രചിച്ചത്:



(എ) കുമാരാനാശാൻ (ബി) വള്ളത്തോൾ
(സി) ഉള്ളൂർ (ഡി) ബോധേശ്വരൻ
217.'അവൻ വീണ്ടും വരുന്നു' ഏത് സാഹിത്യ ശാഖയിൽപ്പെടുന്നു?
(എ) നാടകം (ബി) ആത്മകഥ
(സി) യാത്രാവിവരണം (ഡി) ജീവചരിത്രം
218. നാടകത്തിനുള്ള ആദ്യത്തെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ 'അഴിമുഖത്തേക്ക്'രചിച്ചത്:
(എ) എൻ.കൃഷ്ണപിള്ള (ബി) തിക്കോടിയൻ
(സി) തോപ്പിൽ ഭാസി (ഡി) എസ്.എൽ.പുരം
219. ദ്വിതീയാക്ഷര പ്രാസത്തിന്റെ ഉപജ്ഞാതാവ്:
(എ) എ.ആർ.രാജരാജവർമ
(ബി) കേരളവർമ വലിയകോയിത്തമ്പുരാൻ
(സി) ചങ്ങമ്പുഴ (ഡി) കുമാരനാശാൻ
220.രാമചരിതം രചിച്ചത്:
(എ) ചെറുശ്ശേരി (ബി) ദേവൻ ശ്രീകുമാരൻ
(സി) ചീരാമൻ (ഡി) രാമപ്പണിക്കർ
221. 'മാറ്റുവിൻ ചട്ടങ്ങളേ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ' എന്നു രചിച്ചത്:
(എ) വള്ളത്തോൾ (ബി) ഉള്ളൂർ



(സി) കുമാരനാശാൻ (ഡി) കടമ്മനിട്ട
222. ആരുടെ തൂലികാനാമമാണ് സുമംഗല?
(എ) ലീലാ നമ്പൂതിരിപ്പാട് (ബി) പി.വത്സല
(സി) ലീലാ മേനോൻ (ഡി) സരസ്വതിയമ്മ
223. പുരാണ ഭാരതീയ വനിതകളുടെ മാഹാത്മ്യം പ്രതിപാദിക്കുന്ന ഉള്ളൂരിന്റെ കൃതി:
(എ) പിംഗല (ബി) ചിത്രശാല
(സി) ഭക്തിദീപിക (ഡി) കർണഭൂഷണം
224. 'വിശ്വവിഖ്യാതമായ മൂക്ക്' എന്ന ചെറുകഥ എഴുതിയത്:
(എ) തകഴി (ബി) കേശവദേവ്
(സി) ബഷീർ (ഡി) ടി.പദ്മനാഭൻ
225.ഏത് ഗ്രന്ഥം ആസ്പദമാക്കിയാണ് ചെറുശ്ശേരി 'കൃഷ്ണഗാഥ'രചിച്ചത്?
(എ) മഹാഭാരതം (ബി) ഭഗവത്ഗീത
(സി) ഭാഗവതം ദശമസ്കന്ധം (ഡി) രാമായണം
226. എസ്.എൻ.ഡി.പി.യോഗവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച മലയാള കവി:
(എ) കുമാരനാശാൻ (ബി) വള്ളത്തോൾ
(സി) ചങ്ങമ്പുഴ (ഡി) ഉള്ളൂർ
227.കേരള സ്കോട്ട് എന്നറിയപ്പെടുന്നത്:
(എ) ചങ്ങമ്പുഴ കൃഷ്ണപിള്ള
(ബി) തകഴി ശിവശങ്കരപ്പിള്ള
(സി) എം.ടി.വാസുദേവൻ നായർ
(ഡി) സി.വി. രാമൻപിള്ള
228.ആരുടെ തൂലികാനാമമാണ് ആഷാമേനോൻ?
(എ) ബാലഗോപാലൻ (ബി) പി.സച്ചിദാനന്ദൻ
(സി) കെ.ശ്രീകുമാർ (ഡി) ആർ.സുരേന്ദ്രൻ
229.കേരള പത്രപ്രവർത്തക യൂണിയൻ പ്രസിഡന്റായിരുന്ന കവി:
(എ) ചങ്ങമ്പുഴ (ബി) കടമ്മനിട്ട
(സി) എൻ.വി.കൃഷ്ണവാര്യർ
(ഡി) ജി.ശങ്കരക്കുറുപ്പ്
230.തൃക്കോട്ടൂർ പെരുമ– ആരുടെ കൃതിയാണ്?
(എ) എൻ.പി. മുഹമ്മദ് (ബി) കാക്കനാടൻ
(സി) യു.എ.ഖാദർ (ഡി) പുനത്തിൽ കുഞ്ഞബ്ദുള്ള
231.'ചുടലമുത്തു' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) ചന്തുമേനോൻ (ബി) അപ്പു നെടുങ്ങാടി
(സി) സി.വി. രാമൻ പിള്ള(ഡി) തകഴി
232.പാലൂർ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത്:
(എ) നാരായണൻ നമ്പൂതിരി
(ബി) അച്യുതൻ നമ്പൂതിരി
(സി) മാധവൻ നമ്പൂതിരി
(ഡി) സുബ്രമണ്യൻ നമ്പൂതിരി
233.'പ്രാവേ പ്രാവേ പോകരുതേ' എന്ന ഗാനം രചിച്ചത്:
(എ) കുമാരനാശാൻ (ബി) വള്ളത്തോൾ
(സി) അക്കിത്തം (ഡി) ഉള്ളൂർ
234.'നാം മുന്നോട്ട്'രചിച്ചത്:
(എ) എം.ഡി. നാലപ്പാട്ട് (ബി) എ.കെ. ഗോപാലൻ
(സി) സി.കേശവൻ (ഡി) കെ.പി.കേശവമേനോൻ
235.കഥകളിയിൽ ഏതുതരം കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ ഉപയോഗിക്കുന്നതാണ് ചുവന്ന താടി വേഷം?
(എ) ധീരോദാത്ത നായകർ (ബി) സന്ന്യാസിമാർ
(സി) ബ്രാഹ്മണർ (ഡി) ഭയാനക പ്രകൃതി
236.ആരുടെ തൂലികാനാമമാണ് അഭയദേവ്?:
(എ) എ.പി.പത്രോസ് (ബി) കെ.ശ്രീകുമാർ
(സി) അയ്യപ്പൻ പിള്ള (ഡി) എ.അയ്യപ്പൻ
237.കാക്കേ കാക്കേ കൂടെവിടെ എന്ന ഗാനം രചിച്ചത്:
(എ) കുമാരനാശാൻ (ബി) വള്ളത്തോൾ
(സി) അക്കിത്തം (ഡി) ഉള്ളൂർ
238.ആരുടെ തൂലികാനാമമാണ് തുളസീവനം?
(എ) ആർ.രാമചന്ദ്രൻനായർ
(ബി) പി.സച്ചിദാനന്ദൻ (സി) വി.മാധവൻനായർ
(ഡി) കുഞ്ഞനന്തൻ നായർ
239.'ബാലരാമഭരതം' രചിച്ച തിരുവിതാംകൂർ രാജാവ്:
(എ) സ്വാതി തിരുനാൾ (ബി) ചിത്തിര തിരുനാൾ
(സി) മാർത്താണ്ഡവർമ (ഡി) കാർത്തിക തിരുനാൾ
240.'ഒരു സങ്കീർത്തനം പോലെ'രചിച്ചത്:
(എ) പെരുമ്പടവം ശ്രീധരൻ
(ബി) എം.മുകുന്ദൻ (സി) ഉണ്ണികൃഷ്ണൻ പുതൂർ
(ഡി) കോവിലൻ
241. കഥകളിയിൽ ബ്രാഹ്മണർ, മുനിമാർ, സ്ത്രീകൾ തുടങ്ങിയ കഥാപാത്രങ്ങൾ ഉപയോഗിക്കുന്ന വേഷം:
(എ) പച്ച (ബി) മിനുക്ക്
(സി) കത്തി (ഡി) കരി
242. 'കുന്ദൻ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) ആനന്ദ് (ബി) അപ്പു നെടുങ്ങാടി
(സി) ഒ.വി.വിജയൻ (ഡി)
എം.മുകുന്ദൻ
243. പാട്ട് പ്രസ്ഥാനത്തിൽ ഉൾപ്പെടുന്ന ആദ്യ മലയാള കൃതി:
(എ) രാമചരിതം (ബി) കൃഷ്ണഗാഥ
(സി) കല്യാണസൗഗന്ധികം
(ഡി) അധ്യാത്മരാമായണം
244.ജി.ശങ്കരക്കുറുപ്പ് ഏർപ്പെടുത്തിയ ഓടക്കുഴൽ അവാർഡിന്റെ ചുമതല വഹിക്കുന്നത്:
(എ) ഗുരുവായൂരപ്പൻ ട്രസ്റ്റ് (ബി) മൂർത്തിദേവി ട്രസ്റ്റ്
(സി) ഓടക്കുഴൽ ട്രസ്റ്റ് (ഡി) മലബാർ ട്രസ്റ്റ്
245. 'പെരിഞ്ചക്കോടൻ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) ചന്തുമേനോൻ (ബി) അപ്പു നെടുങ്ങാടി
(സി) സി.വി. രാമൻ പിള്ള(ഡി) തകഴി
246. ഗാഥാ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്:
(എ) കുഞ്ചൻ നമ്പ്യാർ
(ബി) കുഞ്ഞിക്കുട്ടൻ തമ്പുരാൻ (സി) ചെറുശ്ശേരി
(ഡി) രാമപുരത്ത് വാര്യർ
247. 'ചെമ്പൻകുഞ്ഞ്' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) ചന്തുമേനോൻ (ബി) അപ്പു നെടുങ്ങാടി
(സി) സി.വി. രാമൻ പിള്ള(ഡി) തകഴി
248. മലയാളത്തിലെ ആദ്യത്തെ ബാലസാഹിത്യകൃതിയായ 'ചെറുപൈതങ്ങൾക്ക് ഉപകാരാർഥം ഇംഗ്ലീഷിൽനിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ' രചിച്ചത്:
(എ) ഹെർമൻ ഗുണ്ടർട്ട് (ബി) കാൽഡ്വെൽ
(സി) ബെഞ്ചമിൻ ബെയ്‌ലി (ഡി) വില്യം ലോഗൻ
249. 'പൊക്കമില്ലായ്മയാണെന്റെ പൊക്കം' എന്ന് രചിച്ചത്:
(എ) കുഞ്ഞുണ്ണി (ബി) എ. അയ്യപ്പൻ
(സി) ബാലചന്ദ്രൻ ചുള്ളിക്കാട് (ഡി) അക്കിത്തം
250. ഹരിപഞ്ചാനനൻ ആരുടെ കഥാപാത്രമാണ്?
(എ) ചന്തുമേനോൻ (ബി) കേരള വർമ

(സി) അപ്പൻ തമ്പുരാൻ (ഡി) സി.വി. രാമൻപിള്ള
251. നാടകത്തിലെ നാന്ദിക്ക് സമാനമായ, കഥകളിയിലെ രംഗച്ചടങ്ങ്:
(എ) തോടയം (ബി) കേളി
(സി) അരങ്ങുകേളി (ഡി) പുറപ്പാട്
252. 'അഖിലാണ്ഡമണ്ഡലമണിയിച്ചൊരുക്കി' എന്ന് രചിച്ചത്:
(എ) പന്തളം കേരള വർമ (ബി) ബോധേശ്വരൻ
(സി) പന്തളം കെ.പി.രാമൻ പിള്ള
(ഡി) വള്ളത്തോൾ
253. മലയാളത്തിലെ ആദ്യത്തെ സാഹിത്യ ചരിത്രമായ 'മലയാള ഭാഷാ ചരിത്രം' രചിച്ചത്:
(എ) പി. ഗോവിന്ദപ്പിള്ള
(ബി) ആർ.നാരായണപ്പണിക്കർ
(സി) ഉള്ളൂർ (ഡി) എ.ആർ.രാജരാജവർമ
254. കഥകളിയിൽ ഭീമൻ, ദുശ്ശാസനൻ തുടങ്ങിയ കഥാപാത്രങ്ങൾ ഉപയോഗിക്കുന്ന വേഷം:
(എ) പച്ച (ബി) മിനുക്ക്
(സി) കത്തി (ഡി) കരി
255. ആരുടെ തൂലികാനാമമാണ് ഓംചേരി?
(എ) നീലകണ്ഠൻ (ബി) അയ്യപ്പൻ പിള്ള
(സി) എൻ.നാരായണപിള്ള (ഡി) സേതുമാധവൻ
256. 'വാളല്ലെൻ സമരായുധം, ഝണഝണ ധ്വാനം മുഴക്കീടുവാനാള,
ല്ലെൻ കരവാളുവിറ്റൊരു മണിപ്പൊൻവീണവാങ്ങിച്ചു ഞാൻ' എന്ന് രചിച്ചത്:
(എ) ഒ.എൻ.വി. (ബി) കുമാരനാശാൻ
(സി) ചങ്ങമ്പുഴ (ഡി) വയലാർ
257. 'കൊന്തയിൽനിന്ന് കുരിശിലേക്ക്'രചിച്ചത്:
(എ) പെരുമ്പടവം ശ്രീധരൻ
(ബി) ജോസഫ് മുണ്ടശ്ശേരി
(സി) ഉണ്ണികൃഷ്ണൻ പുതൂർ (ഡി) സാറാ തോമസ്
258. ആട്ടക്കഥാ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്:
(എ) കുഞ്ചൻ നമ്പ്യാർ(ബി) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
(സി) കൊട്ടാരക്കരത്തമ്പുരാൻ (ഡി) രാമപുരത്ത് വാര്യർ
259. 'അൽഫോൻസച്ചൻ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) ആനന്ദ് (ബി) അപ്പു നെടുങ്ങാടി



(സി) ഒ.വി.വിജയൻ (ഡി) എം.മുകുന്ദൻ
260. 'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും' എന്ന് രചിച്ചത്:
(എ) വയലാർ (ബി) കുമാരനാശാൻ
(സി) ചങ്ങമ്പുഴ (ഡി) കടമ്മനിട്ട
261. 'ചന്ത്രക്കാരൻ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) ആനന്ദ് (ബി) അപ്പു നെടുങ്ങാടി
(സി) ഒ.വി.വിജയൻ (ഡി) സി.വി.രാമൻ പിള്ള
262. 'വെയിൽ തിന്നുന്ന പക്ഷി'രചിച്ചത്:
(എ) അയ്യപ്പപ്പണിക്കർ (ബി) എ.അയ്യപ്പൻ
(സി) ഡി.വിനയചന്ദ്രൻ (ഡി) ലളിതാ ലെനിൻ
263. 'അരി വാങ്ങാൻ ക്യൂവിൽനിൽക്കുന്നു ഗാന്ധി
അരികെ കൂറ്റൻ കാറിലേറി നീങ്ങുന്നു ഗോഡ്സെ' എന്ന് രചിച്ചത്:
(എ) എൻ.വി.കൃഷ്ണവാര്യർ (ബി) വയലാർ
(സി) ചങ്ങമ്പുഴ (ഡി) പാലാ നാരായണൻ നായർ
264. മലയാളത്തിലെ ആദ്യത്തെ വനിതാ നോവലിസ്റ്റ്:
(എ) സരസ്വതിയമ്മ
(ബി) ലളിതാംബിക അന്തർജനം
(സി) ജെ.പാറുക്കുട്ടിയമ്മ
(ഡി) മേരി ജോൺ തോട്ടത്തിൽ
265. 'മഞ്ഞ്' എന്ന നോവൽ ഏത് വിഭാഗത്തിൽപ്പെടുന്നു?
(എ) യാത്രാവിവരണം (ബി) കാവ്യാഖ്യായിക
(സി) കഥാകാവ്യം (ഡി) ബോധധാരാ നോവൽ
266. പി.വി.നാരായണൻ നായരുടെ തൂലികാനാമം:
(എ) പമ്മൻ (ബി) പവനൻ
(സി) അക്കിത്തം (ഡി) ഏകലവ്യൻ
267. കിളിപ്പാട്ട് പ്രസ്ഥാനത്തിൽ ഉൾപ്പെടുന്ന ആദ്യ മലയാള കൃതി:
(എ) രാമചരിതം (ബി) കൃഷ്ണഗാഥ
(സി) കല്യാണസൗഗന്ധികം
(ഡി) അധ്യാത്മരാമായണം
268. കഥകളിയുടെ സാഹിത്യരൂപം:
(എ) ചമ്പു (ബി) മണിപ്രവാളം
(സി) ആട്ടക്കഥ (ഡി) വഞ്ചിപ്പാട്ട്
269. 'അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാ
മടിമുതൽ മുടിയോളം നിന്നിലാകട്ടെ തായെ ' എന്ന വരികൾ ഏത് കൃതിയിലേതാണ്?
(എ) ഉമാകേരളം (ബി) ദുരവസ്ഥ
(സി) കേരളം വളരുന്നു (ഡി) അമ്പലമണി
270. ഗാഥാ പ്രസ്ഥാനത്തിൽ ഉൾപ്പെടുന്ന ആദ്യ മലയാള കൃതി:
(എ) രാമചരിതം (ബി) കൃഷ്ണഗാഥ
(സി) കല്യാണസൗഗന്ധികം
(ഡി) അധ്യാത്മരാമായണം
271. ആരുടെ തൂലികാനാമമാണ് മീശാൻ?
(എ) എ.പി. പത്രോസ് (ബി) മാത്യുഐപ്പ്
(സി) സേതുമാധവൻ (ഡി) കെ.എസ്.കൃഷ്ണപിള്ള
272. കഥകളിയിൽ ധീരോദാത്തരായ രാജാക്കൻമാരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന വേഷം:
(എ) പച്ച (ബി) മിനുക്ക്
(സി) കത്തി (ഡി) കരി
273. മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവലായി പരിഗണിക്കപ്പെടുന്ന 'ഇന്ദുലേഖ'യുടെ കർത്താവ്:
(എ) ചന്തുമേനോൻ (ബി) അപ്പു നെടുങ്ങാടി
(സി) സി.വി.രാമൻ പിള്ള (ഡി) തകഴി
274. അരങ്ങുകാണാത്ത നടൻ എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?
(എ) ചെറുകഥ (ബി) നാടകം
(സി) ആത്മകഥ (ഡി) നോവൽ
275. കഥകളിയിൽ തോടയം എന്ന രംഗചടങ്ങിൽ ഉപയോഗിക്കാത്ത വാദ്യോപകരണം:
(എ) ചെണ്ട (ബി) മദ്ദളം
(സി) ചേങ്ങില (ഡി) ഇലത്താളം
276. 'കുഞ്ഞേനാച്ചൻ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത് :
(എ) ഒ. ചന്തുമേനോൻ (ബി) കേശവദേവ്
(സി) എം.ടി.വാസുദേവൻനായർ
(ഡി) പാറപ്പുറത്ത്
277. 'നമുക്കുനാമേ പണിവതുനാകം
നരകവുമതുപോലെ' എന്നു രചിച്ചത്:
(എ) വയലാർ (ബി) ചങ്ങമ്പുഴ
(സി) ഉള്ളൂർ (ഡി) വള്ളത്തോൾ
278. മാപ്പിള ലഹള പശ്ചാത്തലമാക്കി ജാതി വ്യവസ്ഥയ്ക്കെതിരെ കുമാരനാശാൻ രചിച്ച കൃതിയാണ്:
(എ) ദുരവസ്ഥ (ബി) ലീല
(സി) കരുണ (ഡി) വീണപൂവ്
279. 'കേരള ടെന്നിസൺ' എന്നറിയപ്പെടുന്നത്:
(എ)ചീരാമൻ (ബി) മേൽപ്പത്തൂർ
(സി) പൂന്താനം (ഡി) വള്ളത്തോൾ
280. 'കനകംമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം' എന്നു രചിച്ചത്
(എ) കുഞ്ചൻ നമ്പ്യാർ (ബി) ചങ്ങമ്പുഴ
(സി) പൂന്താനം (ഡി) സുഗതകുമാരി
281. 'അഷ്ടപദി'രചിച്ചത്:
(എ) പെരുമ്പടവം ശ്രീധരൻ (ബി) എം.മുകുന്ദൻ
(സി) ഉണ്ണികൃഷ്ണൻ പുതൂർ (ഡി) കോവിലൻ
282. 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മ തൻ ഭാഷതാൻ' എന്നു രചിച്ചത്:
(എ) കുമാരനാശാൻ (ബി) ഉള്ളൂർ
(സി) വള്ളത്തോൾ (ഡി) വൈലോപ്പിള്ളി
283. 'ഭ്രാന്തൻ വേലായുധൻ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത് :
(എ) ഒ. ചന്തുമേനോൻ (ബി) പാറപ്പുറത്ത്
(സി) സി.വി.രാമൻപിള്ള
(ഡി) എം.ടി.വാസുദേവൻനായർ
284. വിക്ടർ യൂഗോയുടെ 'ലെ മിറാബ്‌ലെ' എന്ന നോവൽ പാവങ്ങൾ എന്ന പേരിൽ മലയാളത്തിലേക്ക് തർജമ ചെയ്തത്:
(എ) നാലപ്പാട്ട് നാരായണമേനോൻ(ബി) കമലാദാസ്
(സി) എം. മുകുന്ദൻ (ഡി) സി.എച്ച്.കുഞ്ഞപ്പ
285. 'എട്ടുകാലി മമ്മൂഞ്ഞ്' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത് :
(എ) സി.വി.രാമൻപിള്ള (ബി) പാറപ്പുറത്ത്
(സി) ബഷീർ (ഡി) ഒ. ചന്തുമേനോൻ
286. 'പയ്യൻ കഥകൾ'രചിച്ചത്:
(എ) കോവിലൻ (ബി) നന്തനാർ
(സി) വി.കെ.എൻ. (ഡി) എം. മുകുന്ദൻ
287. 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന പരാമർശമുള്ള കുമാരനാശാന്റെ കാവ്യം:
(എ) ലീല (ബി) കരുണ
(സി) ദുരവസ്ഥ (ഡി) നളിനി
288. 'വാഴക്കുല'രചിച്ചത്:
(എ) ചങ്ങമ്പുഴ (ബി) ഇടശ്ശേരി
(സി) വൈലോപ്പിള്ളി (ഡി) അക്കിത്തം
289. 'മുൻപേ പറക്കുന്ന പക്ഷികൾ'രചിച്ചത്:
(എ) ഒ.എൻ.വി. (ബി) എം.മുകുന്ദൻ
(സി) കോവിലൻ (ഡി) സി.രാധാകൃഷ്ണൻ
290. 'മാധവൻ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത് :
(എ) ഒ. ചന്തുമേനോൻ (ബി) പാറപ്പുറത്ത്
(സി) സി.വി.രാമൻപിള്ള (ഡി) പി.കേശവദേവ്
291. 'ഭഗവത്ഗീത'യ്ക്ക് ആദ്യമായി മലയാള പരിഭാഷ രചിച്ചത്:
(എ) വള്ളത്തോൾ (ബി) മാധവപ്പണിക്കർ
(സി) രാമപ്പണിക്കർ (ഡി) ശങ്കരപ്പണിക്കർ
292. 'ദൈവമേ കൈതൊഴാം കേൾക്കുമാറാകണം' എന്നു രചിച്ചത്:
(എ) ജി.ശങ്കരക്കുറുപ്പ് (ബി) പൂന്താനം
(സി) പന്തളം കേരളവർമ (ഡി) പന്തളം കെ.പി.
293. 'ജയ ജയ കോമള കേരള ധരണി
ജയ ജയ മാമക പൂജിത ജനനി' എന്നു രചിച്ചത്:
(എ) അംശി നാരായണപിള്ള (ബി) വള്ളത്തോൾ
(സി) ബോധേശ്വരൻ (ഡി) ഉള്ളൂർ
294. 'ഹാ പുഷ്പമേ! അധിക തുംഗ പദത്തിലെത്ര....' എന്നു രചിച്ചത്:
(എ) ഉള്ളൂർ (ബി) വൈലോപ്പിള്ളി
(സി) ചങ്ങമ്പുഴ (ഡി) കുമാരനാശാൻ
295. മലയാളത്തിലെ ഏറ്റവും വലിയ നോവൽ:
(എ) കയർ (ബി) അവകാശികൾ
(സി) ഒരു തെരുവിന്റെ കഥ (ഡി) ഒരു ദേശത്തിന്റെ കഥ
296. 'കേരള സൂർദാസ്' എന്നറിയപ്പെടുന്നത്:
(എ) ചെറുശ്ശേരി (ബി) മേൽപ്പത്തൂർ
(സി) പൂന്താനം (ഡി) എഴുത്തച്ഛൻ
297. 'വരിക വരിക സഹജരേ സഹന സമരസമരമായ്' എന്നു രചിച്ചത്:
(എ) ബോധേശ്വരൻ (ബി) വള്ളത്തോൾ
(സി) അംശി നാരായണപിള്ള (ഡി) പന്തളം കെ.പി.
298. 'തട്ടകം'രചിച്ചത്:
(എ) നന്തനാർ (ബി) എം.മുകുന്ദൻ
(സി) ഉറൂബ് (ഡി) കോവിലൻ
299. 'അവനവനാത്മ സുഖത്തിനാചരിപ്പത
പരന്നു സുഖത്തിനായി വരേണം'രചിച്ചത്:
(എ) ചട്ടമ്പി സ്വാമികൾ (ബി) നാരായണ ഗുരു
(സി) കുമാരനാശാൻ (ഡി) പൂന്താനം
300. 'ശ്രീധരൻ' ഏതു നോവലിലെ കഥാപാത്രമാണ്?
(എ) ഒരു തെരുവിന്റെ കഥ
(ബി) ഒരു ദേശത്തിന്റെ കഥ
(സി) അനുഭവങ്ങൾ പാളിച്ചകൾ
(ഡി) ഖസാക്കിന്റെ ഇതിഹാസം

## ഉത്തരങ്ങൾ

201(c) 202(b) 203(d) 204(b) 205(a) 206(a) 207(a) 208(b) 209(a) 210(c) 211(b) 212(a) 213(b) 214(c) 215(c) 216(b) 217(a) 218(a) 219(b) 220(c) 221(c) 222(a) 223(b) 224(c) 225(c) 226(a) 227(d) 228(c) 229(c) 230(c) 231(d) 232(c) 233(d) 234(d) 235(d) 236(c) 237(d) 238(a) 239(d) 240(a) 241(b) 242(a) 243(a) 244(a) 245(c) 246(c) 247(d) 248(c) 249(a) 250(d) 251(a) 252(c) 253(a) 254(c) 255(c) 256(d) 257(b) 258(c) 259(d) 260(a) 261(d) 262(b) 263(a) 264(c) 265(d) 266(b) 267(d) 268(c) 269(a) 270(b) 271(d) 272(a) 273(a) 274(c) 275(a) 276(d) 277(c) 278(a) 279(d) 280(a) 281(a) 282(c) 283(d) 284(a) 285(c) 286(c) 287(d) 288(a) 289(d) 290(a) 291(b) 292(c) 293(c) 294(d) 295(b) 296(c) 297(c) 298(d) 299(b) 300(b)

# മധ്യകാല ഇന്ത്യ

# വിജയനഗര സാമ്രാജ്യവും ബാഹ്മനി സുൽത്താനേറ്റും




**മധ്യകാല ഇന്ത്യാ ചരിത്രത്തിലെ ചില സുപ്രധാന അധ്യായങ്ങളാണ് ഈ ലക്കത്തിൽ പരിചയപ്പെടുന്നത്. ദക്ഷിണേന്ത്യയുടെ ചരിത്രത്തിലെ മഹാമേരുവായിരുന്ന കൃഷ്ണദേവരായർ, മറാഠ ചരിത്രത്തെിലെ ഏറ്റവും ശക്തനായിരുന്ന ശിവജി എന്നിവരെക്കുറിച്ചും ബാഹ്മനി, ഡെക്കാൺ സുൽത്താനേറ്റുകളെക്കുറിച്ചും മറാഠ ചരിത്രത്തിൽ സംഭവബഹുലമായ ഒരു അധ്യായം എഴുതിച്ചേർത്ത പേഷ്വമാരെക്കുറിച്ചും വിശദമായി ഇവിടെ പഠിക്കാം.**

**ആർ സി സുരേഷ്കുമാർ** rcsk1234@gmail.com

## വിജയനഗര സാമ്രാജ്യം

* തെക്കേ ഇന്ത്യയിലെ ഡെക്കാൺ പ്രദേശത്ത് പതിനാലു മുതൽ പതിനാറ് ശതകങ്ങളിൽ നിലനിന്നിരുന്ന സാമ്രാജ്യമായിരുന്നു വിജയ നഗര സാമ്രാജ്യം.
* വിജയനഗരം എന്നത് തലസ്ഥാനത്തിന്റെയും സാമ്രാജ്യത്തിന്റെയും ഭാഗമായിരുന്നു.
* ഇന്നത്തെ കർണാടകത്തിലെ ഹംപിയിലാണ് വിജയനഗരത്തിന്റെ അവശിഷ്ടങ്ങൾ കാണാൻ സാധിക്കുന്നത്. യുനെസ്കോയുടെ ലോക പൈതൃകങ്ങളിൽ ഒന്നാണിത്.



* വിജയനഗരത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വിദേശ സഞ്ചാരികളാണ് ഡൊമിങ്ഗോ പയസ്, ഫെർണോ ന്യൂനസ്, അബ്ദുർ റസാഖ്, ഇബ്ൻ ബത്തൂത്ത എന്നിവർ.
* 1336–ൽ ഹരിഹരൻ ഒന്നാമൻ, ബുക്കൻ ഒന്നാമൻ എന്നിവരാണ് വിജയ നഗരം സ്ഥാപിച്ചത്. സംഗമ, സലുവ, തുളുവ, അരവിഡു എന്നിവയാണ് വിജയനഗരത്തിലെ രാജവംശങ്ങൾ.

### വിദേശ സഞ്ചാരികളും വിജയനഗരത്തിലെ രാജാക്കൻമാരും

| | |
|---|---|
| നിക്കോളോ കോണ്ടി | ദേവരായ ഒന്നാമൻ |
| അബ്ദുർ റസാഖ് | ദേവരായ രണ്ടാമൻ |
| അതനേഷ്യസ് നിക്തിൻ | വിരൂപാക്ഷ രണ്ടാമൻ |
| ലുഡ്‌വിക്കോ വർത്തേമ | കൃഷ്ണദേവരായർ |
| ദുവാർത്തെ ബർബോസ | കൃഷ്ണദേവരായർ |
| ഡൊമിങ്ഗോ പയസ് | കൃഷ്ണദേവരായർ |
| ഫെർണോ ന്യൂനസ് | അച്യുതരായർ |
| സിസറോ ഫ്രെഡിറിക്കോ | സദാശിവ |
| പെഡ്രെ ഡെല്ല വെല്ലി | രാമദേവരായ രണ്ടാമൻ |

## സംഗമവംശം

* ഹരിഹരന്റെയും ബുക്കന്റെയും ഗുരുവായിരുന്നു വിദ്യാരണ്യ. ഇദ്ദേഹത്തിന്റെ ശിക്ഷണവും സഹായവുമാണ് വിജയനഗര സാമ്രാജ്യം സ്ഥാപിക്കുന്നതിന് സഹായകമായത്. സംഗമയുടെ പുത്രന്മാരായതിനാൽ ഇവർ സ്ഥാപിച്ച വംശം സംഗമ വംശം എന്നറിയപ്പെട്ടു.
* മുഹമ്മദ് ബിൻ തുഗ്ലക് ഡൽഹി സുൽത്താനായിരിക്കെയാണ് വിജയനഗരം സ്ഥാപിക്കപ്പെട്ടത്. ഏറെ താമസിയാതെ ബാഹ്മനി സുൽത്തേനേറ്റും സ്ഥാപിക്കപ്പെട്ടു.
* ബാഹ്മനി സുൽത്താൻ അലാവുദ്ദീന്റെ ആക്രമണങ്ങളെ ഹരിഹരനും ബുക്കനും ചെറുത്തുനിന്നു. ബുക്കന്റെയും പിന്നീട് സിംഹാസനത്തിലിരുന്ന പുത്രൻ ഹരിഹരൻ രണ്ടാമന്റെയും വാഴ്ചക്കാലത്ത് വിജയനഗരം അതി വിസ്തൃതമായി.
* 1406 മുതൽ 1422 വരെ ഭരിച്ച ബുക്കൻ രണ്ടാമന്റെ ഭരണകാലത്താണ് സഹോദരൻ ദേവരായ ഒന്നാമൻ തുംഗഭദ്രാനദിയിൽ അണക്കെട്ട് പണിത് നഗരത്തിലേക്ക് ജലം കൊണ്ടുവന്നത്.
* ഒരു സമാധാന ഉടമ്പടി പ്രകാരം ദേവരായ ഒന്നാമന്റെ പുത്രിയെ ഫിറോസ് ഷായ്ക്ക് വിവാഹം ചെയ്തുകൊടുക്കുകയുണ്ടായി.
* 1426–ൽ ദേവരായ രണ്ടാമൻ കിരീടമണിഞ്ഞു. തെക്ക് ശ്രീലങ്ക മുതൽ വടക്ക് ഗുൽബർഗ വരെയും കിഴക്ക് ഒഡിഷ മുതൽ പടിഞ്ഞാറ് മലബാർവരെയും അദ്ദേഹത്തിന്റെ സാമ്രാജ്യം വ്യാപിച്ചിരുന്നതായി പറയപ്പെടുന്നു.
* സംഗമ വംശത്തിന്റെ അവസാന വർഷങ്ങളിലാണ് ബാഹ്മനി സുൽത്തേനേറ്റ് വിഘടിച്ച് ഡൽഹി സുൽത്താനേറ്റുകൾ രൂപംകൊണ്ടത്.
* അവസാനത്തെ സംഗമ രാജാവായ വിരൂപാക്ഷൻ ദുർബലനായിരുന്നു. അദ്ദേഹത്തെ അധികാരത്തിൽനിന്ന് നീക്കി 1486–ൽ സലുവ നരസിംഹ സിംഹാസനമേറി.

## സലുവ വംശം

* അധികാരം തട്ടിയെടുത്തതിനാൽ സലുവ നരസിംഹയ്ക്ക് ഏറെ എതിർപ്പുകൾ നേരിടേണ്ടിവന്നു. പക്ഷേ, സമർഥനായ ഭരണാധികാരിയായതിനാൽ അദ്ദേഹം അതിനെയൊക്കെ അതിജീവിച്ചു. 1491–ൽ രണ്ടു പുത്രൻമാരുടെ ചുമതല നരസ നായകയെ ഏൽപിച്ച് നരസിംഹ നിര്യാതനായി. ഇളയപുത്രൻ സലുവ ഇമ്മഡി നരസിംഹ രാജപദവിയേറ്റു. പക്ഷേ, യഥാർഥത്തിൽ അധികാരം കൈയാളിയത് നരസ നായക ആയിരുന്നു.
* നരസ നായക കൃഷ്ണ–തുംഗഭദ്ര നദികൾക്കിടയിലുള്ള റെയ്ചൂർ തുരുത്ത് വീണ്ടെടുത്തു. സലുവ നരസിംഹ തുടങ്ങിവച്ചിരുന്ന പല കാര്യങ്ങളും നരസ നായക പൂർത്തിയാക്കി. 1503–ൽ നരസ നായക അന്തരിച്ചു. മൂത്ത പുത്രൻ വീര നരസിംഹ മന്ത്രിസ്ഥാനമേറ്റു.
* 1505–ൽ സലുവ ഇമ്മഡി നരസിംഹ നായക കൊല്ലപ്പെട്ടു. വീര നരസിംഹ സ്വയം രാജാവായി പ്രഖ്യാപിച്ചു. അതൊടെ തുളുവ വാഴ്ചയ്ക്ക് തുടക്കമായി.

## തുളുവ വംശം

* നരസ നായകയ്ക്ക് നാല് പുത്രൻമാർ ഉണ്ടായിരുന്നു. മൂത്തപുത്രൻ വീര നരസിംഹ നാലുവർഷം ഭരിച്ചു. ഇക്കാലത്ത് പോർച്ചുഗീസുകാരുമായി സഖ്യം ചെയ്തു. 1509–ൽ വീര നരസിംഹ മരണമടഞ്ഞപ്പോൾ സഹോദരൻ കൃഷ്ണദേവരായർ കിരീടമണിഞ്ഞു. തുളുവ വംശത്തിലെ മാത്രമല്ല, വിജയ നഗരത്തിലെതന്നെ ഏറ്റവും പ്രഗല്ഭനായ ഭരണാധികാരിയായി വിലയിരുത്തപ്പെടുന്നത് കൃഷ്ണദേവരായരാണ്.
* ബാഹ്മനി ആക്രമണങ്ങളെ പ്രതിരോധിക്കാൻ പോർച്ചുഗീസുകാർ കൃഷ്ണദേവരായരെ സഹായിച്ചു.
* ബിദാർ, പെനുഗോണ്ട, ശിവസമുദ്രം, ഉദയഗിരി എന്നിവയെ കൃഷ്ണദേവരായർ ആക്രമിച്ച് കീഴടക്കി.
* ദക്ഷിണേന്ത്യ മുഴുവൻ ഒരു കുടക്കീഴിൽ കൊണ്ടുവന്നത് കൃഷ്ണദേവരായരാണ്.



കൃഷ്ണദേവരായർ

* അഷ്ടദിഗ്ഗജങ്ങൾ എന്നു പേരായ പണ്ഡിതൻമാർ കൃഷ്ണദേവരായരുടെ സദസ്സിനെ അലങ്കരിച്ചിരുന്നു.
* അഷ്ടദിഗ്ഗജങ്ങളിൽ ഏറ്റവും പ്രമുഖൻ അല്ലസാനി പെദണ്ണ ആയിരുന്നു. മനുചരിതം ഇദ്ദേഹത്തിന്റെ രചനയാണ്.
* കൃഷ്ണദേവരായർ അല്ലസാനി പെദ്ദണ്ണയ്ക്ക് ആന്ധ്ര കവിതാ പിതാമഹൻ എന്ന ബഹുമതി നൽകി.
* അഷ്ടദിഗ്ഗജങ്ങളിൽ ഒരാളായിരുന്ന തെന്നാലി രാമനാണ് പാണ്ഡുരംഗമാഹാത്മ്യം രചിച്ചത്.
* കൃഷ്ണദേവരായർ രചിച്ച ആമുക്തമാല്യദ എന്ന കാവ്യം രാജധർമത്തെയും ഭരണതന്ത്രത്തെയും കുറിച്ച് പ്രതിപാദിക്കുന്നു.
* തെലുങ്ക് സാഹിത്യത്തിന്റെ സുവർണകാലം എന്നറിയപ്പെടുന്നത് കൃഷ്ണദേവരായരുടെ കാലഘട്ടമാണ്.
* വിജയനഗരം റോമിനെക്കാൾ മഹത്തരമാണെന്നും കൃഷ്ണദേവരായർ കുറ്റമറ്റ ഭരണാധികാരിയാണെന്നും രേഖപ്പെടുത്തിയ പോർച്ചുഗീസ് സഞ്ചാരിയാണ് ഡൊമിങ്ങോ പയസ്.
* കൃഷ്ണദേവരായരുടെ സമകാലികനായിരുന്ന മുഗൾ ചക്രവർത്തി ബാബറാണ്.
* 1529-ൽ കൃഷ്ണദേവരായർ മരണമടഞ്ഞപ്പോൾ സഹോദരൻ അച്യുതരായർ ഭരണാധികാരിയായി.
* കുടുംബ വഴക്കുകൾ കാരണം തുളുവ വംശത്തിന് തളർച്ച സംഭവിച്ചു. കൃഷ്ണദേവരായരുടെ മകളുടെ ഭർത്താവ് ആയിരുന്ന രാമരായർ അച്യുതരായർക്കെതിരെ പല ഗൂഢാലോചനകളും നടത്തി. ഇത് ഡെക്കാൺ സുൽത്താനേറ്റുകൾക്ക് വിജയ നഗരത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ അവസരം നൽകി. ബീജാപ്പൂർ സൈനികരുടെ സഹായത്തോടെ രാമരായ, അച്യുതരായരെ തടവിലാക്കി, സദാശിവയുടെ പേരിൽ ഭരണം നടത്താൻ ശ്രമിച്ചു. തർക്കം പരിഹരിക്കാനെത്തിയത് ബീജാപ്പൂർ സുൽത്താനാണ്. അച്യുതരായർക്ക് രാജപദവിയും സദാശിവയ്ക്ക് സ്വന്തം പ്രവിശ്യകളിൽ സ്വയം ഭരണവും എന്ന് തീരുമാനിക്കപ്പെട്ടു. 1542-ൽ അച്യുതരായർ മരിക്കുംവരെ ഈ അവസ്ഥ തുടർന്നു.
* അച്യുത രായരുടെ മരണശേഷം പ്രായപൂർത്തിയാകാത്ത പുത്രൻ ചിന്ന വെങ്കിട (വെങ്കിട ഒന്നാമൻ) രാജാവായി. അമ്മാവനായ സലകം തിമ്മ റീജന്റുമായി.
* ബീജപ്പൂർ സുൽത്താന്റെ ആക്രമണത്തിൽ വെങ്കിട ഒന്നാമനും മറ്റു രാജകുടുംബാംഗങ്ങളും കൊല്ലപ്പെട്ടു. സലകം തിമ്മയെ രാജാവായി അംഗീകരിച്ച ജനങ്ങൾ ബീജാപ്പൂർ സുൽത്താനെ തുരത്തിയോടിച്ചു. ദുർഭരണം നടത്തിയ സലകം തിമ്മയെ വധിച്ച് രാമരായർ സദാശിവയെ രാജാവായി വാഴിച്ചു. എന്നാൽ, യഥാർഥ അധികാരം രാമരായരുടെ കൈകളിലായിരുന്നു.
* സദാശിവയുടെ പേരിൽ ഭരണം നടത്തിയിരുന്ന രാമരായർ സ്വേച്ഛാധിപതിയും കുടില ബുദ്ധിയുമായിരുന്നു. സ്വാർഥ താൽപര്യങ്ങൾ മുൻനിർത്തി ഡെക്കാൺ സുൽത്താനേറ്റുകളെ പരസ്പരം തമ്മിലടിപ്പിക്കാൻ രാമരായർ ശ്രമിച്ചു. ഒരളവോളം അതിൽ വിജയിച്ചെങ്കിലും ഒടുവിൽ ഡെക്കാൺ സുൽത്താനേറ്റുകൾ പരസ്പരമുള്ള ഭിന്നതകൾ ഒതുക്കി, ഏകോപിച്ച് വിജയനഗരത്തിനെതിരെ ആക്രമണം നടത്തി. തളിക്കോട്ട യുദ്ധത്തിൽ വിജയനഗര സൈന്യം പരാജയപ്പെടുകയും രാമരായർ വധിക്കപ്പെടുകയും ചെയ്തു (1565). കൃഷ്ണാനദിയുടെ തെക്കേക്കരയിൽ രാക്ഷസ-തങ്കടി ഗ്രാമങ്ങൾക്കിടയിലുള്ള സ്ഥലത്തുവച്ചാണ് യുദ്ധം നടന്നത്. തലസ്ഥാനനഗരം കൊള്ളയടിച്ച ശത്രുസൈന്യം അതിമനോഹരമായ ആ നഗരത്തെ പാടേ തകർത്തു.

### വിജയനഗരവംശങ്ങളും സ്ഥാപകരും

| | |
|---|---|
| സംഗമ | ബുക്കൻ, ഹരിഹരൻ |
| സലുവ | നരസിംഹ സലുവ |
| തുളുവ | വീരനരസിംഹൻ |
| അരവിഡു | തിരുമല |



ഗുൽബർഗ ഫോർട്ട്

## അരവിഡു വംശം

* തളിക്കോട്ടയിലെ പരാജയത്തെക്കുറിച്ചറിഞ്ഞ രാമരായരുടെ സഹോദരൻ അരവിഡു തിരുമല, നാമമാത്ര രാജാവ് സദാശിവയെയും മറ്റു രാജകുടുംബാംഗങ്ങളെയും കൂട്ടി എടുക്കാവുന്നത്ര ധനവുമായി പെനുഗുണ്ടയിലേക്ക് ഓടി രക്ഷപ്പെട്ടു. പിന്നീട് ആറു വർഷത്തോളം രാജ്യത്ത് അരാജകത്വം നടമാടി. മധുര, തഞ്ചാവൂർ, ജിഞ്ചി എന്നിവിടങ്ങളിലെ നായകർ സ്വതന്ത്രഭരണം നടത്താൻ തുടങ്ങി.
* രാമരായരുടെ പുത്രൻ ആദിൽഷായുടെ സഹായത്തോടെ ഇളയച്ഛനെതിരെ വിഫലമായ നീക്കങ്ങൾ നടത്തി. 1570-ൽ തിരുമല സ്വയം രാജാവായി പ്രഖ്യാപിച്ചതോടെ അരവിഡു വംശജരുടെ ഭരണം ആരംഭിച്ചു. സദാശിവയ്ക്ക് എന്തുപറ്റിയെന്ന് വ്യക്തമല്ല.
* തിരുമലയുടെ നിര്യാണശേഷം മൂത്തപുത്രൻ ശ്രീരംഗയും അതിനുശേഷം ഇളയപുത്രൻ വെങ്കട ഒന്നാമനും ഭരണം നടത്തി. അരവിഡു വംശത്തിലെ എട്ടുപേർ രാജസിംഹാസനത്തിലിരുന്നു. ഇരുപത്തിയെട്ടുവർഷം ഭരിച്ച ആറാമത്തെ രാജാവ് വെങ്കട രണ്ടാമൻ കാര്യശേഷിയുള്ള ഭരണാധികാരിയാണ് എന്ന് പറയപ്പെടുന്നു. പിന്നീട് വന്ന ശ്രീരംഗ ദുർബലനായിരുന്നു. 1674-ൽ ഇദ്ദേഹം മരിച്ചതോടെ വിജയനഗര സാമ്രാജ്യം പൂർണമായും അസ്തമിച്ചു.

## ബാഹ്മനി സുൽത്തേനേറ്റ്

* ഡെക്കാൺ പ്രദേശം ഭരിച്ച ഒരു മുസ്ലിം സാമ്രാജ്യമായിരുന്നു ബാഹ്മനി സുൽത്താനേറ്റ്.
* 1347-ൽ ആണ് ബാഹ്മനി സുൽത്തേനേറ്റ് സ്ഥാപിതമായത്. 1425വരെ ഗുൽബർഗയും അതിനുശേഷം ബിദാറുമായിരുന്നു തലസ്ഥാനം.
* ഡൽഹി സുൽത്താനേറ്റിൽ മുഹമ്മദ് ബിൻ തുഗ്ലക് ഭരണം നടത്തവെയാണ് ബാഹ്മനി സുൽത്തേനേറ്റ് സ്ഥാപിതമായത്.
* അലാവുദ്ദീൻ ബാഹ്മൻ ഷാ ആണ് ബാഹ്മനി സുൽത്തേനേറ്റിന്റെ സ്ഥാപകൻ.
* 1358-ൽ അലാവുദ്ദീൻ ബാഹ്മൻ ഷാ അന്തരിച്ചപ്പോൾ മൂത്തപുത്രൻ മുഹമ്മദ് ഷാ പിൻഗാമിയായി. ഗുൽബർഗയിലെ വലിയ പള്ളി പണികഴിപ്പിച്ചത് മുഹമ്മദ് ഷാ ആണ്.
* 1377-നും 1397-നും മധ്യേ ആറു സുൽത്താൻമാർ ബാഹ്മനി സാമ്രാജ്യം ഭരിച്ചു. ഖാൻദേശ്, ഗുജറാത്ത്, മാൾവ എന്നീ സ്വതന്ത്ര രാജ്യങ്ങൾ രൂപംകൊണ്ടത് ഈ കാലഘട്ടത്തിലാണ്.
* ബാഹ്മനി സാമ്രാജ്യത്തിലെ പ്രശസ്ത സുൽത്താനായിരുന്ന ഫിറൂസ് ഷാ, മുഹമ്മദ് ഷാ ഒന്നാമന്റെ സഹോദരനായിരുന്നു. ഭീമാ നദിക്കരയിൽ ഫിറൂസാബാദ് നഗരം പണികഴിപ്പിച്ച ഇദ്ദേഹം ഭരണസംവിധാനം ക്രമപ്പെടുത്തി.
* 1422 മുതൽ 1435വരെ അഹമ്മദ് ഷാ ഭരണം നടത്തി. വിജയനഗര സാമ്രാജ്യവുമായുള്ള യുദ്ധങ്ങൾ കൊടുമ്പിരി കൊണ്ടത് ഇക്കാലത്താണ്.
* 1436 മുതൽ 1458 വരെ അലാവുദ്ദീൻ അഹമ്മദ് ഷാ രണ്ടാമൻ ഭരണം നടത്തി.
* 1463 മുതൽ 1482 വരെ ഭരണം നടത്തിയ മുഹമ്മദ് മൂന്നാമന്റെ പ്രഗല്ഭനായ വസീറായിരുന്നു മുഹമ്മദ് ഗവാൻ. ഗവാനോട് പക തോന്നിയ തെലങ്കാനയിലെ തരഫ്ദാർ മാലിക് ഹസ്സൻ ഗൂഢാലോചന നടത്തി. മദ്യപാനിയായിരുന്ന സുൽത്താനെ ഗവാനെതിരെ പലതും ധരിപ്പിച്ചതിന്റെ ഫലമായി സുൽത്താൻ ഗവാന് വധശിക്ഷ വിധിച്ചു. പിന്നീട് സത്യം വെളിപ്പെട്ടപ്പോൾ പശ്ചാത്താപഗ്രസ്ഥനായ സുൽത്താൻ ഒരു വർഷത്തിനകം മരണമടയുകയും ചെയ്തു.
* 1482 മുതൽ 1518 വരെ ഭരണം നടത്തിയ മഹ്മൂദ് ഷാ സുൽത്താൻപദം ഏറ്റെടുത്തത് പന്ത്രണ്ടാം വയസ്സിലാണ്. മുപ്പത്തിയാറ് വർഷം ഭരിച്ചെങ്കിലും യഥാർഥത്തിൽ അധികാരം കൈകാര്യം ചെയ്യുന്നതിനുള്ള കാര്യപ്രാപ്തി ഇദ്ദേഹത്തിനുണ്ടായിരുന്നില്ല.
* മഹ്മൂദിന്റെ പിൻഗാമികൾ കാര്യപ്രാപ്തിയുള്ളവരായിരുന്നില്ല. വിജയനഗര സാമ്രാജ്യവുമായിട്ടുള്ള നിലയ്ക്കാത്ത യുദ്ധങ്ങളും ബാഹ്മനിയെ തളർത്തി. തുടർന്ന് ബാഹ്മനി സാമ്രാജ്യം ശിഥിലീകരിക്കപ്പെട്ടു. അതിന്റെ ഫലമായി രൂപംകൊണ്ട അഹമ്മദ്നഗർ, ബേരാർ, ബിദാർ, ബീജാപ്പൂർ, ഗോൽക്കൊണ്ട എന്നീ അഞ്ചുരാജ്യങ്ങൾ ഒരുമിച്ച് ഡെക്കാൺ സുൽത്താനേറ്റുകൾ എന്നറിയപ്പെട്ടു. ഇവ പലപ്പോഴും സംഘം ചേർന്നും അല്ലാതെയും പരസ്പരവും വിജയനഗരവുമായി യുദ്ധങ്ങൾ നടത്തി.

## ഡെക്കാൺ സുൽത്താനേറ്റുകൾ

* കൃഷ്ണാനദിക്കും വിന്ധ്യാപർവതത്തിനും ഇടയിലുള്ള ഡെക്കാൺ പ്രദേശത്ത് ഭരണം നടത്തിയിരുന്ന അഞ്ചു മുസ്ലിം രാജവംശങ്ങളാണ് ഡെക്കാൺ സുൽത്താനേറ്റുകൾ എന്നറിയപ്പെടുന്നത്. ബാഹ്മനി സുൽത്താനേറ്റിന്റെ ശിഥിലീകരണഫലമായിട്ടാണ് ഇവ രൂപംകൊണ്ടത്.
* 1490-ൽ ആണ് അഹമ്മദ് നഗർ, ബീജാപ്പൂർ , ബേരാർ എന്നിവ സ്വാതന്ത്ര്യം പ്രഖ്യാപിച്ചത്. ഗോൽക്കോണ്ട 1518-ലും ബിദാർ 1528-ലും സ്വതന്ത്രമായി. തമ്മിൽ ശത്രുത പുലർത്തിയെങ്കിലും 1565-ലെ തളിക്കോട്ട യുദ്ധത്തിൽ ഇവ വിജയനഗരത്തിനെതിരെ സംഘടിച്ച് യുദ്ധം ചെയ്തു.

### ബേരാർ (1490-1596)

* ഫത്തേയുള്ള ആണ് ബേരാറിന്റെ സ്ഥാപകൻ. ഇമാദ് ഉൽ-മുൽക്ക് എന്ന സ്ഥാനപ്പേരാണ് ഫത്തേയുള്ള സ്വീകരിച്ചത്. ഈ രാജവംശത്തിന് ഇമാദ് ഷാഹി എന്ന പേരു ലഭിച്ചു. നാലു തലമുറകളോളം നിലനി

ന്നശേഷം ബേരാർ 1596–ൽ അഹമ്മദ് നഗർ സുൽത്താനേറ്റിന്റെ ഭാഗമായി.

## അഹമ്മദ് നഗർ (1490–1636)

* ജുനാറിലെ ഗവർണറായിരുന്ന മാലിക് അഹമ്മദ് നിസാം ഷാ ആണ് അഹമ്മദ് നഗറിൽ നിസാം ഷാഹി വംശം സ്ഥാപിച്ചത് (1490). ഡെക്കാണിന്റെ വടക്കുപടിഞ്ഞാറ് ഭാഗത്ത് ഗുജറാത്തിനും ബീജാപ്പൂരിനും ഇടയിലായിരുന്നു ഈ വംശത്തിന്റെ അധികാര പ്രദേശം.
* 1494–ൽ ആണ് തലസ്ഥാനമായ അഹമ്മദ് നഗറിന്റെ ശിലാസ്ഥാപനം നടന്നത്.
* 1574 –ൽ ബേരാർ, അഹമ്മദ് നഗറിന്റെ ഭാഗമായി.
* അഹമ്മദ് നഗറിൽ റീജന്റായി ഭരണം നടത്തുകയും മുരാദിന്റെ നേതൃത്വത്തിലുള്ള മുഗൾ സേനയെ പരാജയപ്പെടുത്തുകയും ചെയ്ത വനിതയാണ് ചാന്ദ് ബീബി. ചാന്ദ് ബീബി അന്തരിച്ചതിനുശേഷം 1600–ൽ മുഗളർ അഹമ്മദ് നഗർ കീഴടക്കി. എന്നാൽ, മാലിക് ആംബറിന്റെ നേതൃത്വത്തിൽ മുഗൾ സേനയെ പ്രതിരോധിക്കുകയും പുതിയ തലസ്ഥാനം സ്ഥാപിക്കുകയും ചെയ്തു. മാലിക് ആംബർ അഹമ്മദ് നഗറിന്റെ പ്രധാനമന്ത്രിയായി.
* 1636–ൽ ഡെക്കാണിൽ മുഗൾ വൈസ്രോയിയായിരുന്ന ഔറംഗസീബ് അഹമ്മദ് നഗറിനെ മുഗൾ സാമ്രാജ്യത്തോട് ചേർത്തു.

## ബീജാപ്പൂർ (1490–1686)

* യൂസഫ് ആദിൽ ഖാൻ ആണ് ബീജപ്പൂർ സുൽത്താനേറ്റ് സ്ഥാപിച്ചത്. രാജവംശത്തിന്റെ പേര് ആദിൽഷാഹി.
* യൂസഫ് ആദിൽ ഖാൻ മുൻ ബാഹമനി പ്രധാനമന്ത്രി മഹ്മൂദ് ഗവാന്റെ അടിമയായിരുന്നെന്നും സ്വന്തം കഴിവും ഗവാന്റെ പിന്തുണയുംകൊണ്ട് പദോന്നതി നേടി ബീജാപ്പൂരിന്റെ ഗവർണറായതാണെന്നും പറയപ്പെടുന്നു.
* ബീജാപ്പൂർ ആയിരുന്നു ആദിൽ ഷാഹി വംശത്തിന്റെ തലസ്ഥാനം.
* ബീജാപ്പൂർ സുൽത്താനിൽ നിന്നാണ് പോർച്ചുഗീസുകാർ 1510–ൽ ഗോവ പിടിച്ചടക്കിയത്.
* തളിക്കോട്ട യുദ്ധത്തിൽ വിജയനഗരത്തെ പരാജയപ്പെടുത്തിയതിനുശേഷം റെയ്ച്ചൂർ തുരുത്ത് നിയന്ത്രിച്ചത് ബീജാപ്പൂരായിരുന്നു.
* ബീജാപ്പൂരിലെ നാലാമത്തെ സുൽത്താൻ അലി ആദിൽ ഷാ വിവാഹം കഴിച്ചത് അഹമ്മദ് നഗർ സുൽത്താൻ ഹുസൈൻ നിസാം ഷായുടെ പുത്രി ചാന്ദ് ബീബിയെ ആണ്.
* പതിനേഴാം നൂറ്റാണ്ടിൽ ശിവജിയുടെ നേതൃത്വത്തിൽ മറാത്തർ ബീജാപ്പൂരിന്റെ പലഭാഗങ്ങളും കീഴടക്കി മറാഠാ സാമ്രാജ്യത്തോട് ചേർത്തു.
* 1686–ൽ ഔറംഗസീബ് ബീജാപ്പൂരിനെ മുഗൾ സാമ്രാജ്യത്തിന്റെ ഭാഗമാക്കി.
* സിക്കന്ദർ ആദിൽ ഷാ ആണ് അവസാനത്തെ ബീജാപ്പൂർ സുൽത്താൻ (1672–1686)
* കല, സാഹിത്യം, വാസ്തുശിൽപം, സംഗീതം തുടങ്ങിയവയ്ക്ക് മഹത്തായ സംഭാവനകൾ അർപ്പിക്കാൻ ബീജാപ്പൂർ ഭരണാധികാരികൾക്ക് കഴിഞ്ഞു.
* ബീജാപ്പൂർ സുൽത്താനായിരുന്ന മുഹമ്മദ് ആദിൽ ഷായുടെ ശവകുടീരമാണ് ഗോൾ ഗുംബാസ് എന്ന ഗംഭീര നിർമിതി. ഇന്ത്യയിലെ ഏറ്റവും വലിയ കുംഭഗോപുരം ഗോൾ ഗുംബാസിന്റെതാണ്.



## ഡെക്കാൺ സുൽത്തേനേറ്റും കാലഘട്ടവും

| | |
|---|---|
| ബേരാർ | 1490–1596 |
| അഹമ്മദ് നഗർ | 1490–1636 |
| ബീജാപ്പൂർ | 1490–1686 |
| ഗോൽക്കൊണ്ട | 1518–1686 |
| ബിദാർ | 1528–1619 |

## ഗോൽക്കൊണ്ട (1518–1686)

* ഗോദാവരി–കൃഷ്ണ നദികൾക്കിടയിലുള്ള ഫലഭൂയിഷ്ടമായ പ്രദേശമായിരുന്നു ഗോൽക്കൊണ്ട.
* കുതുബ് ഷാഹി വംശമാണ് ഗോൽക്കൊണ്ടയിൽ ഭരണം നടത്തിയിരുന്നത്. കുലി കുതുബ് ഷാ ആണ് വംശം സ്ഥാപിച്ചത്.
* പിൽക്കാലത്ത് തലസ്ഥാനം ഗോൽക്കൊണ്ടയിൽനിന്ന് എട്ടു കിലോമീറ്റർ അകലെയുള്ള ഭാഗ്യനഗറിലേക്ക് (ഹൈദരാബാദ്) മാറ്റുകയുണ്ടായി.
* ഹൈദരാബാദിൽ ചാർമിനാർ നിർമിച്ചത് കുലി കുത്ബ് ഷാ ആണ്. 1591–ൽ ആണ് നിർമാണം പൂർത്തിയായത്.
* മുഹമ്മദ് കുത്ബ് ഷായുടെ കാലത്ത് 1617–ൽ ചാർമിനാറിന് തെക്കായി നിർമാണം ആരംഭിച്ച മെക്കാ മസ്ജിദിന്റെ നിർമാണം പൂർത്തിയായത് 1693–ൽ ആണ്.
* അബുൾ ഹസ്സൻ കുതുബ് ഷായുടെ കാലത്ത് 1686 –ൽ ഔറംഗസീബ് ഗോൽക്കൊണ്ട കീഴടക്കി മുഗൾ സാമ്രാജ്യത്തിന്റെ ഭാഗമാക്കി.

## ബിദാർ (1528–1619)

* ബാഹ്മനി സാമ്രാജ്യത്തിന്റെ വളരെ ചെറിയൊരു ഭാഗമായിരുന്ന ബീദാർ ഡെക്കാൺ സുൽത്താനേറ്റുകളിൽ ഏറ്റവും വിസ്തീർണം കുറഞ്ഞതായിരുന്നു. ബരിദ് ഷാഹി വംശമാണ് ബിദാറിൽ ഭരണം നടത്തിയിരുന്നത്.
* അമീർ ബരിദ് ഈ വംശത്തിലെ ആദ്യത്തെ സ്വതന്ത്ര ഭരണാധികാരി. അദ്ദേഹത്തിന്റെ മുൻഗാമി കാസിം ബരിദിന്റെ കാലത്താണ് സുൽത്താനേറ്റിന് തുടക്കമിട്ടതെന്നും ചരിത്ര പരാമർശമുണ്ട്.
* 1619–ൽ ബിദാർ, അഹമ്മദ് നഗറിനോട് ചേർക്കപ്പെട്ടു.
* അമീർ ബരീദ് ഷാ മൂന്നാമനാണ് അവസാനത്തെ ഭരണാധികാരി.

# മറാഠ സാമ്രാജ്യം

* ഛത്രപതി ശിവജിയാണ് മറാഠ സാമ്രാജ്യം സ്ഥാപിച്ചത്. സാമ്രാജ്യത്തിന്റെ ഉന്നതിയിൽ മറാഠ സാമ്രാജ്യം ദക്ഷിണേഷ്യയുടെ മൂന്നിലൊന്ന് വ്യാപിച്ചിരുന്നു.
* 1674 മുതൽ 1818 വരെയാണ് ഈ സാമ്രാജ്യം നിലനിന്നിരുന്നത്.
* 1674 മുതൽ 1680 വരെ റായ്ഗഢ് ആയിരുന്നു തലസ്ഥാനം.
* മുഗളരുമായുള്ള നിരന്തര സംഘർഷത്തിലൂടെ ഉയർന്നുവന്ന ഒരു പ്രാദേശിക വിഭാഗമാണ് മറാഠകൾ.
* ദേശ്മുഖ് എന്ന യുദ്ധവീരൻമാരുടെ കുടുംബങ്ങളുടെ സഹായത്തോടെ മറാഠ നേതാവ് ശിവജി സുസ്ഥിരമായ ഒരു സാമ്രാജ്യം സ്ഥാപിച്ചു.
* ശിവജിയുടെ മരണത്തിനുശേഷം മറാഠ സാമ്രാജ്യത്തിന്റെ അധികാരം ചിത്പാവൻ ബ്രാഹ്മണരുടെ ഒരു കുടുംബത്തിന് വന്നുചേർന്നു. ശിവജിയുടെ പിൻഗാമികളായി പൂന ആസ്ഥാനമായി ഇവർ ഭരണം നടത്തി.
* പേഷ്വകൾക്ക് കീഴിൽ മറാഠകൾ ശക്തമായ ഒരു സാമ്രാജ്യം കെട്ടിപ്പടുത്തു. മുഗളരുടെ അധീനതയിലായിരുന്ന പല കോട്ടകളും ഇവർ പിടിച്ചെടുത്തു.
* 1720–നും 1761–നും മധ്യേ മറാഠ സാമ്രാജ്യം വൻതോതിൽ വികാസം പ്രാപിച്ചു. മുഗളരുടെ മേഖലയിലെ ആധിപത്യം ക്രമേണ ഇവർ അവസാനിപ്പിച്ചു. 1720 –ൽ മാൾവയും ഗുജറാത്തും ഇവർ മുഗളരിൽനിന്ന് പിടിച്ചെടുത്തു.
* 1730–ഓടെ ഡെക്കാൺ മേഖലയിലെ പരമാധികാരിയായി മറാഠ രാജാവ് അറിയപ്പെട്ടു. ചൗത്, സർദേശ്മുഖി നികുതികൾ പിരിക്കാനുള്ള അവകാശവും മറാഠികൾക്ക് വന്നുചേർന്നു.
* മറാഠകളുടെ സാമ്രാജ്യമോഹങ്ങൾ 1761–ലെ മൂന്നാം പാനിപ്പട്ടുയുദ്ധത്തിൽ അഹമ്മദ് ഷാ അബ്ദാലിയുടെ അഫ്ഗാൻ സേന സദാശിവ റാവുവിന്റെ നേതൃത്വത്തിലുള്ള മറാഠകളെ തറപറ്റിച്ചതോടെ അവസാനിച്ചു.

## ശിവജി

* 1627 ഏപ്രിൽ 27–ന് മഹാരാഷ്ട്രയിലെ ശിവനേരി കോട്ടയിൽ ഷാഹാജി ഭോൺസ്ലെയുടെയും ജീജാബായിയുടെയും മകനായി ശിവജി ജനിച്ചു. ഡെക്കാൺ സുൽത്താനേറ്റുകൾക്കുകീഴിൽ സേവനമനുഷ്ഠിച്ചിരുന്ന ഒരു സേനാത്തലവനായിരുന്നു ഷാഹാജി ഭോൺസ്ലെ.
* തികഞ്ഞ ഈശ്വരഭക്തയായിരുന്ന മാതാവിന്റെ സ്വാധീനത്താൽ ശിവജി ചെറുപ്പത്തിൽ പുരാണേതിഹാസങ്ങൾ പഠിക്കാനിടയായി. ജീവിതകാലം മുഴുവനും അത് അദ്ദേഹത്തിൽ സ്വാധീനം ചെലുത്തി.
* തുക്കാഭായിയെ രണ്ടാം വിവാഹം ചെയ്ത ഷാഹാജി ആദിൽഷാഹി സുൽത്താനേറ്റിന്റെ സൈനിക ദൗത്യത്തിന്റെ ഭാഗമായി കർണാടകത്തിലേക്ക് പോയി. ജീജാബായിയെയും ശിവജിയെയും സംരക്ഷിക്കുന്നതിന് ദാദാജി കൊണ്ടദേവിനെ ഷാഹാജി ചുമതലപ്പെടുത്തിയിരുന്നു. ശിവജിക്ക് ആയുധാഭ്യാസത്തിൽ പരിശീലനം നൽകിയത് ദാദാജി കൊണ്ടദേവ് ആണ്.
* 1659–ൽ ശിവജി വധിച്ച ബീജാപ്പൂർ പടനായകനാണ് അഫ്സൽ ഖാൻ.
* 1659 നവംബർ പത്തിന് നടന്ന പ്രതാപ്ഗഢ് യുദ്ധത്തിൽ ശിവജിയുടെ നേതൃത്വത്തിൽ മറാത്തസേന ബീജാപ്പൂർ സൈന്യത്തെ തോൽപിച്ചു.
* അബിസീനിയക്കാരനായ രുസ്തം സമാന്റെ നേതൃത്വത്തിലുള്ള ബീജാപ്പൂർ സേനയെ 1659 ഡിസംബർ 28–ന് കോൽഹാപ്പൂർ യുദ്ധത്തിൽ മറാഠകൾ തകർത്തു. ഇത് മുഗൾ ചക്രവർത്തി ഔറംഗസീബിനെ ഞെട്ടിച്ചു.
* 1657 വരെയും ശിവജി മുഗളരുമായി നല്ല ബന്ധത്തിലായിരുന്നു. 1657 മാർച്ചിൽ ശിവജിയുടെ ഉദ്യോഗസ്ഥർ അഹമ്മദ്നഗറിനുസമീപമുള്ള പ്രദേശത്ത് പടയോട്ടം നടത്തി. ആ സമയത്ത് ഡെക്കാൺ ഗവർണറായിരുന്ന ഔറംഗസീബ് നസീറി ഖാന്റെ നേതൃത്വത്തിൽ സേനയെ അയച്ച് അഹമ്മദ് നഗറിൽവച്ച് ശിവജിയുടെ പടയെ തോൽപിച്ചു. ഈ ഘട്ടത്തിൽ ഔറംഗസീബിന് തന്റെ സഹോദരൻമാരുമായി പിന്തുടർച്ചാവകാശം സംബന്ധിച്ച് ഏറ്റുമുട്ടലുകൾ നടത്തേണ്ടിവന്നതിനാൽ ശിവജിക്കെതിരെയുള്ള എതിർനീക്കങ്ങളിൽ തടസ്സമുണ്ടായി.
* 1660–ൽ ഔറംഗസീബ് ശെയ്ഷ്ടാഖാന്റെ നേതൃത്വത്തിലുള്ള ഒരു സൈന്യത്തെ ശിവജിയ്ക്കെതിരെ



## ഡെക്കാൺ സുൽത്തേനേറ്റും രാജവംശങ്ങളും

| | |
|---|---|
| ബേരാർ | ഇമാദ്ഷാഹി |
| അഹമ്മദ് നഗർ | നിസാംഷാഹി |
| ബീജാപ്പൂർ | ആദിൽഷാഹി |
| ഗോൽക്കൊണ്ട | കുത്ബ്ഷാഹി |
| ബിദാർ | ബരിദ് ഷാഹി |

അയച്ചു. ബീജാപ്പൂർ സേനയുമായിച്ചേർന്ന ഈ വൻസൈന്യം മറാഠ പ്രദേശങ്ങളിലേക്ക് കടന്നുകയറുകയും പൂന കയ്യടക്കുകയും ചെയ്തു.

* 1663–ൽ ശിവജി അപ്രതീക്ഷിതമായി പൂനയിൽ ആക്രമണം നടത്തി. ശെയ്ഷ്ടാഖാന് തോറ്റോടേണ്ടിവന്നു. ഇതിൽ പ്രകോപിതനായ ഔറംഗസീബ്, ശെയ്ഷ്ടാഖാനെ ബംഗാളിലേക്ക് സ്ഥലംമാറ്റി.
* മുഗളരുടെ പ്രധാന വ്യാപാര കേന്ദ്രമായ സൂറത്ത് 1664–ൽ ശിവജി ആക്രമിച്ചു.
* ശെയ്ഷ്ടാഖാനെയും സൂറത്തിനെയും ആക്രമിച്ച ശിവജിയുടെ നടപടിയിൽ കോപാകുലനായ ഔറംഗസീബ് , ശിവജിയെ തോൽപിക്കുന്നതിന് മിർസ രാജാ ജയ്സിങ് ഒന്നാമന്റെ നേതൃത്വത്തിൽ മുഗൾ സേനയെ അയച്ചു. മറാഠകളുടെ കോട്ടകൾ പലതും മുഗളർ പിടിച്ചെടുത്തു. കൂടുതൽ കോട്ടകളുടെ നഷ്ടവും ആൾനാശവും ഒഴിവാക്കുന്നതിന് ശിവജി ഉടമ്പടിക്ക് തയ്യാറായി. 1665 ജൂൺ പതിനൊന്നിന് ശിവജിയും ജയ്സിങും തമ്മിൽ പുരന്ധർ ഉടമ്പടി ഒപ്പുവച്ചു. തന്റെ 23 കോട്ടകൾ മുഗളർക്കുനൽകാമെന്ന് ശിവജി സമ്മതിച്ചു. ശിവജിയുടെ മകൻ സാംബാജി മുഗളരുടെ കീഴിൽ സേവനം ചെയ്യാമെന്നും ശിവജി സമ്മതിച്ചു.
* 1666–ൽ ശിവജി ഒൻപതുവയസ്സുകാരനായ മകൻ സാംബാജിയ്ക്കൊപ്പം ആഗ്രയിലെ മുഗൾ രാജസദസ്സിലെത്തി ഔറംഗസീബിനെ കണ്ടു. മൻസബ്ദാരൻമാരുടെ പിറകിൽ സ്ഥാനം നൽകിയതിൽ കുപിതനായി രാജസദസ്സുവിട്ട ശിവജിയെ ഔറംഗസീബ് ആഗ്രയിലെ കൊത്തുവാളിന്റെ നിരീക്ഷണത്തിൽ വീട്ടുതടങ്കലിലാക്കി. എന്നാൽ, അവിടെനിന്ന് തന്ത്രപൂർവം ശിവജിയും സാംബാജിയും രക്ഷപ്പെട്ടു.
* മുഗൾ സർദാറായിരുന്ന ജസ്വന്ത് സിങിന്റെ മധ്യസ്ഥ ശ്രമങ്ങളുടെ ഫലമായി ശിവജിയും മുഗളരും തമ്മിൽ സമാധാനത്തിന് ധാരണയായി. 1668–നും 1670–നും ഇടയിലെ സമാധാന കാലഘട്ടത്തിൽ ഔറംസീബ് ശിവജിക്ക് രാജാ എന്ന സ്ഥാനപ്പേര് നൽകുകയും സാംബാജിക്ക് 5000 കുതിരകളോടുകൂടിയ മൻസബ്ദാർ പദവി അനുവദിക്കുകയും ചെയ്തു. അക്കാലത്ത് ഡെക്കാണിലെ മുഗൾ വൈസ്രോയിയായിരുന്ന മുവാസം രാജകുമാരന്റെ കീഴിൽ സേവനം അനുഷ്ഠിക്കുന്നതിനായി സാംബാജിയെയും പ്രതാപ്റാവു ഗുജാറിനെയും അയയ്ക്കുകയുണ്ടായി. ക്ഷയിയ്യുകൊണ്ടിരിക്കുകയായിരുന്ന ആദിൽഷാഹി വംശത്തെ ആക്രമിക്കുന്നതിനും ഔറംഗസീബ് ശിവജിയെ അനുവദിച്ചു. ദുർബലനായ സുൽത്താൻ ആദിൽഷാ രണ്ടാമൻ ശിവജിക്ക് ചൗതും സർദേശ്മുഖിയും പിരിക്കാനുള്ള അവകാശം നൽകി.
* 1670 അവസാനത്തോടെ ശിവജി മുഗളർക്കെതിരെ വലിയൊരാക്രമണം നടത്തുന്നതുവരെ സമാധാനാന്തരീക്ഷം നീണ്ടുനിന്നു. നാലുമാസംകൊണ്ട് മുഗളർ അധീനപ്പെടുത്തിയ പ്രദേശങ്ങൾ മറാഠകൾ വീണ്ടെടുത്തു. തനിക്ക് യുദ്ധസാമഗ്രികൾ നൽകാൻ വിസമ്മതിച്ച ഇംഗ്ലീഷുകാർക്കെതിരെ ആക്രമണം നടത്തുന്നതിന് 1670–ൽ ശിവജി ബോംബെയിലേക്ക് സേനയെ അയയ്ക്കുകയുണ്ടായി.
* 1674 ജൂൺ ആറിന് ശിവജി റായ്ഗഢിൽ ഛത്രപതിയായി കിരീടധാരണം നടത്തി. ഹൈന്ദവധർമോദ്ധാരക് എന്ന സ്ഥാനപ്പേരും അദ്ദേഹം സ്വീകരിച്ചു. കിരീടധാരണത്തിന് ഏതാനും ദിവസങ്ങൾക്കുശേഷം ജീജാബായി അന്തരിച്ചു.
* 1680–ൽ ശിവജി അന്തരിച്ചു.
* മറാഠ ഭരണാധികാരികളിൽ ഏറ്റവും മഹാനായി വാഴ്ത്തപ്പെടുന്നത് ശിവജിയാണ്. അദ്ദേഹം തന്റെ സദസ്സിൽ മറാഠ ഭാഷയുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചു. സഹിഷ്ണുതാപരമായ മതനയവും അദ്ദേഹത്തിന്റെ പ്രത്യേകതയായി വിലയിരുത്തപ്പെടുന്നു.
* ശിവജിയുടെ മന്ത്രിസഭയായിരുന്നു അഷ്ടപ്രധാൻ. പേഷ്വാ (പ്രധാനമന്ത്രി), അമാത്യ അഥവാ മജുംദാർ (ധനമന്ത്രി), സചിവ (സെക്രട്ടറി അഥവാ രാജകീയ ശാസനങ്ങൾ തയ്യാറാക്കുന്ന ചുമതലക്കാരൻ), മന്ത്രി (ആഭ്യന്തര കാര്യങ്ങൾ), സേനാപതി (പടത്തലവൻ), സുമന്ത് (വിദേശകാര്യമന്ത്രി), ന്യായാധീശ് (മുഖ്യ ന്യായാധിപൻ), പണ്ഡിത റാവു (മതപരമായ കാര്യങ്ങളുടെ മേൽനോട്ടക്കാരൻ) എന്നിവരാണ് അഷ്ടപ്രധാനിൽ ഉൾപ്പെട്ടിരുന്നത്.
* ശിവജിയുടെ ആത്മീയ ഗുരുവായിരുന്നു സമാരഥ് രാംദാസ്.
* ശിവജിയുടെ കുതിരയുടെ പേര് പഞ്ചകല്യാണി. വാളിന്റെ പേര് ഭവാനി.

## സാംബാജി

* ശിവജിയുടെയും സായിബായിയുടെയും മൂത്തപുത്രനായ സാംബാജിയാണ് രണ്ടാമത്തെ ഛത്രപതിയായത്.
* 1657–ൽ ആണ് പുരന്ധർ കോട്ടയിൽ സാംബാജി ജനിച്ചത്. സാംബാജിക്ക് രണ്ടുവയസ്സ് പ്രായമുള്ളപ്പോൾ മാതാവ് മരണപ്പെട്ടതിനാൽ മുത്തശ്ശിയാണ് സാംബാജിയെ വളർത്തിയത്. ശിവജിയുടെ ഒരു പ്രമുഖ പടത്തലവനായിരുന്ന പിലാജിറാവു ഷിർക്കെയുടെ മകളെയാണ് സാംബാജി വിവാഹം കഴിച്ചത്.
* ശിവജിയുടെ മരണത്തെത്തുടർന്ന് രണ്ടാമത്തെ മകനായ രാജാറാം സിംഹാസനസ്ഥനായി. ആ സമയത്ത് സാംബാജിയെ പാഞ്ഞാല കോട്ടയിൽ തടവിലാക്കിയിരിക്കുകയായിരുന്നു. തടവിൽനിന്ന് രക്ഷപ്പെട്ട സാംബാജി കോട്ടയുടെ കമാൻഡറെ കൊലപ്പെടുത്തി. തുടർന്ന് റായ്ഗഢ് കോട്ട നിയന്ത്രണത്തിലാക്കിയ സാംബാജി, രാജാറാമിനെയും അദ്ദേഹത്തിന്റെ ഭാര്യ, മാതാവ് എന്നിവരെയും തടവിലാക്കി.
* മുഗളുമായുള്ള ഏറ്റുമുട്ടലുകൾ കൊണ്ട് സംഘർഷഭരിതമായിരുന്നു സാംബാജിയുടെ ഭരണകാലം (1681–89).
* മുഗളരെയും ജാൻജിറ ദ്വീപിൽ കോട്ടകെട്ടി അധിവസിച്ചിരുന്ന ആഫ്രിക്കൻ വംശജരായ സിദ്ദികളെയും സാംബാജി ആക്രമിച്ചു. ജാൻജിറ കീഴടക്കാൻ കഴിഞ്ഞില്ല.
* 1683–ൽ ഗോവയിലെ പോർച്ചുഗീസ് കോളനി ആക്രമിച്ച സാംബാജി 1684–ൽ ബ്രിട്ടിഷുകാരുമായി ഒരു പ്രതിരോധ ഉടമ്പടിയിൽ ഒപ്പുവച്ചു.
* 1681–ലും 1686–ലും സാംബാജി, വൊഡയാർ വംശത്തിന്റെ ഭരണത്തിലായിരുന്ന മൈസൂർ ആക്രമിച്ചു.
* 1689–ൽ സാംബാജിയെ മുഗൾ സേന പിടികൂടുകയും ക്രൂരമായ പീഡനങ്ങൾക്കുവിധേയനാക്കിയശേഷം വധിക്കുകയും ചെയ്തു.
* തന്നെ കുമ്പിടാൻ വിസമ്മതിച്ച സാംബാജിയോട് ഇസ്ലാംമതം സ്വീകരിക്കാൻ ഔറംഗസീബ് ആവശ്യപ്പെട്ടുവെന്നും അത് നിരസിച്ച സാംബാജിയെ രണ്ടാഴ്ചയോളം പീഡനങ്ങൾക്ക് വിധേയനാക്കി കണ്ണുകൾ ചൂഴ്ന്നെടുക്കുകയും നഖങ്ങൾ വലിച്ചൂരുകയും ചെയ്തശേഷം തൊലിയുരിച്ച് കൊലപ്പെടുത്തുകയാണുണ്ടായത് എന്നാണ് ചില മറാഠ രേഖകൾ പ്രകാരമുള്ള വെളിപ്പെടുത്തലുകൾ.

## രാജാറാം

* സാംബാജിക്കുശേഷം രാജാറാം ഛത്രപതിയായി.
* 1670–ൽ റായ്ഗഢ് കോട്ടയിലാണ് രാജാറാം ജനിച്ചത്.
* 1689 മാർച്ച് 12–ന് റായ്ഗഢിൽ രാജാറാം സിംഹസനസ്ഥനായി.
* മുഗൾ സേന ആക്രമിച്ചപ്പോൾ രാജാറാമിന് തെക്കേ ഇന്ത്യയിലെ ജിൻജിയിലേക്ക് രക്ഷപ്പെടുന്നതിന് കേലടിയിലെ ഭരണാധികാരിയായിരുന്ന ചെന്നമ്മയുടെ സഹായം ലഭിച്ചു. ജിൻജിയിൽ കുറേക്കാലം കഴിഞ്ഞ രാജാറാം പിന്നീട് തന്റെ ആസ്ഥാനം സത്താറയിലേക്ക് മാറ്റി.
* 1700–ൽ ശ്വാസകോശരോഗത്തെത്തുടർന്ന് പ്രതാപ്ഗഢ് കോട്ടയിൽ രാജാറാം അന്തരിച്ചു. രാജാറാമിന്റെ വിധവകളിലൊരാളായ താരാബായി അവരുടെ ബാലനായ മകൻ ശിവജി രണ്ടാമനെ ഛത്രപതിയായി പ്രഖ്യാപിക്കുകയും റീജന്റെന്ന നിലയിൽ ഭരണമാരംഭിക്കുകയും ചെയ്തു.
* ഔറംഗസീബിന്റെ മരണശേഷം, സാംബാജിയുടെ മകൻ സാഹു മോചിതനായി. താരാബായിയും സാഹുവുമായി നടന്ന അധികാരവടംവലിയിൽ സാഹു വിജയിച്ചതിനെത്തുടർന്ന് താരാബായി തന്റെ ആസ്ഥാനം കോൽഹാപ്പൂരിലേക്ക് മാറ്റുകയും തന്റെ മകനെ ഛത്രപതിയായി അവിടെ അവരോധിക്കുകയും ചെയ്തു.
* എന്നാൽ, കുറച്ചുകാലത്തിനുശേഷം രാജാറാമിന്റെ മറ്റൊരു വിധവയായ രജസ്ബായി, താരാബായിയെ അധികാരഭ്രഷ്ടയാക്കുകയും രാജാറാമിന്റെ മറ്റൊരു പുത്രനെ സാംബാജി രണ്ടാമൻ എന്ന പേരിൽ കോൽഹാപ്പൂർ സിംഹാസനത്തിൽ അവരോധിക്കുകയും ചെയ്തു.

## പേഷ്വമാർ

* മറാത്ത സാമ്രാജ്യത്തിലെ പ്രധാന മന്ത്രിയായിരുന്നു പേഷ്വ. ആദ്യകാലങ്ങളിൽ ഛത്രപതിയുടെ താഴെ ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിലായിരുന്നു പേഷ്വ. പിന്നീട് യഥാർഥ അധികാരം പേഷ്വയുടെ കൈകളിലാകുകയും ഛത്രപതി നാമമാത്ര ഭരണാധികാരി എന്ന നിലയിലേക്ക് ഒതുങ്ങുകയും ചെയ്തു. പിൽക്കാലത്ത് പേഷ്വമാർ ദുർബലരാകുകയും അധികാരവിനിയോഗം മറാഠ പ്രഭുക്കൻമാരുടെയും ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെയും മേൽക്കോയ്മയ്ക്കുകീഴിൽ കഴിയേണ്ടിവരികയും ചെയ്തു.
* ശിവജിയും സാംബാജിയും ഛത്രപതിയായിക്കേ പേഷ്വമാരായിരുന്നവർ ദേശസ്ത വിഭാഗത്തിൽപ്പെട്ട ബ്രാഹ്മണർ ആയിരുന്നു. ആദ്യത്തെ പേഷ്വ ആയിരുന്ന മോറോപാന്ത് പിങ്ഗലി, അഷ്ടപ്രധാന്റെ തലവനായിരുന്നു. ചിത്പവൻ ബ്രാഹ്മണർ പേഷ്വ സ്ഥാനത്ത് നിയമിതരായതോടെ അത് പരമ്പരാഗതമായി മാറുകയുണ്ടായി.
* 1683–ൽ മോറോപാന്ത് അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകൻ നിലോപാന്ത് പിങ്ഗലി (രാമചന്ദ്ര നിലകാന്ത് പാന്ത്) പേഷ്വ ആയി നിയമിക്കപ്പെട്ടു. രാജാറാം ജിൻജിയിലേക്ക് പോകുന്ന അവസരത്തിൽ പേഷ്വയ്ക്ക് രാജകീയ പദവി നൽകുകയുണ്ടായി.
* മുഗളരുടെ ആക്രമണങ്ങളും പ്രഭുക്കൻമാരുടെ വഞ്ചനകളും രാജ്യത്തെ ഭക്ഷ്യക്ഷാമവും എല്ലാം അതിജീവിച്ച് പേഷ്വ മറാഠ ഭരണത്തെ സൈനികമായും സാമ്പത്തികമായും ശക്തിപ്പെടുത്തി. ഛത്രപതി രാജാറാമിന്റെ അസാന്നിധ്യത്തിൽ പലപ്പോഴും മുഗളരുമായി യുദ്ധങ്ങളിലേർപ്പെടുകയും അവരുടെ നിയന്ത്രണത്തിലുള്ള കോട്ടകൾ പലതും പിടിച്ചെടുക്കുകയും ചെയ്തു. നാലാമത്തെ ഛത്രപതിയായ സാഹുവിന്റെ കാലത്ത് 1713–ൽ ബാലാജി വിശ്വനാഥിനെ പേഷ്വ ആയി നിയമിച്ചു. രാമചന്ദ്ര പാന്ത് 1716–ൽ അന്തരിച്ചു.

## ബാലാജി വിശ്വനാഥ്

* 1713 മുതൽ 1720 വരെ പേഷ്വ സ്ഥാനം വഹിച്ച ബാലാജി വിശ്വനാഥ് മുഗൾ രാജാവ് ഫറൂഖ്സിയാറെ സ്ഥാനഭ്രഷ്ടനാക്കുന്നതിന് സയ്യിദ് സഹോദരൻമാർക്ക് പിന്തുണ നൽകി. മറാഠ സാമ്രാജ്യത്തിന്റെ

## പേഷ്വമാരും ഭരണകാലവും

| | |
|---|---|
| ബാലാജി വിശ്വനാഥ് | 1713–1720 |
| ബാജിറാവു ഒന്നാമൻ | 1720–1740 |
| ബാലാജി ബാജിറാവു | 1740–1760 |
| മാധവറാവു ഒന്നാമൻ | 1761–1772 |
| നാരായണ റാവു | 1772–1773 |
| രഘുനാഥ് റാവു | 1773–1774 |
| മാധവറാവു രണ്ടാമൻ | 1774–1796 |
| ബാജി റാവു രണ്ടാമൻ | 1796–1818 |



രണ്ടാമത്തെ സ്ഥാപകൻ എന്ന് ചരിത്രത്തിൽ വിലയിരുത്തപ്പെടുന്ന ബാലാജി വിശ്വനാഥ്, ഛത്രപതി സാഹുവിന് ആഭ്യന്തര പ്രശ്നങ്ങളും മുഗൾ ആക്രമണങ്ങളും തരണം ചെയ്യുന്നതിന് കരുത്തുപകർന്നു. പേഷ്വ സ്ഥാനം പരമ്പരാഗതമാകുന്നത് ബാലാജി വിശ്വനാഥ് മുതലാണ്. 1720–ൽ ബാലാജി വിശ്വനാഥ് അന്തരിച്ചപ്പോൾ മൂത്തമകൻ ബാജിറാവു ഒന്നാമനെ പേഷ്വയായി ഛത്രപതി സാഹു നിയമിച്ചു.

## ബാജിറാവു ഒന്നാമൻ

* 1720 മുതൽ 1740 വരെ 20 വർഷക്കാലം പേഷ്വയായിരുന്ന ബാജിറാവു ഒന്നാമൻ പരമ്പരാഗതമായി പേഷ്വ സ്ഥാനം വഹിച്ച ഒൻപത് ഭരണാധികാരികളിൽ ഏറ്റവും പ്രഗല്ഭനെന്ന് വിലയിരുത്തപ്പെടുന്നു. അദ്ദേഹം നടത്തിയ അനവധി യുദ്ധങ്ങളിൽ ഒന്നിൽപ്പോലും പരാജയം നേരിടേണ്ടിവന്നില്ല എന്നത് എടുത്തുപറയേണ്ട കാര്യമാണ്. 1738–ൽ ബാജിറാവു ഒന്നാമൻ ഡൽഹിയിലേക്ക് പടയോട്ടം നടത്തി. 1740–ൽ പനി ബാധിച്ച് അകാലത്തിൽ മരണപ്പെട്ട ഇദ്ദേഹത്തെ ബ്രിട്ടിഷ് ആർമി ഓഫീസറായിരുന്ന ബെർണാഡ് മോണ്ട്ഗോമറി വിശേഷിപ്പിച്ചത് ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച കാലാൾപ്പട നായകൻ എന്നാണ്.

## ബാലാജി ബാജിറാവു

* നാനാസാബേഹ് പേഷ്വ എന്നറിയപ്പെട്ട ബാലാജി ബാജിറാവു 1740 മുതൽ 1761 വരെ ഭരിച്ചു. മറാഠ സാമ്രാജ്യം പാരമ്യത പ്രാപിച്ചത് ഇദ്ദേഹത്തിന്റെ കാലത്താണ്. മറാഠകളുടെ സാമ്രാജ്യസ്വപ്നങ്ങൾ തകർത്ത മൂന്നാം പാനിപ്പട്ട് യുദ്ധം നടന്നത് ബാലാജി ബാജിറാവുവിന്റെ കാലത്താണ്. അഹമ്മദ് ഷാ അബ്ദാലിയുടെ അഫ്ഗാൻ സേന മറാഠരെ തച്ചുതകർത്തുകളഞ്ഞു. ബാലാജി ബാജിറാവുവിന്റെ അനന്തരവൻകൂടിയായ മറാഠ സൈന്യാധിപൻ ഈ യുദ്ധത്തിൽ കൊല്ലപ്പെട്ടു. പേഷ്വമാരുടെ ആസ്ഥാനമായ പൂനെയുടെ വികസനത്തിനുവേണ്ടിയും ഏറെക്കാര്യങ്ങൾ ചെയ്ത ബാലാജി ബാജിറാവു, അറ്റോക്കും പേഷ്വവാറും കീഴടക്കി.

## മാധവറാവു ഒന്നാമൻ

* നിസാമിനെതിരെ യുദ്ധങ്ങൾ വിജയകരമായി നയിച്ച മാധവറാവു ഒന്നാമന്റെ ഭരണകാലം 1761 മുതൽ 1772 വരെയാണ്. മൂന്നാം പാനിപ്പട്ട് യുദ്ധത്തിൽ തകർന്ന മറാഠകളുടെ ആത്മവീര്യം വീണ്ടെടുക്കുന്നതിനും ഭരണവ്യവസ്ഥയും ധനസ്ഥിതിയും മെച്ചപ്പെടുത്തുന്നതിനും ഇദ്ദേഹത്തിന് സാധിച്ചു. മറാഠകളുടെ ഉയിർത്തെഴുന്നേൽപ് എന്നാണ് ഈ കാലഘട്ടം വിശേഷിപ്പിക്കപ്പെടുന്നത്.

## നാരായണ റാവു

* 1772 മുതൽ 1773 വരെ പേഷ്വ ആയിരുന്ന നാരായണ റാവു കൊല്ലപ്പെടുകയാണുണ്ടായത്.

## രഘുനാഥ് റാവു

* 1773 മുതൽ 1774 വരെ ഭരിച്ച രഘുനാഥ് റാവുവിന്റെ കാലത്ത് വടക്കോട്ട് സാമ്രാജ്യം പരമാവധി വ്യാപിപ്പിക്കുന്നതിന് സാധിച്ചെങ്കിലും ഉത്തരേന്ത്യയിൽ മറാഠ ശക്തി ക്ഷയിക്കുന്നതിനും സാക്ഷ്യം വഹിക്കേണ്ടിവന്നു. ബാർഭായി ഗൂഢാലോചനയുടെ ഫലമായി നാനാ ഫഡ്നവിസും കൂട്ടരും ചേർന്ന് ഇദ്ദേഹത്തെ അധികാരത്തിൽനിന്ന് പുറത്താക്കി.
* ബാലാജി ജനാർദൻ ഭാനു എന്ന് യഥാർഥ പേരുള്ള നാന ഫഡ്നവിസ് മറാഠ ഭരണത്തിൽ നിർണായക സ്വാധീനം ചെലുത്തിയ ശക്തനായ ധനമന്ത്രിയായിരുന്നു. യൂറോപ്യർ ഇദ്ദേഹത്തെ മറാഠ മാക്യവെല്ലി എന്നാണ് വിശേഷിപ്പിക്കുന്നത്.

## മാധവറാവു രണ്ടാമൻ

* മറാഠ സേനാനായകൻമാരുടെയും മന്ത്രിമാരുടെയും സമിതിയെ റീജന്റായിവച്ചുകൊണ്ട് മാധവറാവു രണ്ടാമനെ ശിശുവായിരിക്കെതന്നെ പേഷ്വാ ആയി നിയമിച്ചു. നാനാ ഫഡ്നവിസ് ഇക്കാലത്ത് നിർണായക സ്വാധീനം ചെലുത്തി. ഉത്തേരന്ത്യയിൽ മറാഠ ശക്തിയുടെ ഉയിർത്തെഴുന്നേൽപിന് മാധവറാവുവിന്റെ ഭരണകാലം (1774–1796) സാക്ഷ്യം വഹിച്ചു.
* 1775 മുതൽ 1782 വരെ നീണ്ടുനിന്ന ഒന്നാം ആംഗ്ലോ മറാഠ യുദ്ധം നടന്നത് ഇക്കാലത്താണ്. 1782–ലെ സാൽബായ് ഉടമ്പടി പ്രകാരം യുദ്ധം അവസാനിച്ചു. മറാഠകളാണ് യുദ്ധത്തിൽ വിജയിച്ചത്.
* 1776 മാർച്ച് ഒന്നിന് ഈസ്റ്റ് ഇന്ത്യ കമ്പനിയും മറാഠകളും തമ്മിൽ പുരന്ദർ ഉടമ്പടി ഒപ്പുവച്ചു.

## ബാജി റാവു രണ്ടാമൻ

* 1796 മുതൽ 1802 വരെയായിരുന്നു ബാജി റാവു രണ്ടാമന്റെ ഭരണകാലം. ഇൻഡോറിലെ ഹോൾക്കർ ഭരണാധികാരിയായിരുന്ന യശന്ത്റാവു ഹോൾക്കർ പൂന യുദ്ധത്തിൽ ബാജി റാവു രണ്ടാമനെ പരാജയപ്പെടുത്തി.
* മറാഠ പ്രഭുക്കൻമാർ നാമമാത്ര ഭരണാധികാരിയെന്ന നിലയിലാണ് ബാജിറാവു രണ്ടാമനെ പേഷ്വ സ്ഥാനത്ത് അവരോധിച്ചത്.
* പ്രഭുക്കൻമാരുടെ വളർന്നുവരുന്ന ശക്തിയിൽ സംഭീതനായ ബാജിറാവു രണ്ടാമൻ പൂനെയിൽനിന്ന് പലായനം ചെയ്തു. ഇംഗ്ലിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി ബാസെയിൻ ഉടമ്പടിയിൽ ഒപ്പുവച്ച ബാജിറാവു രണ്ടാമന്റെ നടപടി രണ്ടാം ആംഗ്ലോ മറാഠ യുദ്ധത്തിന് (1803–05) വഴിതെളിച്ചു. യുദ്ധം വിജയിച്ച ബ്രിട്ടിഷുകാർ പേഷ്വയുടെ അധികാരം പുനഃസ്ഥാപിച്ചു.
* നികുതി പിരിവുമായി ബന്ധപ്പെട്ട തർക്കത്തിൽ ഗെയ്ക്വാദിന് അനുകൂലമായ നിലപാട് ബ്രിട്ടിഷുകാർ എടുത്തത് 1818–ൽ മൂന്നാം ആംഗ്ലോ മറാഠ യുദ്ധത്തിലേക്ക് നയിച്ചു. തുടർച്ചയായ യുദ്ധപരാജയങ്ങളെത്തുടർന്ന് പേഷ്വ ബ്രിട്ടിഷുകാർക്ക് കീഴടങ്ങി. മറാഠ സാമ്രാജ്യത്തിന്റെ പ്രതാപം അതോടെ മങ്ങി.
* ബ്രിട്ടിഷുകാർ നൽകുന്ന പെൻഷൻ കൈപ്പറ്റിക്കൊണ്ട് പേഷ്വ കാൺപൂരിന് സമീപം ബിഥൂരിലെ ചെറിയൊരു പ്രദേശത്ത് ഒതുങ്ങി. പേഷ്വയുടെ പ്രദേശങ്ങൾ ബോംബെ പ്രസിഡൻസിയോട് കൂട്ടിച്ചേർക്കപ്പെട്ടു.
* ബാജിറാവു രണ്ടാമന്റെ വളർത്തുപുത്രനായിരുന്നു നാനാ സാഹിബ്.



## ഡെക്കാൺ സുൽത്തേനേറ്റും സ്ഥാപകരും

| | |
|---|---|
| ബേരാർ | ഫത്തേയുള്ള |
| അഹമ്മദ് നഗർ | മാലിക് അഹമ്മദ് നിസാം ഷാ |
| ബീജാപ്പൂർ | യൂസഫ് ആദിൽ ഖാൻ |
| ഗോൽക്കൊണ്ട | കുലി കുതുബ് ഷാ |
| ബിദാർ | അമീർ ബരിദ് |

## ഒറീസ രാജ്യം

* 1078 മുതൽ 1434 വരെയാണ് കിഴക്കൻ ഗംഗാവംശത്തിന്റെ ഭരണകാലം.
* ഒറീസ കൂടാതെ ഇന്നത്തെ ബംഗാൾ, ആന്ധ്രപ്രദേശ്, ഛത്തിസ്ഗഢ് എന്നിവയുടെ ഭാഗങ്ങളും ഈ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു.
* കലിംഗനഗരം (മുഖലിംഗം) ആയിരുന്നു തലസ്ഥാനം.
* ഏകദേശം 1076 മുതൽ 1148വരെ എഴുപതിലധികംവർഷം നീണ്ടുനിന്ന ഭരണകാലത്തിനിടയ്ക്ക് കിഴക്കൻഗംഗാ വംശത്തിലെ ആനന്ദവർമൻ ചോഡഗംഗയാണ് ഒറീസയെ ഒരു പ്രബല രാജ്യമായി ഏകീകരിച്ചത്. ഇദ്ദേഹത്തിന്റെ ഭരണകാലത്തെ ഒറീസയുടെ കലാചൈതന്യത്തിന്റെയും ഐശ്വര്യത്തിന്റെയും ഉജ്ജ്വല സ്മാരകമാണ് പുരിയിലെ ജഗന്നാഥക്ഷേത്രം.
* കിഴക്കൻഗംഗാ വംശത്തിലെ ഏറ്റവും വിഖ്യാതനായ രാജാവ് 1238 മുതൽ 1264 വരെ ഭരിച്ച നരസിംഹദേവൻ ഒന്നാമനാണ്. ഇദ്ദേഹമാണ് കൊണാർക്കിൽ സൂര്യക്ഷേത്രം പണികഴിപ്പിച്ചത്.
* നരസിംഹദേവൻ രണ്ടാമനാണ് (1279–1306) സിംഹാചലം ക്ഷേത്രം പണികഴിപ്പിച്ചത് എന്ന് കരുതപ്പെടുന്നു.

# പടിഞ്ഞാറൻ ഗംഗാവംശം

* പുരാതന കർണാടകത്തിലെ ഒരു പ്രധാന രാജവംശമായിരുന്നു പടിഞ്ഞാറൻ ഗംഗാവംശം. പിൽക്കാലത്ത് ഇന്നത്തെ ഒഡിഷ ഭരിച്ചിരുന്ന കിഴക്കൻ ഗംഗരിൽനിന്ന് വേർതിരിക്കുന്നതിനാണ് ഇവരെ പടിഞ്ഞാറൻ ഗംഗർ എന്ന് വിശേഷിപ്പിക്കുന്നത്.
* പല്ലവ സാമ്രാജ്യം ക്ഷയിച്ചപ്പോഴാണ് വിവിധ നാട്ടുരാജ്യങ്ങൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ച കൂട്ടത്തിൽ ഗംഗരും തങ്ങളുടെ ഭരണം ആരംഭിച്ചത് എന്നു വിശ്വസിക്കപ്പെടുന്നു.
* കൊങ്ങണിവർമൻ മാധവൻ ആണ് ഈ വംശത്തിന്റെ സ്ഥാപകൻ.
* ആദ്യ തലസ്ഥാനം കോലാർ ആയിരുന്നു. പിൽക്കാലത്ത് തലക്കാട് (മൈസൂറിനടുത്ത്) ആസ്ഥാനമാക്കി.
* ബദാമി ചാലൂക്യരുടെ ഉദയത്തിനുശേഷം ഗംഗർ ചാലൂക്യരുടെ മേൽക്കോയ്മ അംഗീകരിക്കുകയും കാഞ്ചിയിലെ പല്ലവർക്ക് എതിരായി ചാലൂക്യരുടെ കീഴിൽ യുദ്ധം ചെയ്യുകയും ചെയ്തു.
* എ.ഡി.753–ൽ ചാലൂക്യരെ തോൽപിച്ച് രാഷ്ട്രകൂടർ ഡെക്കാണിലെ പ്രധാന ശക്തിയായി. ഒരു നൂറ്റാണ്ടോളം സ്വയംഭരണത്തിനായി യത്നിച്ചശേഷം ഗംഗർ ഒടുവിൽ രാഷ്ട്രകൂടരുടെ മേൽക്കോയ്മ അംഗീകരിച്ച് രാഷ്ട്രകൂടരുടെ ശത്രുക്കളായ ചോളൻമാരോട് യുദ്ധം ചെയ്തു.
* പത്താം നൂറ്റാണ്ടിനൊടുവിൽ രാഷ്ട്രകൂടരെ പടിഞ്ഞാറൻ ചാലൂക്യവംശം തോൽപിച്ചു. ചോളസാമ്രാജ്യം കാവേരി നദിക്ക് തെക്ക് ശക്തി വർധിപ്പിച്ചു.
* എ.ഡി.1000–ൽ ഗംഗരെ ചോളർ തോൽപിച്ചു. അതോടെ ഈ പ്രദേശത്ത് ഗംഗരുടെ സ്വാധീനത്തിന്റെ അന്ത്യം കുറിച്ചു.
* പടിഞ്ഞാറൻ ഗംഗാവംശം എല്ലാ മതങ്ങളോടും സഹിഷ്ണുത കാണിച്ചെങ്കിലും ജൈനമതത്തിന് അവർ നൽകിയ പ്രോത്സാഹനം പ്രസിദ്ധമാണ്. ഗംഗാവംശം ജൈനമതത്തിന് നൽകിയ പരിഗണനയുടെ ഫലമാണ് ശ്രാവണബെലഗോള, കംബദഹള്ളി തുടങ്ങിയ സ്ഥലങ്ങളിലുള്ള ജൈനനിർമിതികളുടെ നിർമാണം. കന്നഡ സാഹിത്യവും സംസ്കൃത സാഹിത്യവും ഇവരുടെ ഭരണകാലത്ത് പുഷ്കലമായി. ●

# മധ്യകാല ഇന്ത്യ

1. പാലവംശം സ്ഥാപിച്ചത്:
(എ) ഗോപാല (ബി) ധർമപാലൻ
(സി) മാഹിപാലൻ (ഡി) ദേവപാലൻ
2. നളന്ദസർവകലാശാലയെ പുനരുജ്ജീവിപ്പിച്ച പാലവംശരാജാവ്:
(എ) ഗോപാല (ബി) ധർമപാലൻ
(സി) ദേവപാലൻ (ഡി) മഹേന്ദ്രപാലൻ
3. പാല വംശത്തിന്റെ തലസ്ഥാനമായിരുന്നത്:
(എ) മുംഗർ (മോംഗിർ) (ബി) കനൗജ്
(സി) മാന്യഖേത (ഡി) പ്രതിഷ്ഠാനം
4. പാലവംശത്തിലെ ഏറ്റവും മഹാനായ രാജാവ്:
(എ) ദേവപാലൻ (ബി) മാഹിപാലൻ
(സി) ധർമപാലൻ (ഡി) ഗോപാല
5. ബുദ്ധമതസ്ഥനായ ആദ്യ ബംഗാൾ രാജാവ്:
(എ) ഗോപാല (ബി) മാഹിപാലൻ
(സി) ദേവപാലൻ (ഡി) ധർമപാലൻ
6. വിക്രംശില സർവകലാശാലയുടെ സ്ഥാപകൻ:
(എ) മഹേന്ദ്രപാലൻ (ബി) ധർമപാലൻ
(സി) ദേവപാലൻ (ഡി) ഗോപാല
7. പാല വംശത്തിലെ ധർമപാലനെ പരാജയപ്പെടുത്തിയ രാഷ്ട്രകൂടവംശജൻ:
(എ) ദന്തിദുർഗൻ (ബി) കൃഷ്ണൻ ഒന്നാമൻ
(സി) ധ്രുവൻ (ഡി) അമോഘവർഷൻ
8. പാലവംശ രാജാക്കൻമാർ ഏത് മതത്തെയാണ് പ്രോത്സാഹിപ്പിച്ചിരുന്നത്?
(എ) ജൈനമതം (ബി) ഹിന്ദുമതം
(സി) ശൈവമതം (ഡി) ബുദ്ധമതം
9. പ്രതിഹാരവംശത്തിന്റെ ശാഖ ജോധ്പൂരിൽ സ്ഥാപിച്ചത്:
(എ) സിംഹവിഷ്ണു (ബി) ഭോജൻ
(സി) വിക്രമാദിത്യൻ (ഡി) ഹരിശ്ചന്ദ്രൻ
10. പ്രതിഹാര വംശത്തിലെ ഏറ്റവും മഹാനായ രാജാവ്:
(എ) ഭോജൻ (ബി) മാ ഹിപാലൻ
(സി) മഹേന്ദ്രപാലൻ (ഡി) ഇവരാരുമല്ല
11. ഗുർജാര പ്രതിഹാര വംശം എവിടെയാണ് ഭരണം നടത്തിയത്?
(എ) മാൾവ (ബി) ബംഗാൾ
(സി) കശ്മീർ (ഡി) കനൗജ്
12. സംസ്കൃത കവിയായിരുന്ന രാജശേഖരൻ ഏത് വംശത്തിന്റെ സദസ്സിലാണ് ജീവിച്ചിരുന്നത്?
(എ) സേനവംശം (ബി) രാഷ്ട്രകൂടർ
(കസി) പാലവംശം (ഡി) പ്രതിഹാര വംശം
13. പ്രതിഹാരവംശത്തിന്റെ ശാഖ മാൾവയിൽ ഉജ്ജയിനി തലസ്ഥാനമാക്കി സ്ഥാപിച്ചത്:
(എ) സിംഹവിഷ്ണു (ബി) ഭോജൻ
(സി) ദന്തിദുർഗൻ (ഡി) നാഗഭട്ടൻ ഒന്നാമൻ
14. രാഷ്ട്രകൂടവംശം സ്ഥാപിച്ചത്:
(എ) പുഷ്യഭൂതി (ബി) ദന്തിദുർഗൻ
(സി) സിംഹവിഷ്ണു (ഡി) വിജയാലയ
15. രാഷ്ട്രകൂടവംശത്തിന്റെ തലസ്ഥാനം:
(എ) പ്രതിഷ്ഠാൻ (ബി) മാന്യഖേത
(സി) കാഞ്ചീപുരം (ഡി) ഖജുരാഹോ
16. എത്രാം ശതകത്തിലാണ് രാഷ്ട്രകൂട വംശം സ്ഥാപിതമായത്?
(എ) ഏഴ് (ബി) എട്ട്
(സി) ഒൻപത് (ഡി) പത്ത്
17. ആരുടെ സദസ്യനായിരുന്നു ജിനസേനൻ?
(എ) ദന്തിദുർഗൻ (ബി) കനിഷ്കൻ
(സി) ഹർഷൻ (ഡി) വിക്രമാദിത്യൻ
18. ഗോവിന്ദൻ,അമോഘവർഷൻ എന്നിവർ ഏത് വംശത്തിലെ പ്രഗല്ഭ ഭരണാധികാരികൾ ആയിരുന്നു?
(എ) പ്രതിഹാര (ബി) പാല
(സി) രാഷ്ട്രകൂട (ഡി) ശതവാഹന
19. പ്രതിഹാര രാജാവ് മാഹിപാലനെ എ.ഡി.915-ൽ തോൽപിച്ച രാഷ്ട്രകൂട രാജാവ്:
(എ) ദന്തിദുർഗൻ (ബി) അമോഘവർഷൻ
(സി) കൃഷ്ണൻ മൂന്നാമൻ (ഡി) കൃഷ്ണൻ ഒന്നാമൻ
20. എല്ലോറയിലെ കൈലാസനാഥക്ഷേത്രം നിർമിച്ച രാഷ്ട്രകൂട രാജാവ്:
(എ) കൃഷ്ണൻ ഒന്നാമൻ(ബി) കൃഷ്ണൻ മൂന്നാമൻ
(സി) ദന്തിദുർഗൻ (ഡി) അമോഘവർഷൻ
21. എലിഫന്റാ ഗുഹകൾ നിർമിച്ചത് ഏത് വംശത്തിലെ രാജാക്കൻമാർ ആയിരുന്നു?
(എ) ശതവാഹന (ബി) പാലവംശം
(സി) സേനവംശം (ഡി) രാഷ്ട്രകൂട
22. ഏത് വംശമാണ് തിരഞ്ഞെടുക്കപ്പെട്ട രാജാവിനാൽ സ്ഥാപിതമായത്?
(എ) സേനവംശം (ബി) പാലവംശം
(സി) രാഷ്ട്രകൂടവംശം (ഡി) പ്രതിഹാര വംശം
23. പാല, രാഷ്ട്രകൂട, പ്രതിഹാര വംശങ്ങൾ തമ്മിലുള്ള സംഘർഷത്തിന് നിദാനമായ സ്ഥലം:
(എ) കനൗജ് (ബി) പാടലീപുത്രം
(സി) മഗധ (ഡി) കശ്മീർ
24. നരസിംഹവർമൻ ഒന്നാമന്റെ കാലത്ത് കാഞ്ചി സന്ദർശിച്ച ചൈനീസ് സഞ്ചാരി:
(എ) ഫാഹിയാൻ (ബി) ഹ്യുയാൻസാങ്
(സി) മെഗസ്തനീസ് (ഡി) ഇട്സിങ്
25. പല്ലവ ശിൽപകലയുടെ കേന്ദ്രമായി വാഴ്ത്തപ്പെടുന്നത്: (എ) ഖജുരാഹോ
(ബി) മഹാബലിപുരം
(സി) ചിദംബരം (ഡി) പട്ടടക്കൽ
26. ആരുടെ കാലത്താണ് കവിയായ ഭാരവി കാഞ്ചി സന്ദർശിച്ചത്?
(എ) പരമേശ്വരവർമൻ (ബി) സിംഹവിഷ്ണു
(സി) നരസിംഹവർമൻ രണ്ടാമൻ
(ഡി) മഹേന്ദ്രവർമൻ
27. ഭാരവിയുടെ കിരാതാർജുനീയം ഏതിനെ അവലംബിച്ചാണ് രചിച്ചിരിക്കുന്നത്?
(എ) രാമായണം (ബി) ഋഗ്വേദം
(സി) മഹാഭാരതം (ഡി) സ്കന്ദപുരാണം
28. വിജയാലയ സ്ഥാപിച്ച രാജവംശമേത്?
(എ) പല്ലവ (ബി) രാഷ്ട്രകൂട
(സി) ചാലൂക്യ (ഡി) ചോള
29. നരസിംഹവർമൻ ഒന്നാമൻ സ്വീകരിച്ച സ്ഥാനപ്പേര്:
(എ) പരമേശ്വരൻ (ബി) വിക്രമാദിത്യൻ
(സി) മഹാമല്ലൻ (ഡി) വിചിത്രസത്തൻ
30. രാജസിംഹൻ എന്നറിയപ്പെട്ട പല്ലവ രാജാവ്:
(എ) മഹേന്ദ്രവർമൻ (ബി) സിംഹവിഷ്ണു
(സി) നരസിംഹവർമൻ രണ്ടാമൻ (ഡി) നരസിംഹവർമൻ ഒന്നാമൻ
31. ഏറ്റവും മഹാനായ പല്ലവ രാജാവ്:
(എ) പരമേശ്വര വർമൻ (ബി) മഹേന്ദ്രവർമൻ
(സി) നരസിംഹവർമൻ രണ്ടാമൻ (ഡി) നരസിംഹവർമൻ ഒന്നാമൻ
32. കാഞ്ചിയിൽ കൈലാസനാഥ ക്ഷേത്രം പണികഴിപ്പിച്ച പല്ലവരാജാവ്:
(എ) നരസിംഹവർമൻ രണ്ടാമൻ (ബി) മഹേന്ദ്രവർമൻ (സി) നരസിംഹവർമൻ ഒന്നാമൻ (ഡി) സിംഹവിഷ്ണു
33. ഏത് രാജാവിന്റെ കാലത്താണ് മഹാബലിപുരത്തെ തീരക്ഷേത്രങ്ങൾ നിർമിച്ചത്?
(എ) പരമേശ്വരവർമൻ (ബി) മഹേന്ദ്രവർമൻ
(സി) സിംഹവിഷ്ണു (ഡി) നരസിംഹവർമൻ രണ്ടാമൻ
34. അർജുനന്റ തപസ്സ് എന്ന ശിൽപം എവിടെയാണ്?
(എ)അജന്ത (ബി) എല്ലോറ
(സി) മഹാബലിപുരം (ഡി) ഖജുരാഹോ
35. ഏത് വംശത്തിന്റെ ഉയർച്ചയോടെയാണ് പല്ലവ വംശം ക്ഷയിച്ചത്?
(എ) ചോള (ബി) ചാലൂക്യ
(സി) രാഷ്ട്രകൂടർ (ഡി) ചോളർ
36. പല്ലവ സദസ്സിൽ ജീവിച്ചിരുന്ന കവി:
(എ) ബാണഭട്ടൻ (ബി) ഭവഭൂതി
(സി) കാളിദാസൻ (ഡി) ദണ്ഡി
37. മഹാബലിപുരത്തിനെ ഒരു തുറമുഖ നഗരമാക്കി വികസിപ്പിച്ചെടുത്ത പല്ലവ രാജാവ്:
(എ) മഹേന്ദ്രവർമൻ (ബി) പരമേശ്വര വർമൻ
(സി) നരസിംഹവർമൻ രണ്ടാമൻ (ഡി) നരസിംഹവർമൻ ഒന്നാമൻ
38. കൈലാസനാഥ ക്ഷേത്രം സമർപ്പിച്ചിരിക്കുന്നത് ഏത് മൂർത്തിക്കാണ്?
(എ) ബ്രഹ്മാവ് (ബി) വിഷ്ണു
(സി) മുരുകൻ (ഡി) ശിവൻ
39. പല്ലവ രാജ്യത്തിലെ വൈജ്ഞാനിക കേന്ദ്രം എന്ന നിലയിൽ പ്രസിദ്ധമായ സ്ഥലം:
(എ) മഹാബലിപുരം (ബി) കാഞ്ചി
(സി) തഞ്ചാവൂർ (ഡി) മഹോദയപുരം
40. ഏത് രാജവംശത്തിന്റെ കാലത്താണ് ദക്ഷിണേന്ത്യയിലാദ്യമായി ഗോപുരങ്ങളോട് കൂടിയ ക്ഷേത്രങ്ങൾ നിർമിക്കപ്പെട്ടത്?
(എ) ചേരർ (ബി) ചോളർ
(സി) പാണ്ഡ്യർ (ഡി) പല്ലവർ
41. മഹേന്ദ്രവർമൻ ഒന്നാമന്റെ സമകാലികനായിരുന്ന അപ്പർ ഏതു വിഭാഗത്തിൽപ്പെട്ട സന്ന്യാസിയായിരുന്നു?
(എ) ശൈവ (ബി) വൈഷ്ണവ
(സി) ബുദ്ധ (ഡി) ജൈന
42. വാതാപി കോണ്ട എന്ന സ്ഥാനപ്പേര് സ്വീകരിച്ച പല്ലവ രാജാവ്:
(എ) പരമേശ്വരവർമൻ (ബി) മഹേന്ദ്രവർമൻ
(സി) നരസിംഹവർമൻ രണ്ടാമൻ (ഡി) നരസിംഹവർമൻ ഒന്നാമൻ
43. മത്തവിലാസ പ്രഹസനം രചിച്ചത്:
(എ) മഹേന്ദ്രവർമൻ ഒന്നാമൻ (ബി) നരസിംഹവർമൻ
(സി) സിംഹവിഷ്ണു (ഡി) പരമേശ്വരവർമൻ
44. പല്ലവ രാജാവായിരുന്ന മഹേന്ദ്രവർമൻ ഒന്നാമൻ സ്വീകരിച്ച സ്ഥാനപ്പേര്:
(എ) മാമല്ലൻ (ബി) മഹാമല്ലൻ
(സി) വിക്രമാദിത്യൻ (ഡി) വിചിത്രസത്തൻ
45. 919 വർഷത്തെ ഉത്തരമേരൂർ ശിലാലിഖിതത്തിൽ പരാമർശിക്കപ്പെടുന്ന ചോളരാജാവ്:
(എ) കുലോത്തുംഗൻ (ബി) രാജേന്ദ്രൻ ഒന്നാമൻ
(സി) പരാന്തകൻ (ഡി) രാജരാജ ചോളൻ
46. 1018-ൽ ശ്രീലങ്ക കീഴടക്കിയ ചോളരാജാവ്:
(എ) രാജരാജൻ (ബി) രാജാധിരാജൻ
(സി) രാജേന്ദ്രൻ (ഡി) പരാന്തകൻ
47. ചിദംബരത്തെ നടരാജക്ഷേത്രത്തിന് സ്വർണ മേൽക്കൂര ദാനമായി നിർമിച്ചു നൽകിയ ചോളരാജാവ്:
(എ) കുലോത്തുംഗൻ (ബി) രാജരാജ ചോളൻ
(സി) പരാന്തകൻ (ഡി) രാജേന്ദ്ര ചോളൻ
48. ഗംഗൈ കൊണ്ട ചോളൻ എന്നറിയപ്പെട്ടത്:
(എ) രാജരാജ ചോളൻ (ബി) പരാന്തകൻ
(സി) രാജേന്ദ്രൻ ഒന്നാമൻ (ഡി) കുലോത്തുംഗൻ
49. മധുരൈ കൊണ്ട ചോളൻ എന്നറിയപ്പെട്ടത്:
(എ) വിജയാലയൻ (ബി) രാജേന്ദ്ര ചോളൻ
(സി) പരാന്തകൻ (ഡി) രാജരാജ ചോളൻ
50. വിജയാലയ ചോളൻ പാണ്ഡ്യൻമാരിൽനിന്ന് തഞ്ചാവൂർ പിടിച്ചെടുത്ത വർഷം:
(എ) എ.ഡി.850 (ബി) എ.ഡി.940
(സി) എ.ഡി.820 (ഡി) എ.ഡി.712
51. തഞ്ചാവൂരിലെ ബൃഹദേശ്വര ക്ഷേത്രം നിർമിച്ചത്:
(എ) രാജരാജൻ ഒന്നാമൻ (ബി) വിജയാലയൻ
(സി) രാജേന്ദ്ര ചോളൻ (ഡി) കുലോത്തുംഗൻ
52. ഗംഗൈകൊണ്ടചോളപുരത്ത് ബൃഹദേശ്വര ക്ഷേത്രം നിർമിച്ചത്:
(എ) രാജേന്ദ്രചോളൻ (ബി) പരാന്തകൻ
(സി) കുലോത്തുംഗൻ (ഡി) രാജരാജ ചോളൻ
53. നാഗപട്ടണത്ത് ബുദ്ധമതസങ്കേതം നിർമിക്കുന്നതിന് സുമാത്രയിലെ ശൈലേന്ദ്ര രാജാവുമായി സഹകരിച്ച ചോള രാജാവ്:
(എ) രാജരാജൻ (ബി) പരാന്തകൻ
(സി) രാജേന്ദ്രൻ (ഡി) കുലോത്തുംഗൻ
54. കൊപ്പം യുദ്ധത്തിൽ പരാജിതനായ ചോള രാജാവ്:
(എ) പരാന്തകൻ (ബി) രാജേന്ദ്രൻ ഒന്നാമൻ
(സി) രാജാധിരാജൻ (ഡി) കുലോത്തുംഗൻ
55. ചോളരാജാക്കൻമാരുടെ കിരീട ധാരണം നടന്നിരുന്ന സ്ഥലം:
(എ) തഞ്ചാവൂർ (ബി) ചിദംബരം
(സി) മധുര (ഡി) തിരുച്ചിറപ്പള്ളി
56. ഗംഗൈകൊണ്ട ചോളപുരം എന്ന തലസ്ഥാനം പണി

കഴിപ്പിച്ച ചോള രാജാവ്:
(എ) രാജരാജ ചോളൻ (ബി) പരാന്തകൻ
(സി) രാജാധിരാജൻ (ഡി) രാജേന്ദ്രചോളൻ

57. സുശക്തമായ നാവിക സേനയെ നിലനിർത്തിയിരുന്ന ദക്ഷിണേന്ത്യൻ രാജവംശമേത്?
(എ) ചോളർ (ബി) പാണ്ഡ്യർ
(സി) പല്ലവർ (ഡി) ചേരർ

58. ചുങ്കം ദവിർത്ത ചോളൻ എന്നറിയപ്പെട്ടത്:
(എ) കുലോത്തുംഗൻ (ബി) രാജേന്ദ്രൻ ഒന്നാമൻ
(സി) രാജാധിരാജൻ (ഡി) രാജരാജ ചോളൻ

59. തക്കോലം യുദ്ധത്തിൽ രാഷ്ട്രകൂട രാജാവ് കൃഷ്ണൻ മൂന്നാമൻ പരാജയപ്പെടുത്തിയ ചോള രാജാവ്:
(എ) പരാന്തകൻ (ബി) രാജരാജ ചോളൻ
(സി) രാജേന്ദ്രചോളൻ (ഡി) കുലോത്തുംഗൻ

60. ചോളരുടെ കലിംഗം ആക്രമണം പ്രമേയമാക്കി കലിംഗത്തുപരണി രചിച്ചത്:
(എ) കമ്പർ (ബി) തിരുവള്ളുവർ
(സി) അപ്പർ (ഡി) ജയകൊണ്ടർ

61. മാലിദ്വീപ് കീഴടക്കിയ ചോള രാജാവ്:
(എ) രാജേന്ദ്രചോളൻ (ബി) കുലോത്തുംഗൻ
(സി) വിജയാലയൻ (ഡി) രാജരാജ ചോളൻ

62. പണ്ഡിത ചോളൻ എന്നറിയപ്പെട്ട രാജാവ്:
(എ) രാജേന്ദ്രചോളൻ (ബി) വിജയാലയ
(സി) രാജാധിരാജൻ (ഡി) രാജരാജ ചോളൻ

63. ചോളവംശം താഴെപ്പറയുന്നവയിൽ ഏതിനായിരുന്നു പ്രസിദ്ധം?
(എ) ഗുഹാക്ഷേത്ര നിർമാണം (ബി) നഗര ഭരണം
(സി) ഗ്രാമഭരണം (ഡി) തീരക്ഷേത്ര നിർമാണം

64. തെക്കുകിഴക്കൻ ഏഷ്യയിലേക്ക് സേനയെ അയച്ച ചോള രാജാവ്:
(എ) പരാന്തകൻ (ബി) കുലോത്തുംഗൻ
(സി) രാജേന്ദ്രചോളൻ (ഡി) രാജരാജ ചോളൻ

65. ചോളൻമാരുടെ തലസ്ഥാനമായിരുന്നത്:
(എ) മധുര (ബി) കാഞ്ചീപുരം
(സി) തഞ്ചാവൂർ (ഡി) മഹോദയപുരം

66. ചിദംബരത്തെ നടരാജക്ഷേത്രം ആർക്ക് സമർപ്പിച്ചിരിക്കുന്നു?
(എ) വിഷ്ണു (ബി) മുരുകൻ
(സി) ശിവൻ (ഡി) ശ്രീകൃഷ്ണൻ

67. എ.ഡി.1000–ൽ കേരളം ആക്രമിച്ച ചോള രാജാവ്:
(എ) വിജയാലയ (ബി) പരാന്തകൻ
(സി) രാജേന്ദ്രചോളൻ (ഡി) രാജരാജ ചോളൻ

68. ചിദംബരത്തെ നടരാജവിഗ്രഹം നിർമിച്ച രാജവംശം:
(എ) ചോളർ (ബി) ചേരർ
(സി) പല്ലവർ (ഡി) പാണ്ഡ്യർ

69. മുമ്മുടി ചോളൻ എന്നറിയപ്പെട്ടത്:
(എ) വിജയാലയ (ബി) പരാന്തക
(സി) രാജരാജ ഒന്നാമൻ (ഡി) രാജേന്ദ്ര ചോളൻ

70. ബംഗാളിലെ രാജാവായ മാഹിപാലനെ തോൽപിച്ച ചോള രാജാവ്:
(എ) പരാന്തകൻ (ബി) രാജാധിരാജൻ
(സി) രാജേന്ദ്രൻ (ഡി) രാജരാജൻ

71. വെങ്ങി തലസ്ഥാനമാക്കി പൂർവ ചാലൂക്യവംശം സ്ഥാപിച്ചത്:
(എ) വിക്രമാദിത്യ രണ്ടാമൻ
(ബി) കുബ്ജ വിഷ്ണു വർധൻ
(സി) തൈലൻ (ഡി) ദന്തിദുർഗൻ

72. കല്യാണിൽ എ.ഡി.973–ൽ പശ്ചിമ ചാലൂക്യവംശം സ്ഥാപിച്ചത്:
(എ) ദന്തിദുർഗൻ (ബി) സിമുഖൻ
(സി) തൈലൻ (ഡി) കുബ്ജ വിഷ്ണു വർധൻ

73. ഹോയ്സാലൻമാരുടെ തലസ്ഥാനം:
(എ) ദേവഗിരി (ബി) പ്രതിഷ്ഠാനം
(സി) മാന്യഖേത (ഡി) ദ്വാരസമുദ്രം

74. ബേലൂരിലെ ചെന്നകേശവ ക്ഷേത്രം 1117–ൽ പണികഴിപ്പിച്ചത് ഏത് രാജവംശമാണ്?
(എ) ഹോയ്സാലർ (ബി) പല്ലവർ
(സി) യാദവർ (ഡി) പാണ്ഡ്യർ

75. യാദവ വംശത്തിന്റെ തലസ്ഥാനം:
(എ) ദേവഗിരി (ബി) ദ്വാരസമുദ്രം
(സി) കാഞ്ചീപുരം (ഡി) മധുര

76. കാകതീയ വംശത്തിന്റെ തലസ്ഥാനം:
(എ) കാഞ്ചീപുരം (ബി) വാറങ്കൽ
(സി) തഞ്ചാവൂർ (ഡി) മാന്യഖേത

77. മയൂരവർമൻ സ്ഥാപിച്ച രാജവംശം:
(എ) ശതവാഹനവംശം (ബി) ചന്ദേല വംശം
(സി) പുഷ്യഭൂതി വംശം (ഡി) കദംബ വംശം

78. സേനൻമാർ ഏതു പ്രദേശമാണ് ഭരിച്ചത്?
(എ) പഞ്ചാബ് (ബി) ബംഗാൾ
(സി) ഗുജറാത്ത് (ഡി) മഹാരാഷ്ട്ര

79. സേനൻമാരുടെ തലസ്ഥാനമായിരുന്നത്:
(എ) മാന്യഖേത (ബി) ഉജ്ജയിനി
(സി) ഖജുരാഹോ (ഡി) നബദ്വീപ്

80. സേനവംശത്തിന്റെ സ്ഥാപകൻ:
(എ) ഹേമന്തസേനൻ (ബി) ബല്ലാളസേനൻ
(സി) വിജയസേനൻ (ഡി) രുദ്രസേനൻ

81. വിജയസേനൻ ഏത് വംശത്തിലെ ഏറ്റവും മഹാനായ രാജാവായിരുന്നു?
(എ) ചാലൂക്യ (ബി) രാഷ്ട്രകൂട
(സി) പ്രതിഹാര (ഡി) സേന

82. സേന വംശം പ്രോത്സാഹിപ്പിച്ചിരുന്ന മതം:
(എ) ജൈന (ബി) ബുദ്ധ
(സി) ഹിന്ദു (ഡി) ഇവയൊന്നുമല്ല

83. സേനവംശത്തിനുശേഷം ബംഗാൾ ഭരിച്ച ദേവ വംശത്തിന്റെ തലസ്ഥാനം:
(എ) മോംഗിർ (ബി) വിക്രംപൂർ
(സി) മുർഷിദാബാദ് (ഡി) കൽക്കട്ട

84. അവന്തിനാഥൻ എന്ന ബിരുദം സ്വീകരിച്ച ജയസിംഹ സിദ്ധരാജ ഏത് വംശത്തിലെ രാജാവായിരുന്നു?
(എ) ഗുപ്ത (ബി) ചാലൂക്യ
(സി) പാല (ഡി) പ്രതിഹാര

85. ഗുജറാത്ത് ഭരിച്ച സോളങ്കി(ചാലൂക്യ)വംശത്തിലെ ഏറ്റവും മഹാനായ രാജാവ്:
(എ) ദന്തിദുർഗൻ (ബി) വിജയസേനൻ
(സി) ജയചന്ദ്രൻ (ഡി) ജയസിംഹസിദ്ധരാജ

86. സോളങ്കി വംശത്തിന്റെ തലസ്ഥാനമായിരുന്നത്:
(എ) അൻഹിൽവാര (ബി) ത്രിപുരി
(സി) ഉദയ്പൂർ (ഡി) ഉജ്ജയിനി

87. ജൈനപണ്ഡിതനായ ഹേമചന്ദ്രൻ ആരുടെ സദസ്യനായിരുന്നു?
(എ) ജയസിംഹസിദ്ധരാജ(ബി) യശോവർമൻ
(സി) സമുദ്രഗുപ്തൻ (ഡി) ദന്തിദുർഗൻ

88. പ്രാകൃതഭാഷയുടെ പാണിനി എന്നറിയപ്പെട്ടത്:
(എ) ഭവഭൂതി (ബി) ഹേമചന്ദ്രൻ
(സി) ബാണഭട്ടൻ (ഡി) ജയദേവൻ

89. കനൗജിലെ ഗഹഡ്‌വാലവംശത്തിലെ ആദ്യ രാജാവ്:
(എ) ചന്ദ്രദേവൻ (ബി) ജയചന്ദ്രൻ
(സി) ജയസിംഹൻ (ഡി) അവന്തിനാഥൻ

90. അജയരാജൻ സ്ഥാപിച്ച നഗരം:
(എ) ജയ്പൂർ (ബി) കോട്ട
(സി) ജോധ്പൂർ (ഡി) അജ്മീർ

91. കനൗജിലെ ഗഹഡ്‌വാല വംശത്തിലെ അവസാനത്തെ രാജാവ്:
(എ) ജയചന്ദ്രൻ (ബി) ഹേമചന്ദ്രൻ
(സി) ജയസിംഹസിദ്ധരാജ (ഡി) ദേവഭൂതി

92. ഇന്ത്യ ആക്രമിച്ച ആദ്യത്തെ മുസ്ലിം ആക്രമണകാരി:
(എ) മഹ്മൂദ് ഗസ്നി (ബി) മുഹമ്മദ് ബിൻ കാസിം
(സി) മുഹമ്മദ് ഗോറി (ഡി) തിമൂർ

93. ഇന്ത്യയിലെ ഏതു പ്രദേശമാണ് മുഹമ്മദ് ബിൻ കാസിം എ.ഡി. 712–ൽ ആക്രമിച്ചത്?
(എ) പഞ്ചാബ് (ബി) സിന്ധ്
(സി) ബംഗാൾ (ഡി) കശ്മീർ

94. മുഹമ്മദ് ബിൻ കാസിം ആക്രമിക്കുമ്പോൾ സിന്ധിലെ ഹിന്ദു രാജാവ്:
(എ) പോറസ് (ബി) പുരുഷോത്തമൻ
(സി) ദാഹിർ (ഡി) ജയചന്ദ്രൻ

95. പതിനേഴുതവണ ഇന്ത്യ ആക്രമിച്ച മുസ്ലിം ഭരണാധികാരി:
(എ) മുഹമ്മദ് ബിൻ കാസിം (ബി) തിമൂർ
(സി) മുഹമ്മദ് ഗോറി (ഡി) മഹ്മൂദ് ഗസ്നി

96. ഏത് വർഷമാണ് മഹ്മൂദ് ഗസ്നി ആദ്യമായി ഇന്ത്യ ആക്രമിച്ചത്?
(എ) 1191 (ബി) 1000
(സി) 1192 (ഡി) 712

97. മഹമൂദ് ഗസ്നിയുടെ ആസ്ഥാനകവി:
(എ) ഖലീൽ ജിബ്രാൻ (ബി) ഫിർദൗസി
(സി) അൽബെറൂണി (ഡി) ഇവരാരുമല്ല

98. മഹമൂദ് ഗസ്നിയുടെ പിതാവ്:
(എ) സബുക്തിജിൻ (ബി) തിമൂർ
(സി) ചെംഗിസ് ഖാൻ (ഡി) ഇവരാരുമല്ല

99. ഫിർദൗസി രചിച്ച പ്രധാനകൃതി:
(എ) കിതാബ് ഉൽ ഹിന്ദ് (ബി) ഷാനാമ
(സി) സിയുകി (ഡി) ഇതൊന്നുമല്ല

100. അബുൽ ഹസൻ അലി അൽമാസ് ഊദി ഏത് പേരിലാണ് ഇന്ത്യാചരിത്രത്തിൽ അറിയപ്പെടുന്നത്?
(എ) അൽ മസൂദി (ബി) അൽ ബെറൂണി
(സി) ഫിർദൗസി (ഡി) ഇബ്ൻ ബത്തൂത്ത

101. മഹ്മൂദ് ഗസ്നിയുടെ സേനയ്ക്കൊപ്പം ഇന്ത്യയിലെത്തിയ ചരിത്രകാരൻ:
(എ) ഫെയ്സി (ബി) സുലൈമാൻ
(സി) അൽ ബെറൂണി (ഡി) ഫിർദൗസി

102. കിതാബ് ഉൽ ഹിന്ദ് രചിച്ചത്:
(എ) ഫിർദൗസി (ബി) അൽ ബെറൂണി
(സി) അൽ മസൂദി (ഡി) ഇവരാരുമല്ല

103. ഏത് ഭാഷയിലാണ് ഷാ നാമ രചിക്കപ്പെട്ടത്?
(എ) സംസ്കൃതം (ബി) പേർഷ്യൻ
(സി) ലാറ്റിൻ (ഡി) ഉറുദു

104. ഒന്നാം താനേശ്വർ യുദ്ധത്തിൽ വിജയിച്ചത്?
(എ) മുഹമ്മദ് ഗോറി (ബി) പൃഥ്വിരാജ് ചൗഹാൻ
(സി) ജയചന്ദ്രൻ (ഡി) മഹമൂദ് ഗസ്നി

105. ഒന്നാം താനേശ്വർ യുദ്ധം നടന്ന വർഷം:
(എ) 1191 (ബി) 1192
(സി) 1193 (ഡി) 1194

106. രണ്ടാം താനേശ്വർ യുദ്ധത്തിൽ വിജയിച്ചത്?
(എ) മുഹമ്മദ് ഗസ്നി (ബി) ജയചന്ദ്രൻ
(സി) പൃഥ്വിരാജ് ചൗഹാൻ(ഡി) മുഹമ്മദ് ഗോറി

107. രണ്ടാം താനേശ്വർ യുദ്ധം നടന്ന വർഷം:
(എ) 1192 (ബി) 1193
(സി) 1194 (ഡി) 1195

108. മുസ്ലിം ചരിത്രകാരൻമാർ റായി പിത്തോറ എന്ന് വിശേഷിപ്പിക്കുന്നതാരെയാണ്?
(എ) പൃഥ്വിരാജ് ചൗഹാൻ(ബി) മുഹമ്മദ് ഗോറി
(സി) മഹമൂദ് ഗസ്നി (ഡി) മുഹമ്മദ് ബിൻ കാസിം

109. മുഹമ്മദ് ഗോറി മുൾട്ടാൻ പിടിച്ചെടുത്ത വർഷം:
(എ) 1170 (ബി) 1175
(സി) 1191 (ഡി) 1192

110. 1175–ൽ പഞ്ചാബ് ആക്രമിച്ചതാര്?
(എ) മഹ്മൂദ് ഗസ്നി (ബി) ചെംഗിസ് ഖാൻ
(സി) മുഹമ്മദ് ഗോറി (ഡി) മുഹമ്മദ് ബിൻ കാസിം

111. ഇന്ത്യയിൽ മുസ്ലിം ഭരണത്തിന് അടിത്തറ പാകിയത്:
(എ) മുഹമ്മദ് ഗോറി
(ബി) മുഹമ്മദ് ബിൻ കാസിം(സി) ബാബർ
(ഡി) മഹമൂദ് ഗസ്നി

112. ഏത് വർഷമാണ് മുഹമ്മദ് ഗോറി അന്തരിച്ചത്?
(എ) 1200 (ബി) 1206
(സി) 1204 (ഡി) 1210

113. പൃഥ്വിരാജ് ചൗഹാന്റെ രാജ്ഞി ആരായിരുന്നു?
(എ) സംയുക്ത (ബി) രൂപ്മതി
(സി) പത്മിനി (ഡി) രുദ്രാംബ

114. ഇന്ത്യയിൽ ഇക്താ സമ്പ്രദായം ആദ്യമായി കൊണ്ടുവന്നത്:
(എ) മഹ്മൂദ് ഗസ്നി (ബി) മുഹമ്മദ് ഗോറി
(സി) കുത്തബ്ദ്ദീൻ ഐബക്
(ഡി) മുഹമ്മദ് ബിൻ കാസിം

115. ഇന്ത്യയിൽ ഇക്താ സമ്പ്രദായം സാമ്പ്രദായിക രീതിയിലാക്കിയത്:
(എ) ബാബർ (ബി) മുഹമ്മദ് ഗോറി
(സി) കുത്തബ്ദ്ദീൻ ഐബക് (ഡി) അക്ബർ

116. ഹിന്ദി സാഹിത്യത്തിനു തുടക്കം കുറിച്ച പൃഥ്വിരാജറാസോ എന്ന കൃതി രചിച്ചത്:
(എ) ഭവഭൂതി (ബി) ജയദേവൻ
(സി) കൽഹണൻ (ഡി) ചന്ദ്രവരദായി

117. ചന്ദ്‌വാറിൽ വച്ചുനടന്ന യുദ്ധത്തിൽ (1194) മുഹമ്മദ് ഗോറി പരാജയപ്പെടുത്തിയ കനൗജിലെ രാജാവ്:
(എ) ജയചന്ദ്രൻ (ബി) പൃഥ്വിരാജ് ചൗഹാൻ
(സി) ജയസിംഹൻ (ഡി) ഇവരാരുമല്ല

118. നളന്ദ സർവകലാശാല തകർത്തത്:
(എ) അലാവുദ്ദീൻ ഖിൽജി (ബി) ബക്തിയാർ ഖൽജി
(സി) ബാൽബൻ (ഡി) ഔറംഗസീബ്

119. ഏത് വർഷമാണ് കുത്തബ്ദ്ദീൻ ഐബക് ലാഹോറിൽ സിംഹാസനസ്ഥനായത്?
(എ) 1206 (ബി) 1192
(സി) 1196 (ഡി) 1198

120. ലക്ഷബക്ഷ അഥവാ ലക്ഷം ദാനം ചെയ്യുന്നവൻ എന്നറിയപ്പെട്ട ഡൽഹി സുൽത്താൻ:
(എ) ബാൽബൻ (ബി) ഇൽത്തുമിഷ്
(സി) കുത്തബ്ദ്ദീൻ ഐബക്
(ഡി) അലാവുദ്ദീൻ ഖിൽജി

121. പേർഷ്യൻ ഉത്സവമായ നവ്റോസ് ഇന്ത്യയ്ക്ക് പരിചയപ്പെടുത്തിയ സുൽത്താൻ:
(എ) അലാവുദ്ദീൻ ഖിൽജി

(ബി) കുത്തബ്ദ്ദീൻ ഐബക്(സി) ബാൽബൻ
(ഡി) ഇൽത്തുമിഷ്

122. ലാഹോറിനു പകരം ഡൽഹി തലസ്ഥാനമാക്കിയ സുൽത്താൻ:
(എ) ബാൽബൻ (ബി) ഇൽത്തുമിഷ്
(സി) കുത്തബ്ദ്ദീൻ ഐബക് (ഡി) അലാവുദ്ദീൻ ഖിൽജി

123. ഇന്ത്യയിൽ ഇസ്ലാമികശൈലിയിൽ നിർമിക്കപ്പെട്ട ആദ്യത്തെ മന്ദിരമായ കുവത്ത്-ഉൽ-ഇസ്ലാം മോസ്കിന്റെ(1191-98) നിർമാതാവ്:
(എ) ഇൽത്തുമിഷ് (ബി) മുഹമ്മദ് ഗോറി
(സി) കുത്തബ്ദ്ദീൻ ഐബക് (ഡി) ബാബർ

124. ഇൽത്തുമിഷ് പ്രചരിപ്പിച്ച വെള്ളിനാണയം :
(എ) തങ്ക (ബി) ജിതൽ
(സി) നിഷ്ക (ഡി) മോഹർ

125. ഇൽത്തുമിഷ് പ്രചരിപ്പിച്ച ചെമ്പുനാണയം :
(എ) റുപിയ (ബി) തങ്ക
(സി) ജിതൽ (ഡി) നിഷ്ക

126. ആരുടെ അടിമയായിരുന്നു കുത്തബ്ദ്ദീൻ ഐബക്?
(എ) മുഹമ്മദ് ഗോറി (ബി) മഹ്മൂദ് ഗസ്നി
(സി) മുഹമ്മദ് ബിൻ കാസിം (ഡി) തിമൂർ

127. ഇൽത്തുമിഷ് തന്റെ പിൻഗാമിയായി തിരഞ്ഞെടുത്തത് ആരെയാണ്?
(എ) കുത്തബ്ദ്ദീൻ ഐബക് (ബി) റസിയ
(സി) ബാൽബൻ (ഡി) കൈഖുബാദ്

128. അർഹായ് ദിൻ കാ ജോൻപര പണികഴിപ്പിച്ചതാര്?
(എ) ബാബർ (ബി) മുഹമ്മദ് ഗോറി
(സി) കുത്തബ്ദ്ദീൻ ഐബക് (ഡി) ഇൽത്തുമിഷ്

129. ബാഗ്ദാദിലെ ഖലീഫയുടെ പേര് നാണയങ്ങളിൽ ആലേഖനം ചെയ്ത അടിമ സുൽത്താൻ:
(എ) റസിയ (ബി) ഇൽത്തുമിഷ്
(സി) കുത്തബ്ദ്ദീൻ ഐബക് (ഡി) ബാൽബൻ

130. പൃഥ്വിരാജ് ചൗഹാന്റെ രാജധാനിയായിരുന്ന നഗരമേത്?
(എ) അജ്മീർ (ബി) പെഷവാർ
(സി) ഉജ്ജയിനി (ഡി) മാന്യഖേത

131. ചൗഹാൻവംശത്തിലെ ഏറ്റവും പ്രശസ്തനായ രാജാവ്:
(എ) അജയ്രാജ് ചൗഹാൻ
(ബി) പൃഥ്വിരാജ് ചൗഹാൻ
(സി) ജയചന്ദ്രൻ (ഡി) ഇവരാരുമല്ല

132. അടിമവംശ സ്ഥാപകൻ ആരായിരുന്നു?
(എ) കുത്തബ്ദ്ദീൻ ഐബക് (ബി) മുഹമ്മദ് ഗോറി
(സി) ബാൽബൻ (ഡി) ഇൽത്തുമിഷ്

133. എത്രാം ശതകത്തിലാണ് കുത്തബ്മിനാർ നിർമിച്ചത്?
(എ) 12 (ബി) 13
(സി) 14 (ഡി) 15

134. അജ്മീരിൽ അർഹായി ദിൻ കാ ജോൻപരാ പണികഴിപ്പിച്ചത് ആരാണ്?
(എ) ബാൽബൻ (ബി) കുത്തബ്ദ്ദീൻ ഐബക്
(സി) റസിയ ബീഗം (ഡി) മുഹമ്മദ് ഗോറി

135. റസിയാ സുൽത്താന വധിക്കപ്പെട്ട വർഷം:
(എ) 1232 (ബി) 1236
(സി) 1240 (ഡി) 1244

136. കുത്തബ്മിനാറിന്റെ നിർമാണം ആരംഭിച്ചത്:
(എ) കുത്തബ്ദ്ദീൻ ഐബക് (ബി) ബാൽബൻ
(സി) മുഹമ്മദ് ഗോറി (ഡി) ഇൽത്തുമിഷ്

137. അടിമവംശത്തിലെ ഏത് ഭരണാധികാരിയുടെ കാലത്താണ് കുത്തബ്മിനാറിന്റെ നിർമാണം പൂർത്തിയാക്കിയത്?
(എ) ഇൽത്തുമിഷ് (ബി) കുത്തബ്ദ്ദീൻ ഐബക്
(സി) റസിയ ബീഗം (ഡി) ബാൽബൻ

138. ആരുടെ പേരുമായാണ് കുത്തബ്മിനാറിനു ബന്ധം ?
(എ) കുത്തബ്ദ്ദീൻ ഐബക്
(ബി) ഖ്വാജാ കുത്തബ്ദ്ദീൻ (സി) ബാൽബൻ
(ഡി) ഇവരാരോടുമല്ല

139. തന്റെ ഭരണകാലത്ത് ഒരിക്കലും ചിരിക്കാതിരുന്ന അടിമ സുൽത്താൻ:
(എ) ഇൽത്തുമിഷ് (ബി) റസിയ ബീഗം
(സി) ബാൽബൻ (ഡി) കുത്തബ്ദ്ദീൻ ഐബക്

140. പോളോ കളിക്കുന്നതിനിടെ കുതിരപ്പുറത്തുനിന്നു വീണു മരിച്ച ഡൽഹി സുൽത്താൻ:
(എ) ജലാലുദ്ദീൻ ഖിൽജി (ബി) ബാൽബൻ
(സി) ഇൽത്തുമിഷ് (ഡി) കുത്തബ്ദ്ദീൻ ഐബക്

141. കുത്തബ്ദ്ദീൻ ഐബക്കിനുശേഷം കുറച്ചുകാലത്തേക്ക് പിൻഗാമിയായ ആരാം ഷായെ തോൽപിച്ച് ഡൽഹി സുൽത്താനായത് ആരാണ്?
(എ) ബാൽബൻ (ബി) അലാവുദ്ദീൻ ഖിൽജി
(സി) റസിയ ബീഗം (ഡി) ഇൽത്തുമിഷ്

142. ഇൽത്തുമിഷിന്റെ പിൻഗാമിയായി അദ്ദേഹത്തിന്റെ സദസ്സിലെ പ്രഭുക്കൻമാർ അവരോധിച്ച ഇൽത്തുമിഷിന്റെ മൂത്തപുത്രൻ:
(എ) രുക്നുദ്ദീൻ ഫിറോസ് (ബി) ബാൽബൻ
(സി) ആരാം ഷാ (ഡി) കൈഖുബാദ്

143. ഇന്ത്യയിൽ ഇക്തദാരി സമ്പ്രദായം അവതരിപ്പിച്ചത്:
(എ) ഇൽത്തുമിഷ് (ബി) കുത്തബ്ദ്ദീൻ ഐബക്
(സി) അലാവുദ്ദീൻ ഖിൽജി (ഡി) ബാബർ

144. ഏത് അബിസീനിയൻ അടിമയോടാണ് സുൽത്താന റസിയ അമിതമായ ദാക്ഷിണ്യം കാണിച്ചത്?
(എ) മാലിക് കാഫർ (ബി) ജലാലുദ്ദീൻ യാക്കൂത്ത്
(സി) ഉലൂഘ് ഖാൻ (ഡി) രുക്നുദ്ദീൻ ഫിറോസ്

145. പൈബോസ്,സിജ്ദ എന്നീ ആചാരങ്ങൾ ആരംഭിച്ച അടിമ സുൽത്താൻ:
(എ) കുത്തബ്ദ്ദീൻ ഐബക് (ബി) ഇൽത്തുമിഷ്
(സി) ബാൽബൻ (ഡി) റസിയ ബീഗം

146. ചെങ്കിഷ്ഖാന്റെ യഥാർഥപേര്:
(എ) തെമുജിൻ (ബി) നൈസാം ഖാൻ
(സി) സഹിറുദ്ദീൻ (ഡി) ഉലൂഘ് ഖാൻ

147. ഏത് അടിമസുൽത്താന്റെ കാലത്താണ് ചെങ്കിഷ്ഖാന്റെ ആക്രമണഭീഷണി നേരിട്ടത്?
(എ) ബാൽബൻ (ബി) കുത്തബ്ദ്ദീൻ ഐബക് (സി) റസിയ ബീഗം
(ഡി) ഇൽത്തുമിഷ്

148. ഡെൽഹി സുൽത്താനേറ്റിന്റെ തലസ്ഥാനമായത് ആരുടെ കാലത്താണ്?
(എ) അലാവുദ്ദീൻ ഖിൽജി (ബി) ബാൽബൻ
(സി) മുഹമ്മദ് ബിൻ തുഗ്ലക് (ഡി) ഇൽത്തുമിഷ്

149. ദൈവത്തിന്റെ പ്രതിപുരുഷൻ എന്ന സ്ഥാനപ്പേരു സ്വീകരിച്ച, അടിമവംശത്തിലെ സുൽത്താൻ
(എ) കുത്തബ്ദ്ദീൻ ഐബക്
(ബി) റസിയ ബീഗം (സി) ബാൽബൻ
(ഡി) ഇൽത്തുമിഷ്

150. ദൈവഭൂമിയുടെ സംരക്ഷകൻ എന്നു വർണിക്കപ്പെട്ട ഡൽഹി സുൽത്താൻ:
(എ) കുത്തബ്ദ്ദീൻ ഐബക് (ബി) റസിയ ബീഗം
(സി) ബാൽബൻ (ഡി) ഇൽത്തുമിഷ്

151. ഇരുമ്പിന്റെയും നിണത്തിന്റെയും നയം ആവിഷ്കരിച്ച ഡെൽഹി സുൽത്താൻ:
(എ) ഇൽത്തുമിഷ് (ബി) മുഹമ്മദ് ബിൻ തുഗ്ലക്
(സി) ബാൽബൻ (ഡി) കുത്തബ്ദ്ദീൻ ഐബക്

152. ബാൽബന്റെ യഥാർഥപേര്:
(എ) ഉലൂഘ്ഖാൻ (ബി) നൈസാം ഖാൻ
(സി) കൈഖുബാദ് (ഡി) ഇതൊന്നുമല്ല

153. ഏറ്റവും കൂടുതൽ കാലം ഭരിച്ച അടിമ സുൽത്താൻ:
(എ) ബാൽബൻ (ബി) കുത്തബ്ദ്ദീൻ ഐബക്
(സി) കൈഖുബാദ് (ഡി) ഇൽത്തുമിഷ്

154. രാജാവ് ദൈവത്തിന്റെ നിഴലാണ് എന്നു വിശ്വസിച്ച ഡെൽഹി സുൽത്താൻ ആരാണ്?
(എ) ഇൽത്തുമിഷ് (ബി) ജലാലുദ്ദീൻ ഖിൽജി
(സി) ബാൽബൻ (ഡി) കുത്തബ്ദ്ദീൻ ഐബക്

155. രാജകുടുംബത്തിൽപ്പെടാത്തവർക്ക് ഉന്നത പദവികൾ നൽകാൻ വിസമ്മതിച്ച അടിമ സുൽത്താൻ:
(എ) കുത്തബ്ദ്ദീൻ ഐബക് (ബി) ഇൽത്തുമിഷ്
(സി) ബാൽബൻ (ഡി) കൈഖുബാദ്

156. സുൽത്താന റസിയയെ വിവാഹം കഴിച്ചത്:
(എ) ജലാലുദ്ദീൻ യാക്കൂത്ത് (ബി) അൽത്തുനിയ
(സി) രുക്നുദ്ദീൻ ഫിറോസ് (ഡി) മാലിക് കാഫർ

157. ചാലിസ എന്ന, നാൽപതംഗ മതമേധാവികളുടെ സംഘത്തെ അമർച്ച ചെയ്ത ഡെൽഹി സുൽത്താൻ:
(എ) കുത്തബ്ദ്ദീൻ ഐബക്(ബി) ആരാം ഖാൻ
(സി) ബാൽബൻ (ഡി) ഇൽത്തുമിഷ്

158. ആരെ പിന്തുടർന്നാണ് ബാൽബൻ ഡൽഹി സുൽത്താനായത്?
(എ) നാസിറുദ്ദീൻ മഹ്മൂദ്
(ബി) കുത്തബ്ദ്ദീൻ ഐബക്
(സി) ഇൽത്തുമിഷ് (ഡി) കൈഖുബാദ്

159. ഒരുകാലത്ത് ഇൽത്തുമിഷിന്റെ മകന്റെ കീഴിൽ നയിബ് ആയി സേവനമനുഷ്ഠിച്ചിരുന്ന ഡെൽഹി സുൽത്താൻ ആരായിരുന്നു?
(എ) കൈഖുബാദ് (ബി) ബാൽബൻ
(സി) ജലാലുദ്ദീൻ ഖിൽജി (ഡി) അലാവുദ്ദീൻ ഖിൽജി

160. സുൽത്താന്റെ പാദം ചുംബിക്കുന്ന പേർഷ്യൻ ആചാരം:
(എ) നൗറോസ് (ബി) പൈബോസ്
(സി) സിജ്ദ (ഡി) ഇവയൊന്നുമല്ല

161. അടിമവംശത്തിലെ അവസാനത്തെ ഭരണാധികാരി:
(എ) കൈഖുബാദ് (ബി) ബാൽബൻ
(സി) റസിയ (ഡി) ആരം ഖാൻ

162. അടിമവംശത്തിന്റെ മറ്റൊരുപേര്:
(എ) ഖിൽജി വംശം (ബി) ഇൽബാരി വംശം
(സി) തുഗ്ലക് വംശം (ഡി) സയ്യിദ് വംശം

163. ഏതുവംശമാണ് ഗുലാം വംശം എന്ന പേരിലും പരാമർശിക്കപ്പെടുന്നത്?
(എ) അടിമവംശം (ബി) ഖിൽജി വംശം
(സി) തുഗ്ലക് വംശം (ഡി) സയ്യിദ് വംശം

164. ഏതുവംശജരായിരുന്നു അടിമ സുൽത്താൻമാർ?
(എ) മംഗോളിയൻ (ബി) അഫ്ഗാൻ
(സി) തുർക്കി (ഡി) പേർഷ്യൻ

165. ഖിൽജി വംശം സ്ഥാപിച്ച ജലാലുദ്ദീൻ ഖിൽജിയുടെ യഥാർഥ പേര്?
(എ) ഫിറോസ് ഷാ (ബി) നൈസാം ഖാൻ
(സി) ഉലൂഘ് ഖാൻ (ഡി) ആരം ഷാ

166. മേമലൂക് സുൽത്താൻമാർ എന്നുവിളിക്കപ്പെടുന്നത് ഏതു വംശത്തിലെ ഭരണാധികാരികളാണ്?
(എ) ഖിൽജി വംശം (ബി) അടിമവംശം
(സി) ലോദി വംശം (ഡി) തുഗ്ലക് വംശം

167. ബാൽബന്റെ ശവകുടീരം എവിടെയാണ്?
(എ) ഡൽഹി (ബി) ആഗ്ര
(സി) ലാഹോർ (ഡി) അജ്മീർ

168. അടിമവംശത്തിന്റെ ഭരണകാലം:
(എ) 1192-1290 (ബി) 1206-1290
(സി) 1200-1290 (ഡി) 12230-1292

169. അടിമവംശത്തിലെ സുൽത്താൻമാരിൽ ഏറ്റവും മഹാനായി കരുതപ്പെടുന്നത്:
(എ) റസിയ (ബി) ഇൽത്തുമിഷ്
(സി) കുത്തബ്ദ്ദീൻ ഐബക് (ഡി) കൈഖുബാദ്

170. സാരംഗി എന്ന സംഗീതോപകരണം ഇന്ത്യയിൽ കൊണ്ടുവന്നത്:
(എ) ഗ്രീക്കുകാർ (ബി) അഫ്ഗാനികൾ
(സി) പേർഷ്യക്കാർ (ഡി) തുർക്കികൾ

171. ഭരിക്കപ്പെടുന്നവരുടെ പിന്തുണയോടുകൂടിവേണം ഭരണം എന്ന കാഴ്ചപ്പാട് മുന്നോട്ടുവെച്ച ആദ്യ ഡൽഹി സുൽത്താൻ:
(എ) ബാൽബൻ (ബി) ഇൽത്തുമിഷ്
(സി) ജലാലുദ്ദീൻ ഖിൽജി (ഡി) അലാവുദ്ദീൻ ഖിൽജി

172. ഖിൽജി സുൽത്താൻമാർ ഏതു വംശജരായിരുന്നു?
(എ) തുർക്കി (ബി) അഫ്ഗാൻ
(സി) പേർഷ്യൻ (ഡി) മംഗോൾ

173. ഡൽഹിയിൽ ആദ്യമായി കമ്പോള നിയന്ത്രണം ഏർപ്പെടുത്തിയ ഭരണാധികാരി:
(എ) ജലാലുദ്ദീൻ ഖിൽജി (ബി) അലാവുദ്ദീൻ ഖിൽജി (സി) കുത്തബ്ദ്ദീൻ ഐബക് (ഡി) ഇൽത്തുമിഷ്

174. അലാവുദ്ദീൻ ഖിൽജി പണി കഴിപ്പിച്ച നഗരം:
(എ) ആഗ്ര (ബി) ലാഹോർ
(സി) സിരി (ഡി) പാറ്റ്ന

175. ഇന്ത്യയുടെ തത്ത എന്നറിയപ്പെട്ടത്:
(എ) അമീർ ഖുസ്രു (ബി) താൻസെൻ
(സി) തുളസീദാസ് (ഡി) ഫൈസി

176. അലാവുദ്ദീൻ ഖിൽജിയുടെ ഏറ്റവും പ്രധാനപ്പെട്ട പരിഷ്കാരം:
(എ) നാണയ പരിഷ്കരണം
(ബി) കമ്പോള നിയന്ത്രണം
(സി) സൈന്യ പരിഷ്കരണം (ഡി) തലസ്ഥാന മാറ്റം

177. ഏത് വർഷമാണ് അലാവുദ്ദീൻ ഖിൽജി ഡെൽഹി സുൽത്താനായത്?
(എ) 1296 (ബി) 1300
(സി) 1306 (ഡി) 1298

178. ആയിരം തൂണുകളുടെ കൊട്ടാരം (പാലസ് ഓഫ് തൗസന്റ് പില്ലേഴ്സ്) നിർമിച്ചത്:
(എ) ജലാലുദ്ദീൻ ഖിൽജി (ബി) ബാൽബൻ
(സി) അലാവുദ്ദീൻ ഖിൽജി (ഡി) ഇൽത്തുമിഷ്

179. അലാവുദ്ദീൻ ഖിൽജിയുടെ സദസ്യനായിരുന്ന കവി:
(എ) അമീർ ഖുസ്രു (ബി) തുളസീദാസ്
(സി) ജയദേവൻ (ഡി) ഭവഭൂതി

180. സ്ഥിരം സൈന്യത്തെ നിലനിർത്തിയ ആദ്യ ഡെൽഹി സുൽത്താൻ:
(എ) ബാൽബൻ (ബി) അലാവുദ്ദീൻ ഖിൽജി
(സി) ഇൽത്തുമിഷ് (ഡി) സിക്കന്ദർ ലോധി

181. ഏതിന്റെ കവാടമാണ് അലൈ ദർവാസ?
(എ) താജ്മഹൽ (ബി) ഫത്തേപൂർ സിക്രി
(സി) കുത്തബ്മിനാർ (ഡി) ചാർമിനാർ

182. അലൈ ദർവാസ പണികഴിപ്പിച്ചത്:
(എ) ജലാലുദ്ദീൻ ഖിൽജി(ബി) അലാവുദ്ദീൻ ഖിൽജി
(സി) ഇൽത്തുമിഷ് (ഡി) മുഹമ്മദ് ഗോറി

183. അലാവുദ്ദീൻ ഖിൽജിയുടെ സേനാനായകൻ:
(എ) മാലിക് കാഫർ (ബി) ഹെമു

(സി) നൈസാം ഖാൻ (ഡി) തോഡർമൽ
184. അലാവുദ്ദീൻ ഖിൽജി ആക്രമിച്ച പ്രതാപരുദ്രദേവൻ എവിടുത്തെ രാജാവായിരുന്നു?
(എ) ദ്വാരസമുദ്രം (ബി) അവധ്
(സി) ഗുജറാത്ത് (ഡി) വാറങ്ങൽ
185. ലൈല മജ്നു എന്ന ഗ്രന്ഥത്തിന്റെ കർത്താവ്:
(എ) അൽബെറൂണി (ബി) അമീർ ഖുസ്രു
(സി) അബുൾ ഫാസൽ (ഡി) ഫെയ്സി
186. ഏറ്റവും കൂടുതൽകാലം ഭരിച്ച ഖിൽജി സുൽത്താൻ:
(എ) അലാവുദ്ദീൻ ഖിൽജി(ബി) ജലാലുദ്ദീൻ ഖിൽജി
(സി) ബക്തിയാർ ഖിൽജി (ഡി) ഇവരാരുമല്ല
187. ഹിന്ദി വാക്കുകൾ രചനയ്ക്ക് ഉപയോഗിച്ച ആദ്യത്തെ മുസ്ലിം എഴുത്തുകാരൻ:
(എ) അൽ ബെറൂണി (ബി) ഇബ്ൻ ബത്തൂത്ത
(സി) അബുൾ ഫാസൽ (ഡി) അമീർ ഖുസ്രു
188. അലാവുദ്ദീൻ ഖിൽജിയെ ദേവഗിരി കീഴടക്കാൻ സഹായിച്ചത്:
(എ) മാലിക് കാഫർ (ബി) ബക്തിയാർ ഖിൽജി
(സി) ബൈറാം ഖാൻ (ഡി) ഹേമു
189. അലാവുദ്ദീൻ ഖിൽജിയുടെ യഥാർഥ നാമം:
(എ) അലി ഗുർഷാപ്പ് (ബി) ഉലുഘ് ഖാൻ
(സി) നിസാം ഖാൻ (ഡി) ജൗനാ ഖാൻ
190. ഗുജറാത്തിനെ ഡെൽഹി സുൽത്താനേറ്റിനോട് ചേർത്ത ആദ്യത്തെ ഭരണാധികാരി:
(എ) ബാൽബൻ (ബി) അലാവുദ്ദീൻ ഖിൽജി (സി) മുഹമ്മദ് ബിൻ തുഗ്ലക് (ഡി) സിക്കന്ദർ ലോധി
191. ഇസ്ലാമിക ദൈവശാസ്ത്രത്തിന്റെ വക്താക്കളായ ഉലേമകൾ എന്ന പണ്ഡിതസമൂഹത്തിന്റെ ഉപദേശങ്ങൾ അവഗണിച്ച ആദ്യത്തെ ഡൽഹി സുൽത്താൻ :
(എ) ബാൽബൻ (ബി) കുത്തബ്ദ്ദീൻ ഐബക് (സി) ഇൽത്തുമിഷ്
(ഡി) അലാവുദ്ദീൻ ഖിൽജി
192. അമീർ ഖുസ്രുവിന്റെ യഥാർഥ പേര്:
(എ) തെമുജിൻ (ബി) ഫരീദ്
(സി) നൈസാം ഖാൻ (ഡി) അബുൾ ഹസൻ
193. ഖിൽജിവംശത്തിന്റെ തകർച്ചയ്ക്കു കാരണക്കാരൻ എന്നറിയപ്പെടുന്ന ഖിൽജി സൈന്യാധിപൻ:
(എ) ബൈറാം ഖാൻ (ബി) ബക്തിയാർ ഖിൽജി
(സി) ഷേർഷാ (ഡി) മാലിക് കാഫർ
194. ഖിൽജിവംശത്തിലെ അവസാനത്തെ ഭരണാധികാരി:
(എ) ബക്തിയാർ ഖിൽജി
(ബി) ജലാലുദ്ദീൻ ഖിൽജി
(സി) നാസിറുദ്ദീൻ ഖുസ്റു ഷാ(ഡി) അലാവുദ്ദീൻ ഖിൽജി
195. ഏറ്റവും കുറച്ചുകാലം ഭരിച്ച സുൽത്താനേറ്റ് വംശം:
(എ) തുഗ്ലക് (ബി) ഖിൽജി
(സി) ലോധി (ഡി) സയ്യിദ്
196. തുഗ്ലക് വംശത്തിന്റെ സ്ഥാപകൻ:
(എ) ഗിയാസുദ്ദീൻ തുഗ്ലക്(ബി) മുഹമ്മദ് ബിൻ തുഗ്ലക് (സി) ഫിറോസ് ഷാ തുഗ്ലക്
(ഡി) ഇവരാരുമല്ല
197. ഒരു സാമ്രാജ്യം സ്വന്തമാക്കിയ ആദ്യത്തെ ഡൽഹി സുൽത്താൻ:
(എ) ജലാലുദ്ദീൻ ഖിൽജി(ബി) അലാവുദ്ദീൻ ഖിൽജി
(സി) കുത്തബ്ദ്ദീൻ ഐബക്
(ഡി) മുഹമ്മദ് ബിൻ തുഗ്ലക്
198. ബാൽബൻ,അലാവുദ്ദീൻ ഖിൽജി,ഫിറോസ് ഷാ തുഗ്ലക് എന്നിവരുടെ രക്ഷാധികാരത്തിൽ കഴിഞ്ഞ പണ്ഡിതൻ :
(എ) അൽ ബെറൂണി (ബി) ബീർബൽ
(സി) അമീർ ഖുസ്രു (ഡി) ഇവരാരുമല്ല
199. താഴെപ്പറയുന്നവരിൽ ആരാണ് അമീർ ഖുസ്രുവിന്റെ ഗുരുവായി കണക്കാക്കപ്പെടുന്നത്?
(എ) മൊയ്നുദ്ദീൻ ചിഷ്ടി (ബി) ബാബാ ഫരീദ്
(സി) നിസാമുദ്ദീൻ ഔലിയ (ഡി) ബക്തിയാർ കാക്കി
200. ദക്ഷിണേന്ത്യ ആക്രമിച്ച ആദ്യ മുസ്ലിം ഭരണാധികാരി:
(എ) അക്ബർ
(ബി) ബാൽബൻ
(സി) അലാവുദ്ദീൻ ഖിൽജി
(ഡി) കുത്തബ്ദ്ദീൻ ഐബക്
201. ഗിയാസുദ്ദീൻ തുഗ്ലക്കിന്റെ പഴയ പേര്:
(എ) ഗാസി മാലിക്ക് (ബി) തെമുജിൻ
(സി) അബുൾ ഹസ്സൻ (ഡി) ഫരീദ്
202. ഡൽഹിയിലെ തുഗ്ലക്കാബാദ് കോട്ട നിർമിച്ചത്:
(എ) ഗിയാസുദ്ദീൻ തുഗ്ലക്
(ബി) മുഹമ്മദ് ബിൻ തുഗ്ലക്
(സി) ഫിറോസ് ഷാ തുഗ്ലക്
(ഡി) ഇവരാരുമല്ല
203. ഇന്ത്യയിലെ അലക്സാണ്ടർ എന്നറിയപ്പെടാൻ ആഗ്രഹിച്ച ഡെൽഹി സുൽത്താൻ:
(എ) ഇൽത്തുമിഷ് (ബി) അലാവുദ്ദീൻ ഖിൽജി
(സി) കുത്തബ്ദ്ദീൻ ഐബക്
(ഡി) ഫിറോസ് ഷാ തുഗ്ലക്
204. സംഗീതം നിരോധിച്ച തുഗ്ലക് സുൽത്താൻ:
(എ) ഗിയാസുദ്ദീൻ തുഗ്ലക്
(ബി) മുഹമ്മദ് ബിൻ തുഗ്ലക്
(സി) ഫിറോസ് ഷാ തുഗ്ലക്
(ഡി) ഇവരാരുമല്ല
205. ഇന്ത്യയിൽ ടോക്കൺ കറൻസി സമ്പ്രദായം ആദ്യമായി നടപ്പാക്കിയത്:
(എ) മുഹമ്മദ് ബിൻ തുഗ്ലക്
(ബി) ഗിയാസുദ്ദീൻ തുഗ്ലക്
(സി) ഫിറോസ് ഷാ തുഗ്ലക്
(ഡി) ഇവരാരുമല്ല
206. ഡക്കാൺപ്രദേശം ആദ്യമായി ആക്രമിച്ച മുസ്ലിം ഭരണാധികാരി:
(എ) ഇൽത്തുമിഷ് (ബി) കുത്തബ്ദ്ദീൻ ഐബക് (സി) ഫിറോസ് ഷാ തുഗ്ലക്
(ഡി) അലാവുദ്ദീൻ ഖിൽജി
207. നാണയനിർമാതാക്കളുടെ രാജകുമാരൻ എന്നറിയപ്പെട്ടത്: (എ) ഫിറോസ് ഷാ തുഗ്ലക്
(ബി) ഗിയാസുദ്ദീൻ തുഗ്ലക്
(സി) മുഹമ്മദ് ബിൻ തുഗ്ലക്
(ഡി) ഷേർഷാ
208. ഏതു ലോഹത്തിലാണ് മുഹമ്മദ് ബിൻ തുഗ്ലക്ക് ടോക്കൺ കറൻസി നടപ്പാക്കിയത്:
(എ) ഈയം (ബി) സ്വർണം
(സി) വെള്ളി (ഡി) ചെമ്പ്
209. മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ പഴയപേര്:
(എ) ജൂനാ രാജകുമാരൻ(ബി) സലിം
(സി) ഗാസി മാലിക് (ഡി) അബുൾ ഹസ്സൻ
210. ഇബ്ൻ ബത്തൂത്തയെ ഖാസി ആയി നിയമിച്ച ഡെൽഹി സുൽത്താൻ:
(എ) ഇൽത്തുമിഷ് (ബി) മുഹമ്മദ് ബിൻ തുഗ്ലക്
(സി) ഫിറോസ് ഷാ തുഗ്ലക്
(ഡി) ബാൽബൻ
211. പന്തൽ തകർന്നുവീണുമരിച്ച തുഗ്ലക് സുൽത്താൻ:
(എ) ഗിയാസുദ്ദീൻ തുഗ്ലക്
(ബി) മുഹമ്മദ് ബിൻ തുഗ്ലക്
(സി) ഫിറോസ് ഷാ തുഗ്ലക്
(ഡി) ഇവരാരുമല്ല
212. മുഹമ്മദ് ബിൻ തുഗ്ലക് പണികഴിപ്പിച്ച നഗരം:
(എ) സിരി (ബി) തുഗ്ലക്കാബാദ്
(സി) പുരാണ കില (ഡി) പാട്ന
213. മുഹമ്മദ് ബിൻ തുഗ്ലക് ഡെൽഹി സുൽത്താനായ വർഷം:
(എ) 1324 (ബി) 1335
(സി) 1345 (ഡി) 1355
214. ബുദ്ധിമാനായ വിഡ്ഢി എന്നറിയപ്പെട്ട തുഗ്ലക് സുൽത്താൻ:
(എ) ഫിറോസ് ഷാ തുഗ്ലക്
(ബി) ഗിയാസുദ്ദീൻ തുഗ്ലക്
(സി) മുഹമ്മദ് ബിൻ തുഗ്ലക്
(ഡി) ഇവരാരുമല്ല
215. മുഹമ്മദ് ബിൻ തുഗ്ലക് ഡൽഹിയിൽനിന്ന് തലസ്ഥാനം എവിടേക്കാണ് 1327–ൽ മാറ്റിയത്?
(എ) പെഷവാർ (ബി) ആഗ്ര
(സി) ഫത്തേപൂർ സിക്രി
(ഡി)ദൗലത്താബാദ്(ദേവഗിരി)
216. വൈരുധ്യങ്ങളുടെ സങ്കലനം എന്നറിയപ്പെട്ട തുഗ്ലക് സുൽത്താൻ:
(എ) ഫിറോസ് ഷാ തുഗ്ലക്
(ബി) മുഹമ്മദ് ബിൻ തുഗ്ലക്
(സി) ഗിയാസുദ്ദീൻ തുഗ്ലക്
(ഡി) ഇവരാരുമല്ല
217. മുഹമ്മദ്ബിൻ തുഗ്ലക്കിന്റെ കാലത്ത് 1333–ൽ ഇന്ത്യസന്ദർശിച്ച മൊറോക്കോക്കാരനായ (ആഫ്രിക്ക) സഞ്ചാരി:
(എ) ഇബ്ൻ ബത്തൂത്ത (ബി) നിക്കോളോ കോണ്ടി
(സി) ടവേണിയർ (ഡി) ബുക്കാനൻ
218. ഏത് വർഷമാണ് മുഹമ്മദ് ബിൻ തുഗ്ലക് ചെമ്പിലുള്ള ടോക്കൺ കറൻസി നടപ്പിലാക്കിയത്?
(എ) 1329 (ബി) 1339
(സി) 1349 (ഡി) 1359
219. ഏത് തുഗ്ലക് സുൽത്താന്റെ കാലത്താണ് വിജയനഗര സാമ്രാജ്യവും ബാഹ്മിനി വംശവും സ്ഥാപിക്കപ്പെട്ടത്?
(എ) മുഹമ്മദ് ബിൻ തുഗ്ലക്
(ബി) ഫിറോസ് ഷാ തുഗ്ലക്
(സി) ഗിയാസുദ്ദീൻ തുഗ്ലക്
(ഡി) ഇവരാരുമല്ല
220. തിമൂർ ഇന്ത്യ ആക്രമിച്ച വർഷം:
(എ) 1498 (ബി) 1398
(സി) 1191 (ഡി) 1739
221. ആരുടെ ഭരണകാലത്തായിരുന്നു ഡെൽഹി സുൽത്താനേറ്റിന് ഏറ്റവും കൂടുതൽ വിസ്തീർണം ഉണ്ടായിരുന്നത്?
(എ) ഫിറോസ് ഷാ തുഗ്ലക്
(ബി) ഗിയാസുദ്ദീൻ തുഗ്ലക്
(സി) മുഹമ്മദ് ബിൻ തുഗ്ലക്
(ഡി) ഇവരാരുമല്ല
222. മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ സാഹസിക കൃത്യങ്ങൾ വിവരിക്കുന്ന ഇബ്ൻ ബത്തൂത്തയുടെ കൃതി:
(എ) രിഹ്ല
(ബി) സിയുകി
(സി) സഫർനാമ
(ഡി) ബാബർനാമ
223. രാജാവ് പ്രജകളിൽനിന്നും പ്രജകൾ രാജാവിൽനിന്നും മോചിതരായി–ആരെക്കുറിച്ചാണ് ബദൗണി ഇപ്രകാരം പരാമർശിച്ചിരിക്കുന്നത്?
(എ) ബാൽബൻ
(ബി) അലാവുദ്ദീൻ ഖിൽജി
(സി) മുഹമ്മദ് ബിൻ തുഗ്ലക്
(ഡി) ഫിറോസ് ഷാ തുഗ്ലക്
224. ഡൽഹിയിലേക്ക് രണ്ട് അശോകസ്തൂപങ്ങൾ കൊണ്ടുവന്ന തുഗ്ലക്സുൽത്താൻ:
(എ) ഫിറോസ് ഷാ തുഗ്ലക്
(ബി) മുഹമ്മദ് ബിൻ തുഗ്ലക്
(സി) ഗിയാസുദ്ദീൻ തുഗ്ലക്
(ഡി) ഇവരാരുമല്ല
225. തുഗ്ലക് വംശത്തിലെ ഒടുവിലത്തെ ഭരണാധികാരി:
(എ) ഗിയാസുദ്ദീൻ തുഗ്ലക്
(ബി) നാസിറുദ്ദീൻ മഹമ്മൂദ്
(സി) മുഹമ്മദ് ബിൻ തുഗ്ലക്
(ഡി) ഫിറോസ് ഷാ തുഗ്ലക്
226. ഫിറോസ് ഷാ കോട്ല പണികഴിപ്പിച്ചത്:
(എ) ഗിയാസുദ്ദീൻ തുഗ്ലക്
(ബി) ഫിറോസ് ഷാ തുഗ്ലക്
(സി) മുഹമ്മദ് ബിൻ തുഗ്ലക്
(ഡി) ഇവരാരുമല്ല
227. തുഗ്ലക്നാമ രചിച്ചത്:
(എ) മുഹമ്മദ് ബിൻ തുഗ്ലക്
(ബി) ഇബ്ൻ ബത്തൂത്ത
(സി) അമീർ ഖുസ്രു (ഡി) ഗിയാസുദ്ദീൻ തുഗ്ലക്
228. ഫത്തുഹത്ത്–ഇ–ഫിറോസ് ഷാഹി രചിച്ചത്:
(എ) ഫിറോസ് ഷാ തുഗ്ലക്
(ബി) ഗിയാസുദ്ദീൻ തുഗ്ലക്
(സി) നാസിറുദ്ദീൻ മഹമ്മൂദ്
(ഡി) മുഹമ്മദ് ബിൻ തുഗ്ലക്
229. താഴെപ്പറയുന്നവയിൽ ഏത് നഗരമാണ് ഫിറോസ് ഷാ തുഗ്ലക് സ്ഥാപിച്ചത് അല്ലാത്തത്?
(എ) ഹിസ്സാർ (ബി) ഫിറോസാബാദ്
(സി) ജൗൺപൂർ (ഡി) ജഹൻപന
230. ആരുടെ സ്മരണയ്ക്ക് പണികഴിപ്പിച്ച നഗരമാണ് ജൗൺപൂർ?
(എ) ഫിറോസ് ഷാ തുഗ്ലക്
(ബി) മുഹമ്മദ് ബിൻ തുഗ്ലക്
(സി) നാസിറുദ്ദീൻ മഹമ്മൂദ്
(ഡി) ഗിയാസുദ്ദീൻ തുഗ്ലക്
231. അലാവുദ്ദീൻ ഖിൽജി നിർത്തലാക്കിയ ജാഗിർ സമ്പ്രദായം പുന:സ്ഥാപിച്ച ഡെൽഹി സുൽത്താൻ:
(എ) ഫിറോസ് ഷാ തുഗ്ലക്
(ബി) നാസിറുദ്ദീൻ മുഹമ്മദ്
(സി) മുഹമ്മദ് ബിൻ തുഗ്ലക്
(ഡി) ഗിയാസുദ്ദീൻ തുഗ്ലക്
232. തിമൂറിന്റെ തലസ്ഥാനം:
(എ) സമർഖണ്ഡ് (ബി) ഉഷ്
(സി) പെഷവാർ (ഡി) ബാഗ്ദാദ്
233. കനാൽ ശൃംഗല വിപുലമായ രീതിയിൽ നിർമിച്ച തുഗ്ലക് സുൽത്താൻ:
(എ) ഫിറോസ് ഷാ തുഗ്ലക്
(ബി) മുഹമ്മദ് ബിൻ തുഗ്ലക്
(സി) ഗിയാസുദ്ദീൻ തുഗ്ലക്

(ഡി) നാസിറുദ്ദീൻ മഹമ്മൂദ്
234. ഫത്തുഹത്ത് ഇ ഫിറോസ് ഷാഹി രചിച്ചത്:
(എ) അബ്ദുൾ ഹമീദ് ലാഹോറി(ബി) ഫിറോസ് ഷാ തുഗ്ലക് (സി) ഇബ്ൻ ബത്തൂത്ത
(ഡി) ബാർണി
235. താരിഖ് ഇ ഫിറോസ് ഷാഹി രചിച്ചത്:
(എ) ബാർണി (ബി) ഇബ്ൻ ബത്തൂത്ത
(സി) അബ്ദുൾ ഹമീദ് ലാഹോറി (ഡി) ഫിറോസ് ഷാ തുഗ്ലക്
236. ഏത് ഭാഷയിലാണ് അൽബെറൂണി താരിഖ് ഉൽ ഹിന്ദ് രചിച്ചത്?
(എ) ഉറുദു (ബി) പേർഷ്യൻ
(സി) ഹിന്ദി (ഡി) അറബിക്
237. തിമൂർ ആക്രമിക്കുമ്പോൾ ഡൽഹി സുൽത്താനായിരുന്നത്:
(എ) ഗിയാസുദ്ദീൻ തുഗ്ലക്
(ബി) നാസിറുദ്ദീൻ മുഹമ്മദ്(സി) മുഹമ്മദ് ബിൻ തുഗ്ലക് (ഡി) ഫിറോസ് ഷാ തുഗ്ലക്
238. ബ്രാഹ്മണർക്കുമേൽ ജസിയ നടപ്പാക്കിയ ആദ്യ മുസ്ലിം ഭരണാധികാരി:
(എ) അക്ബർ (ബി) ഔറംഗസീബ്
(സി) ഫിറോസ് ഷാ തുഗ്ലക്
(ഡി) മുഹമ്മദ് ബിൻ തുഗ്ലക്
239.നാണയ നിർമാതാക്കളിൽ രാജകുമാരൻ എന്നറിയപ്പെട്ടത്:
(എ) നാസിറുദ്ദീൻ മഹമ്മൂദ്
(ബി) മുഹമ്മദ് ബിൻ തുഗ്ലക്
(സി) ഗിയാസുദ്ദീൻ തുഗ്ലക്
(ഡി) ഫിറോസ് ഷാ തുഗ്ലക്
240. ഹിസ്സാർ നഗരം പണികഴിപ്പിച്ച സുൽത്താൻ:
(എ) ജലാലുദ്ദീൻ ഖിൽജി
(ബി) അലാവുദ്ദീൻ ഖിൽജി
(സി) ഫിറോസ് ഷാ തുഗ്ലക്
(ഡി) മുഹമ്മദ് ബിൻ തുഗ്ലക്
241. ഏറ്റവും കൂടുതൽകാലം ഭരിച്ച സുൽത്താനേറ്റ് വംശം:
(എ) സയ്യിദ് വംശം (ബി) ലോധി വംശം
(സി) അടിമവംശം (ഡി) തുഗ്ലക്വംശം
242. സയ്യിദ് വംശം സ്ഥാപിച്ചത്:
(എ) ഖിസർ ഖാൻ (ബി) ജൂനാ ഖാൻ
(സി) നൈസാം ഖാൻ (ഡി) നാസിറുദ്ദീൻ മഹമ്മൂദ്
243. സുൽത്താൻ എന്ന സ്ഥാനപ്പേരു സ്വീകരിക്കുകയോ നാണയങ്ങളിൽ പേര് മുദ്രണം ചെയ്യുകയോ ചെയ്യാത്ത സുൽത്താനേറ്റ് വംശം:
(എ) ലോധി വംശം (ബി) അടിമവംശം
(സി) സയ്യിദ് വംശം (ഡി) ഖിൽജി വംശം
244. സയ്യിദ് വംശത്തിലെ ഏറ്റവും കഴിവുറ്റ ഭരണാധികാരി:
(എ) മുബാറക് ഷാ (ബി) മുഹമ്മദ് ഷാ
(സി) ഖിസർ ഖാൻ (ഡി) ആലം ഖാൻ
245. സയ്യിദ്വംശത്തിലെ അവസാനത്തെ ഭരണാധികാരി:
(എ) മുബാറക് ഷാ (ബി) നാസിറുദ്ദീൻ മഹമ്മൂദ്
(സി) ഖിസർ ഖാൻ (ഡി) അലാവുദ്ദീൻ ആലം ഷാ
246. ലോധി വംശം സ്ഥാപിച്ചത്:
(എ) ഇബ്രാഹിം ലോധി (ബി) ബഹ്ലുൽ ലോധി
(സി) സിക്കന്ദർ ലോധി (ഡി) ഇവരാരുമല്ല
247. ഡൽഹി ഭരിച്ച അവസാനത്തെ സുൽത്താൻ വംശം:
(എ) ഖിൽജി വംശം (ബി) ലോധി വംശം
(സി) അടിമവംശം (ഡി) സയ്യിദ് വംശം
248. ഇന്ത്യ ഭരിച്ച ആദ്യത്തെ അഫ്ഗാൻ വംശജൻ:
(എ) ബഹ്ലുൽ ലോധി (ബി) ഇബ്രാഹിം ലോധി
(സി) സിക്കന്ദർ ലോധി (ഡി) ഷേർഷാ
249. ഏറ്റവും പ്രസിദ്ധനായ ലോദി സുൽത്താൻ:
(എ) ഇബ്രാഹിം ലോധി (ബി) സിക്കന്ദർ ലോധി
(സി) ബഹ്ലുൽ ലോധി (ഡി) ഇവരാരുമല്ല
250. ഏറ്റവും ഒടുവിലത്തെ ലോധി സുൽത്താൻ :
(എ) ബഹ്ലുൽ ലോധി (ബി) ഇബ്രാഹിം ലോധി
(സി) സിക്കന്ദർ ലോധി (ഡി) ഇവരാരുമല്ല
251. ഇന്ത്യ ഭരിച്ച ആദ്യത്തെ അഫ്ഗാൻ വംശം:
(എ) സൂർവംശം (ബി) അടിമവംശം
(സി) ഖിൽജി വംശം (ഡി) ലോധി വംശം
252. സിക്കന്ദർ ലോധി പണികഴിപ്പിച്ച നഗരം:
(എ) സിരി (ബി) ജഹൻപന
(സി) ജൗൺപൂർ (ഡി) ആഗ്ര
253. 1506-ൽ സുൽത്താനേറ്റിന്റെ തലസ്ഥാനം ഡൽഹിയിൽനിന്നും ആഗ്രയിലേക്ക് മാറ്റിയത്:
(എ) മുഹമ്മദ് ബിൻ തുഗ്ലക്
(ബി) ബഹ്ലുൽ ലോധി
(സി) സിക്കന്ദർ ലോധി (ഡി) ഇബ്രാഹിം ലോധി
254. കുത്തബ്മിനാറിന്റെ ഏറ്റവും മുകളിലത്തെ നില പുതുക്കിനിർമിച്ച തുഗ്ലക് സുൽത്താൻ:
(എ) ഗിയാസുദ്ദീൻ തുഗ്ലക്
(ബി) നസിറുദ്ദീൻ മഹമൂദ്
(സി) ഫിറോസ് ഷാ തുഗ്ലക്
(ഡി) മുഹമ്മദ് ബിൻ തുഗ്ലക്
255. ഡൽഹി സുൽത്താനേറ്റിന്റെ അന്ത്യം കുറിച്ച യുദ്ധം :
(എ) ഒന്നാം താനേശ്വർ യുദ്ധം
(ബി) ഒന്നാം പാനിപ്പട്ടുയുദ്ധം
(സി) രണ്ടാം പാനിപ്പട്ടുയുദ്ധം
(ഡി) മൂന്നാം പാനിപ്പട്ടുയുദ്ധം
256. ഒന്നാം പാനിപ്പട്ടുയുദ്ധം നടന്ന വർഷം:
(എ) 1526 (ബി) 1556
(സി) 1761 (ഡി) 1191
257. ഇന്ത്യയിൽ മുഗൾ ഭരണത്തിന് അടിത്തറയിട്ട യുദ്ധം:
(എ) രണ്ടാം പാനിപ്പട്ടുയുദ്ധം
(ബി) ഒന്നാം താനേശ്വർ യുദ്ധം
(സി) ഒന്നാം പാനിപ്പട്ടുയുദ്ധം
(ഡി) രണ്ടാം പാനിപ്പട്ടുയുദ്ധം
258. ഡെൽഹി സുൽത്താനേറ്റിന് അന്ത്യം കുറിച്ച വർഷം:
(എ) 1556 (ബി) 1526
(സി) 1739 (ഡി) 1761
259. ഒന്നാം പാനിപ്പട്ടുയുദ്ധത്തിൽ ബാബർ ആരെയാണ് പരാജയപ്പെടുത്തിയത്?
(എ) മുഹമ്മദ് ഗോറി (ബി) പൃഥ്വിരാജ് ചൗഹാൻ
(സി) സിക്കന്ദർ ലോധി (ഡി) ഇബ്രാഹിം ലോധി
260. മുഗൾവംശസ്ഥാപകൻ:
(എ) അക്ബർ (ബി) ബാബർ
(സി) ജഹാംഗീർ (ഡി) ഷാജഹാൻ
261. 1528-ൽ ബാബർ കീഴടക്കിയ രജപുത്ര രാജ്യം:
(എ) ചന്ദേരി (ബി) ഉദയ്പൂർ
(സി) ചിത്തോർ (ഡി) ആംബർ
262. ഏതു വംശക്കാരനായിരുന്നു ബാബർ?
(എ) ചാഗത്തായ് തുർക്ക്
(ബി) അഫ്ഗാൻ
(സി) പേർഷ്യൻ (ഡി) ഗ്രീക്ക്
263. ബാബർ, പിതൃപക്ഷത്തിൽ ആരുടെ പിൻതലമുറക്കാരനായിരുന്നു?
(എ) മഹ്മൂദ് ഗസ്നി (ബി) തിമൂർ
(സി) ചെങ്കിസ്ഖാൻ (ഡി) മുഹമ്മദ് ഗോറി
264. ബാബർ ജനിച്ച വർഷം:
(എ) 1483 (ബി) 1473
(സി) 1493 (ഡി) 1463
265. ബാബറുടെ പിതാവ്:
(എ) മിർസ ഗിയാസ് ബെഗ് (ബി) ഉമർ ശെയ്ഖ് മിർസ
(സി) തിമൂർ (ഡി) ചെംഗിസ് ഖാൻ
266. ബാബർ, മാതൃപക്ഷത്തിൽ ആരുടെ പിൻതലമുറക്കാരനായിരുന്നു?
(എ) ചെങ്കിസ്ഖാൻ (ബി) മുഹമ്മദ് ഗോറി
(സി) മഹ്മൂദ് ഗസ്നി (ഡി) തിമൂർ
267. താഴെപ്പറയുന്നവയിൽ ഏതാണ് ബാബറുടെ കാലത്ത് നിർമിക്കപ്പെട്ടത്?
(എ) കുവത്തുൽ ഇസ്ലാം മോസ്ക്
(ബി) ബാബറി മസ്ജിദ്
(സി) അലൈ ദർവാസ (ഡി) കുത്തബ്മിനാർ
268. ഏറ്റവും സാഹസികനായ മുഗൾ ഭരണാധികാരി എന്ന് വിലയിരുത്തപ്പെടുന്നത്?
(എ) അക്ബർ (ബി) ഔറംഗസീബ്
(സി) ഹുമയൂൺ (ഡി) ബാബർ
269. ബാബറുടെ സമയത്തെ ഏറ്റവും ശക്തനായ രജപുത്ര രാജാവ്:
(എ) റാണാ പ്രതാപ് (ബി) റാണാ സംഗ്രാമ സിംഹൻ
(സി) കുംഭ റാണ (ഡി) റാണാ രത്തൻ സിങ്
270. ബാബർ രജപുത്ര രാജ്യമായ ചന്ദേരി പിടിച്ചടക്കിയ വർഷം: (എ) 1526
(ബി) 1527
(സി) 1528 (ഡി) 1529
271. ബാബറെ ഡൽഹി ആക്രമിക്കാൻ ക്ഷണിച്ചത്:
(എ) സിക്കന്ദർ ലോധി (ബി) ദൗലത് ഖാൻ ലോധി
(സി) സംഗ്രാമ സിംഹൻ (ഡി) മഹ്മൂദ് ലോധി
272. ബാബറുടെ യഥാർഥ പേര്:
(എ) സഹിറുദ്ദീൻ മുഹമ്മദ് ബാബർ
(ബി) അബ്ദുൾ ഹസ്സൻ
(സി) ഹസ്സൻ ഗംഗു (ഡി) ജലാലുദ്ദീൻ
273. ബാബർ ഘാഗ്ര യുദ്ധത്തിൽ മഹ്മൂദ് ലോധിയുടെ നേതൃത്വത്തിലുള്ള അഫ്ഗാനികളെ തോൽപിച്ച വർഷം:
(എ) 1526 (ബി) 1529
(സി) 1539 (ഡി) 1540
274. ബാബർ ഖമ്വയുദ്ധത്തിൽ(1527) ആരെയാണ് പരാജയപ്പെടുത്തിയത്?
(എ) മഹ്മൂദ് ലോധി (ബി) ഇബ്രാഹിം ലോധി
(സി) സംഗ്രാമസിംഹൻ (ഡി) റാണാ പ്രതാപ
275. ബാബർ എവിടെവച്ചാണ് അന്തരിച്ചത്?
(എ) കാബൂൾ (ബി) ആഗ്ര
(സി) ലാഹോർ (ഡി) ഡെൽഹി
276. ബാബറുടെ ശവകുടീരം എവിടെയാണ്?
(എ) ലാഹോർ (ബി) ഡെൽഹി
(സി) കാബൂൾ (ഡി) ആഗ്ര
277. ബാബറെ ആദ്യം കബറടക്കിയത് എവിടെയാണ്?
(എ) ആഗ്ര (ബി) കാബൂൾ
(സി) ഡെൽഹി (ഡി) ലാഹോർ
278. താഴെപ്പറയുന്നവരിൽ ഏറ്റവും കുറച്ചുകാലം ഭരിച്ച മുഗൾ ചക്രവർത്തി:
(എ) ബാബർ (ബി) അക്ബർ
(സി) ഔറംഗസീബ് (ഡി) ഷാജഹാൻ
279. ഏത് യുദ്ധത്തിനുശേഷമാണ് ബാബർ ഖാസി എന്ന ബിരുദം സ്വീകരിച്ചത്?
(എ) പാനിപ്പട്ട് യുദ്ധം (ബി) ഖമ്വ യുദ്ധം
(സി) ഘാഘ്ര യുദ്ധം (ഡി) ഇവയൊന്നുമല്ല
280. ആത്മകഥയെഴുതിയ മുഗൾ ചക്രവർത്തിമാർ:
(എ) ബാബറും ഹുമയൂണും
(ബി) ബാബറും ജഹാംഗീറും
(സി) ബാബറും ഷാജഹാനും
(ഡി) ജഹാംഗീറും ഷാജഹാനും
281. മുഗൾ ചക്രവർത്തിമാരിൽ സാഹിത്യത്തിൽ അഭിരുചി ഏറ്റവും കൂടുതലുണ്ടായിരുന്നത് ആർക്കായിരുന്നു?
(എ) ബാബർ (ബി) ഷാജഹാൻ
(സി) അക്ബർ (ഡി) ഔറംഗസീബ്
282. ഇപ്പോഴത്തെ ഇന്ത്യയ്ക്കു വെളിയിൽ കബറടക്കപ്പെട്ട മുഗൾ ചക്രവർത്തിമാർ:
(എ) ജഹാംഗീറും ഷാജഹാനും
(ബി) അക്ബറും ബാബറും
(സി) ബാബറും ജഹാംഗീറും
(ഡി) ബാബറും ഹുമയൂണും
283. ബാബർ ഏതു ഭാഷയിലാണ് ആത്മകഥ(തുസുക്-ഇ-ബാബറി) രചിച്ചത്?
(എ) ടർക്കിഷ് (ബി) പേർഷ്യൻ
(സി) അറബി (ഡി) ഗ്രീക്ക്
284. ബാബറുടെ ആത്മകഥ പേർഷ്യനിലേക്ക് തർജമ ചെയ്തത്?
(എ) ദാര (ബി) അബുൾ ഫാസൽ
(സി) അബ്ദുൾ റഹീം ഖാൻ-എ-ഖാൻ
(ഡി) ഫെയ്സി
285. ആത്മകഥയിൽ ഇന്ത്യക്കാരെ ഇഷ്ടമല്ല എന്നു വെളിപ്പെടുത്തുന്ന മുഗൾ ചക്രവർത്തി:
(എ) ജഹാംഗീർ (ബി) അക്ബർ
(സി) ബാബർ (ഡി) ഹുമയൂൺ
286. ബാബർ എന്ന വാക്കിനർഥം:
(എ) ഭാഗ്യവാൻ (ബി) രത്നം
(സി) ചക്രവർത്തി (ഡി) സിംഹം
287. മ േധ്യഷ്യയിൽ എവിടെയാണ് ബാബർ ഭരണം നടത്തിയിരുന്നത്?
(എ) ഫർഗാന (ബി) ഉസ്ബെക്കിസ്ഥാൻ
(സി) പേർഷ്യ (ഡി) കാബൂൾ
288. ബാബർ അന്തരിച്ച വർഷം:
(എ) 1527 (ബി) 1528
(സി) 1529 (ഡി) 1530
289. എത്രവർഷമാണ് ബാബർ ഇന്ത്യ ഭരിച്ചത്?
(എ) 4 (ബി) 6
(സി) 8 (ഡി) 10
290. ഇന്ത്യയിൽ യുദ്ധരംഗത്ത് പീരങ്കി ആദ്യമായി അവതരിപ്പിച്ചത്:
(എ) മുഹമ്മദ് ഗോറി (ബി) തിമൂർ
(സി) ബാബർ (ഡി) നാദിർഷാ
291. ഭൂമിയിലെ ഏറ്റവും സുന്ദരമായ നഗരമെന്ന് ബാബർ വിശേഷിപ്പിച്ചത് ഏതിനെയാണ്?
(എ) ലാഹോർ (ബി) കാബൂൾ
(സി) ആഗ്ര (ഡി) ഡെൽഹി
292. ഒരേ സമയം സാഹസികനായ യോദ്ധാവും സാഹിത്യാഭിരുചിയ്ക്കുടമയുമായിരുന്ന മുഗൾ രാജാവ്:
(എ) അക്ബർ (ബി) ഹുമയൂൺ
(സി) ഷാജഹാൻ (ഡി) ബാബർ
293. ആത്മകഥാകാരൻമാരിൽ രാജകുമാരൻ എന്നു വിശേഷിപ്പിക്കപ്പെടുന്നത് ആരാണ്?
(എ) ഫിറോസ് ഷാ തുഗ്ലക് (ബി) ജഹാംഗീർ
(സി) ബാബർ (ഡി) ഷാജഹാൻ

294. മകന്റെ അസുഖം ഭേദമാകുന്നതിനുവേണ്ടി സ്വന്തം ജീവൻ പകരമായെടുക്കാൻ പ്രാർഥിച്ചതിനെത്തുടർന്ന് മരണപ്പെട്ടുവെന്ന് കരുതപ്പെടുന്ന മുഗൾ ചക്രവർത്തി:
(എ) ഹുമയൂൺ (ബി) ഷാജഹാൻ
(സി) അക്ബർ (ഡി) ബാബർ
295. ഹുമയൂൺ എന്ന വാക്കിനർഥം:
(എ) വെളിച്ചം (ബി) ഭാഗ്യവാൻ
(സി) ജേതാവ് (ഡി) രാജാവ്
296. ഏത് വർഷമാണ് ഹുമയൂൺ സിംഹാസനസ്ഥനായത്?
(എ) 1530 (ബി) 1534 (സി) 1536 (ഡി) 1539
297. ഹുമയൂൺ എവിടെയാണ് ജനിച്ചത്?
(എ) അമർകോട്ട് (ബി) ലാഹോർ
(സി) അജ്മീർ (ഡി) കാബൂൾ
298.ഭരണത്തിൽനിന്നും വിട്ടുനിൽക്കേണ്ടിവന്ന ഏക മുഗൾ ചക്രവർത്തി:
(എ) അക്ബർ (ബി) ബാബർ
(സി) ഔറംഗസീബ് (ഡി) ഹുമയൂൺ
299. ഗ്രന്ഥപ്പുരയുടെ കോണിപ്പടിയിൽനിന്നു വീണുമരിച്ച മുഗൾ ചക്രവർത്തി:
(എ) ഔറംഗസീബ് (ബി) ജഹാംഗീർ
(സി) ഹുമയൂൺ (ഡി) ബാബർ
300. ഒരു നിർഭാഗ്യനായ രാജാവും അപ്രകാരം തെറ്റായ പേരിൽ വിളിക്കപ്പെട്ടിട്ടില്ല-ആരെക്കുറിച്ചാണ് ലെയ്ൻപൂൾ ഈ പരാമർശം നടത്തിയത്?
(എ) ബാബർ (ബി) അക്ബർ
(സി) ഹുമയൂൺ (ഡി) ജഹാംഗീർ
301. ഹുമയൂൺ സ്ഥാപിച്ച നഗരം:
(എ) ജഹൻപന (ബി) ദിൻപന
(സി) ആഗ്ര (ഡി) സിരി
302. ഹുമയൂൺ എത്ര വർഷമാണ് പ്രവാസ ജീവിതം നയിച്ചത്?
(എ) 15 (ബി) 10 (സി) 20 (ഡി) 25
303. ഹുമയൂണും ഷെർഷായുമായി ചൗസ യുദ്ധം നടന്ന വർഷം:
(എ) 1539 (ബി) 1549 (സി) 1559 (ഡി) 1569
304. 1540-ൽ നടന്ന കനൗജ് യുദ്ധത്തിൽ ഹുമയൂൺ ആരുമായിട്ടാണ് ഏറ്റുമുട്ടിയത്?
(എ) റാണാ പ്രതാപ് (ബി) ഹെമു
(സി) ഷേർഷാ (ഡി) മഹ്മൂദ് ലോധി
305. സൂർ വംശത്തിൽനിന്ന് ഹുമയൂൺ അധികാരം വീണ്ടെടുത്ത വർഷം:
(എ) 1546 (ബി) 1550 (സി) 1555 (ഡി) 1553
306. അധികാരത്തിൽനിന്ന് കുറേക്കാലത്തേക്ക് വിട്ടുനിൽക്കുകയും വീണ്ടും സിംഹാസനസ്ഥനാകുകയും ചെയ്ത ഏക മുഗൾ ചക്രവർത്തി:
(എ) ബാബർ (ബി) അക്ബർ
(സി) ജഹാംഗീർ (ഡി) ഹുമയൂൺ
307. ഹുമയൂൺ അന്തരിച്ച വർഷം:
(എ) 1556 (ബി) 1555 (സി) 1557 (ഡി) 1558
308. പേർഷ്യയിലെ ഷായുടെ സ്വാധീനത്താൽ സുന്നിയിൽനിന്ന് ഷിയാ വിഭാഗത്തിലേക്ക് മാറിയ മുഗൾ ചക്രവർത്തി:
(എ) ഹുമയൂൺ (ബി) ജഹാംഗീർ
(സി) ഷാജഹാൻ (ഡി) ബാബർ
309. ഹുമയൂണിന്റെ ശവകുടീരം എവിടെയാണ്?
(എ) ഡെൽഹി (ബി) ആഗ്ര
(സി) ലാഹോർ (ഡി) കാബൂൾ
310. സംഗ റാണയുടെ വിധവയായ റാണി കർണാവതി ഏത് മുഗൾ ചക്രവർത്തിക്കാണ് രാഖി കൊടുത്തയച്ചത്?
(എ) ബാബർ (ബി) ഹുമയൂൺ
(സി) അക്ബർ (ഡി) ജഹാംഗീർ
311. ആരുടെ മാതാവായിരുന്നു മഹം ബീഗം?
(എ) ബാബർ (ബി) ഹുമയൂൺ
(സി) അക്ബർ (ഡി) ജഹാംഗീർ
312. ഹുമയൂണിന് അഭയം കൊടുത്തത് ആരാണ്?
(എ) പേർഷ്യയിലെ ഷാ (ബി) ദൗലത് ഖാൻ ലോധി
(സി) ചെംഗിസ് ഖാൻ (ഡി) കൃഷ്ണദേവരായർ
313. ഹുമയൂൺ നാമ രചിച്ചത്?
(എ) ഹുമയൂൺ (ബി) ഹമീദാബാനു ബീഗം
(സി) ഗുൽബദൻ ബീഗം (ഡി) അക്ബർ
314. ഗുൽബദൻ ബീഗം ആരായിരുന്നു?
(എ) ഹുമയൂണിന്റെ ഭാര്യ(ബി) ഹുമയൂണിന്റെ മകൾ
(സി) ബാബറുടെ മകൾ (ഡി) ബാബറുടെ സഹോദരി
315. ജീവിതകാലം മുഴുവൻ ഉരുണ്ടു മറിഞ്ഞു നടക്കുകയും ജീവിതത്തിൽനിന്ന് ഉരുണ്ടു മറിഞ്ഞു പോകുകയും ചെയ്തു എന്ന് ഹുമയൂണിനെ വിശേഷിപ്പിച്ച ചരിത്രകാരൻ:
(എ) ലെയ്ൻപൂൾ (ബി) വിൻസെന്റ് സ്മിത്ത്
(സി) ആർ.സി.മജുംദാർ (ഡി) ബിപാൻ ചന്ദ്ര
316. അക്ബർ ജനിച്ച സ്ഥലം:
(എ) ഡെൽഹി (ബി) ആഗ്ര
(സി) അമർകോട്ട് (ഡി) ലാഹോർ
317. അക്ബർ ജനിച്ച വർഷം:
(എ) 1542 (ബി) 1544 (സി) 1546 (ഡി) 1548
318. അക്ബറുടെ മാതാവിന്റെ പേര്:
(എ) ഗുൽബദൻ ബീഗം (ബി) ഹമീദാബാനു ബീഗം
(സി) ജഹനാര ബീഗം (ഡി) ഇവരാരുമല്ല
319. അക്ബറുടെ പരിപാലകനായി ഭരണം നടത്തിയത്:
(എ) ബീർബൽ (ബി) ബൈറാം ഖാൻ
(സി) തോഡർമൽ (ഡി) മാൻസിങ്
320. അക്ബർ ബൈറാംഖാന്റെ റീജൻസി അവസാനിപ്പിച്ച വർഷം:
(എ) 1570 (ബി) 1565 (സി) 1550 (ഡി) 1560
321. എവിടെ വച്ചാണ് അക്ബറുടെ കിരീടധാരണം നടന്നത്? (എ) അമർകോട്ട്
(ബി) കലനാവൂർ
(സി) ഫത്തേപൂർ സിക്രി (ഡി) ഗുജറാത്ത്
322. ഏത് മുഗൾ ചക്രവർത്തിയാണ് ഡക്കാൺ കീഴടക്കുന്നതിൽ ആദ്യം ശ്രദ്ധ ചെലുത്തിയത്?
(എ) ബാബർ (ബി) ഹുമയൂൺ
(സി) അക്ബർ (ഡി) ജഹാംഗീർ
323. രണ്ടാം പാനിപ്പട്ടുയുദ്ധത്തിൽ (1556) മുഗൾ സൈന്യവുമായി ഏറ്റുമുട്ടിയ, മുഹമ്മദ് ആദിൽഷായുടെ പടത്തലവൻ:
(എ) ഹെമു (ബി) മാൻസിങ്
(സി) തോഡർമൽ (ഡി) സംഗ റാണ
324. ഇന്ത്യാചരിത്രത്തിൽ ഹേമചന്ദ്ര വിക്രമാദിത്യ എന്ന പേരിൽ പരാമർശിക്കപ്പെടുന്നത് ആരാണ്?
(എ) ബീർബൽ (ബി) ഹെമു
(സി) റാണാ പ്രതാപ് (ഡി) ശിവജി
325. ഭാരതത്തിൽ മുഗൾ സാമ്രാജ്യത്തിന്റെ ഉദയത്തിന് യഥാർഥത്തിൽ കാരണമായ യുദ്ധം:
(എ) ഒന്നാം താനേശ്വർ പാനിപ്പട്ടുയുദ്ധം
(ബി) രണ്ടാം താനേശ്വർ യുദ്ധം
(സി) ഒന്നാം പാനിപ്പട്ടുയുദ്ധം
(ഡി) രണ്ടാം പാനിപ്പട്ടുയുദ്ധം
326. അക്ബർ ഹാൽഡിഘട്ട് യുദ്ധത്തിൽ റാണാ പ്രതാപിനെ തോൽപിച്ച വർഷം:
(എ) 1576 (ബി) 1556 (സി) 1586 (ഡി) 1596
327. റാണാ പ്രതാപിനെ തോൽപിക്കാൻ അക്ബർക്ക് നിർണായക സഹായം ചെയ്ത രജപുത്ര വംശജനായ സേനാനായകൻ:
(എ) റാണാ സംഗ്രാമ സിംഹൻ(ബി) മാൻ സിങ്
(സി) തോഡർമൽ (ഡി) ബീർബൽ
328. ഏതു മുഗൾ ചക്രവർത്തിയാണ് ചാക് വംശജരിൽനിന്ന് 1586-ൽ കശ്മീർ മുഗൾ സാമ്രാജ്യത്തോട് ചേർത്തത്?
(എ) ബാബർ (ബി) ഹുമയൂൺ
(സി) അക്ബർ (ഡി) ജഹാംഗീർ
329. റാണാപ്രതാപിന്റെ കുതിര:
(എ) ബ്യൂസിഫാലസ് (ബി) ബാദൽ
(സി) ചേതക് (ഡി) ഭവാനി
330. അക്ബർ തോൽപിച്ച റാണാ പ്രതാപ് എവിടുത്തെ ഭരണാധികാരിയായിരുന്നു?
(എ) മേവാർ (ബി) ബംഗാൾ
(സി) സിന്ധ് (ഡി) കശ്മീർ
331. അക്ബറിന്റെ ഏറ്റവുമൊടുവിലത്തെ ദിഗ്വിജയം:
(എ) ആംബർ (ബി) കശ്മീർ
(സി) ഗുജറാത്ത് (ഡി) അസീർഗഢ്
332. അക്ബറിന്റെ പ്രിയമിത്രവും കവിയുമായ ഫെയ്സി അന്തരിച്ച വർഷം:
(എ) 1595 (ബി) 1585 (സി) 1590 (ഡി) 1600
333. അക്ബറുടെ മിത്രമായിരുന്ന അബുൾ ഫസലിനെ കൊലപ്പെടുത്തുന്നതിന് (1602) പിന്നിൽ പ്രവർത്തിച്ചത്:
(എ) ഷാജഹാൻ (ബി) ജഹാംഗീർ
(സി) മാൻസിങ് (ഡി) തോഡർമൽ
334. അക്ബർ നാമ, അയ്നി അക്ബരി എന്നീ കൃതികൾ രചിച്ചത്:
(എ) ഫെയ്സി (ബി) ഷെയ്ഖ് മുബാറക്ക്
(സി) അബ്ദുൾ റഹീം ഖാൻ-എ-ഖാൻ
(ഡി) അബുൾ ഫസൽ
335. ലീലാവതി എന്ന കൃതി പേർഷ്യനിലേക്ക് തർജമ ചെയ്തത്:
(എ) ഷെയ്ഖ് മുബാറക്ക്(ബി) അബ്ദുൾ റഹീം ഖാൻ-എ-ഖാൻ
(സി) ഫെയ്സി (ഡി) അബുൾ ഫസൽ
336. ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ ഹജ്ജ് തീർഥാടനം സംഘടിപ്പിച്ച ആദ്യ ഇന്ത്യൻ ഭരണാധികാരി:
(എ) അക്ബർ (ബി) ഔറംഗസീബ്
(സി) ഫിറോസ് ഷാ തുഗ്ലക്
(ഡി) അലാവുദ്ദീൻ ഖിൽജി
337. അക്ബറുടെ കാലത്തെ മുഗൾ സാമ്രാജ്യത്തിന്റെ പൂർണവിവരങ്ങൾ പ്രതിപാദിക്കുന്ന കൃതി:
(എ) അയ്നി അക്ബരി (ബി) സിയുകി
(സി) കിതാബ് ഉൽ ഹിന്ദ്
(ഡി) ബാബർനാമ
338. 1582-ൽ ദിൻ ഇലാഹി എന്ന മതം സ്ഥാപിച്ചത്:
(എ) ബാബർ (ബി) അക്ബർ
(സി) ഷാജഹാൻ (ഡി) ജഹാംഗീർ
339. അക്ബറുടെ ഭരണസംവിധാനത്തിന്റെ ഉരുക്ക് ചട്ടക്കൂട് എന്ന് വിശേഷിപ്പിക്കപ്പെട്ടത്?
(എ) ഇക്താ സംവിധാനം
(ബി) മൻസബ്ദാരി സംവിധാനം
(സി) റയട്ട്വാരി (ഡി) മഹൽവാരി
340. ഏത് വർഷമാണ് അക്ബർ ഇലാഹി വർഷം നടപ്പിൽ വരുത്തിയത്?
(എ) 1586 (ബി) 1592 (സി) 1584 (ഡി) 1561
341. വസീറിന്റെ സാമ്പത്തികാധികാരങ്ങൾ എടുത്തുമാറ്റിയ മുഗൾ ചക്രവർത്തി:
(എ) ഹുമയൂൺ (ബി) ബാബർ
(സി) ഷാജഹാൻ (ഡി) അക്ബർ
342. അക്ബർ ജസിയ നിറുത്തലാക്കിയ വർഷം:
(എ) 1564 (ബി) 1568 (സി) 1572 (ഡി) 1582
343. അക്ബർ അന്തരിച്ച വർഷം:
(എ) 1600 (ബി) 1602
(സി) 1604 (ഡി) 1605
344. അക്ബറുടെ ശവകുടീരം എവിടെയാണ്?
(എ) ഡെൽഹി (ബി) ഫത്തേപൂർ സിക്രി
(സി) സിക്കന്ദ്ര (ഡി) ലാഹോർ
345. ഏറ്റവും മഹാനായ മുഗൾ ചക്രവർത്തി:
(എ) ബാബർ (ബി) ഷാജഹാൻ
(സി) അക്ബർ (ഡി) ഔറംഗസീബ്
346. ബീർബലിന്റെ യഥാർഥ പേര്:
(എ) മഹേഷ്ദാസ് (ബി) രാമതാണു
(സി) ഹേമചന്ദ്രൻ (ഡി) നൈസാം ഖാൻ
347. അക്ബർ 1581-ൽ പരാജയപ്പെടുത്തിയ ബാസ് ബഹാദൂർ എവിടുത്തെ ഭരണാധികാരിയായിരുന്നു?
(എ) ആസിർഗഢ് (ബി) മാൾവ
(സി) കശ്മീർ (ഡി) സിന്ധ്
348. മൻസബ്ദാരി സമ്പ്രദായം ആവിഷ്കരിച്ചത്:
(എ) ജഹാംഗീർ (ബി) അക്ബർ
(സി) ബാബർ (ഡി) ഷാജഹാൻ
349. അക്ബർ നിർമിച്ച തലസ്ഥാനം:
(എ) ദേവഗിരി (ബി) ജഹൻപന
(സി) ഫത്തേപൂർ സിക്രി (ഡി) ദിൻപന
350. അക്ബറുടെ ശവകുടീരം ആസൂത്രണം ചെയ്തത്:
(എ) അക്ബർ (ബി) ജഹാംഗീർ
(സി) ഷാജഹാൻ (ഡി) ഔറംഗസീബ്
351. അക്ബറുടെ സദസ്സിലെ ഏറ്റവും പ്രശസ്തനായ കവി:
(എ) ഫെയ്സി (ബി) അബുൾ ഫസൽ
(സി) തുളസീദാസ് (ഡി) ജയദേവൻ
352. അക്ബർ പ്രോൽസാഹിപ്പിച്ച, ഗ്വാളിയോറിലെ സംഗീതജ്ഞൻ:
(എ) സൂർദാസ് (ബി) ബീർബൽ
(സി) തോഡർമൽ (ഡി) താൻസെൻ
353. അക്ബറുടെ സദസ്സിലുണ്ടായിരുന്ന അന്ധ കവി:
(എ) രാംദാസ് (ബി) സൂർദാസ്
(സി) ഫെയ്സി (ഡി) താൻസെൻ
354. അക്ബറുടെ റവന്യൂ മന്ത്രിയായിരുന്നത്:
(എ) തോഡർമൽ (ബി) മാൻസിങ്
(സി) ബൈറാം ഖാൻ (ഡി) ഫെയ്സി
355. രാമചരിതമാനസം, വിനയപത്രിക എന്നിവ രചിച്ചത്:
(എ) താൻസെൻ (ബി) സൂർദാസ്
(സി) തുളസീദാസ് (ഡി) ഫെയ്സി
356. മുഗൾസേന ചിറ്റോർ പിടിച്ചടക്കിയപ്പോൾ മേവാറിന്റെ തലസ്ഥാനം എവിടേക്കാണ് മാറ്റിയത്?
(എ) അജ്മീർ (ബി) ജോധ്പൂർ
(സി) ജയ്പൂർ (ഡി) ഉദയ്പൂർ
357. ഫത്തേപൂർ സിക്രിയിൽ ബുലന്ദ് ദർവാസ,ജോധാഭായിയുടെ കൊട്ടാരം,പഞ്ച് മഹൽ എന്നിവ നിർമിച്ചത്:
(എ) ജഹാംഗീർ (ബി) ഷാജഹാൻ
(സി) ഹുമയൂൺ (ഡി) അക്ബർ
358. ആരാണ് ഇബദത്ത് ഖാന പണികഴിപ്പിച്ചത്?
(എ) അക്ബർ (ബി) ഔറംഗസീബ്
(സി) ഷാജഹാൻ (ഡി) ബാബർ
359. ഫത്തേപൂർ സിക്രിയുടെ കവാടം:
(എ) ഖൂനി ദർവാസ (ബി) ഇന്ത്യ ഗേറ്റ്
(സി) ബുലന്ദ് ദർവാസ (ഡി) ചാർമിനാർ
360. ഏത് പ്രദേശം കീഴടക്കിയതിന്റെ (1572) സ്മരണയ്ക്കാണ് അക്ബർ ബുലന്ദ് ദർവാസ നിർമിച്ചത്?
(എ) കശ്മീർ (ബി) സിന്ധ്
(സി) ഗുജറാത്ത് (ഡി) മാൾവ
361. അക്ബറുടെ ആരാധ്യപുരുഷനായിരുന്ന ഷെയ്ഖ് സലിം ചിസ്റ്റിയുടെ ശവകുടീരം എവിടെയാണ്?
(എ) ലാഹോർ (ബി) ഫത്തേപൂർ സിക്രി

(സി) കാബൂൾ (ഡി) ഡെൽഹി

362. അക്ബറുടെ കാലത്തെ മന്ദിരങ്ങൾ പ്രധാനമായും എന്തുപയോഗിച്ചാണ് നിർമിച്ചത്?
(എ) ചുവന്ന മണൽക്കല്ല് (ബി) വെളുത്ത മണൽക്കല്ല്
(സി) കരിങ്കല്ല് (ഡി) മാർബിൾ

363. ഏതു മുഗൾ ചക്രവർത്തിയുടെ കാലമാണ് ഹിന്ദുസ്ഥാനി സാഹിത്യത്തിന്റെ അഗസ്റ്റിയൻ കാലഘട്ടം എന്നറിയപ്പെടുന്നത്?
(എ) ജഹാംഗീർ (ബി) അക്ബർ
(സി) ഷാജഹാൻ (ഡി) ഹുമയൂൺ

364. ഏത് ചക്രവർത്തിയുടെ കാലത്താണ് സ്വാത് താഴ്‌വര മുഗൾ സാമ്രാജ്യത്തോട് ചേർക്കപ്പെട്ടത്?
(എ) ഹുമയൂൺ (ബി) ബാബർ
(സി) അക്ബർ (ഡി) ഔറംഗസീബ്

365. എവിടെനിന്നാണ് അക്ബർ മൻസബ്ദാരി സമ്പ്രദായം കടംകൊണ്ടത്?
(എ) അഫ്ഗാനിസ്ഥാൻ (ബി) തുർക്കി
(സി) മംഗോളിയ (ഡി) പേർഷ്യ

366. അക്ബറെ ഏറ്റവും കൂടുതൽ സ്വാധീനിച്ച അന്യമതം:
(എ) പാഴ്സി മതം (ബി) ജൈനമതം
(സി) ഹിന്ദുമതം (ഡി) ക്രിസ്തുമതം

367. ഏത് മുഗൾ ചക്രവർത്തിയുടെ കാലത്താണ് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനി ലണ്ടനിൽ (എ.ഡി.1600)സ്ഥാപിതമായത്?
(എ) ഷാജഹാൻ (ബി) ജഹാംഗീർ
(സി) ഹുമയൂൺ (ഡി) അക്ബർ

368. ഏത് മുഗൾ ചക്രവർത്തിയുടെ കാലത്താണ് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിക്ക് ഇന്ത്യയിൽ ഫാക്ടറി നിർമിക്കാൻ അനുമതി ലഭിച്ചത്?
(എ) ജഹാംഗീർ (ബി) ഷാജഹാൻ
(സി) അക്ബർ (ഡി) ഹുമയൂൺ

369. അക്ബർ 1580–ൽ തന്റെ സാമ്രാജ്യം എത്ര സുബകളായി വിഭജിച്ചു?
(എ) 12 (ബി) 10
(സി) 9 (ഡി) 8

370. അക്ബറുടെ സദസ്സിലെ ഭാഷ ഏതായിരുന്നു?
(എ) അറബിക് (ബി) പേർഷ്യൻ
(സി) ഉറുദു (ഡി) ഹിന്ദി

371. അക്ബറുടെ കാലത്ത് 1564–ൽ മുഗൾ സേനയ്ക്കെതിരെ യുദ്ധം ചെയ്ത് വീരമൃത്യു വരിച്ച ഗോണ്ട്വാനയിലെ റാണി: (എ) ചെന്നമ്മ
(ബി) ദുർഗാവതി
(സി) പദ്മിനി (ഡി) ലക്ഷ്മീബായി

372. ഡെക്കാൺ കീഴടക്കുന്നതിൽ ശ്രദ്ധ ചെലുത്തിയ ആദ്യ മുഗൾ ചക്രവർത്തി:
(എ) ബാബർ (ബി) ഹുമയൂൺ
(സി) അക്ബർ (ഡി) ജഹാംഗീർ

373. മൻസബ്ദാരി സമ്പ്രദായം ആവിഷ്കരിച്ചത്:
(എ) ജഹാംഗീർ (ബി) അക്ബർ
(സി) ബാബർ (ഡി) ഹുമയൂൺ

374. അക്ബർ സ്ഥാപിച്ച നഗരമേത്?
(എ) ആഗ്ര (ബി) ലാഹോർ
(സി) അജ്മീർ (ഡി) അലഹബാദ്

375. അക്ബർ അപ്രമാദിത്വ പ്രഖ്യാപനം നടത്തിയ വർഷം:
(എ) 1579 (ബി) 1582 (സി) 1590 (ഡി) 1595

376. ജഹാംഗീറിന്റെ ആദ്യകാലനാമം:
(എ) സലിം (ബി) ഖുറം
(സി) മുവാസം (ഡി) ആലംഗീർ

377. ജഹാംഗീർ ജനിച്ച സ്ഥലം:
(എ) ആഗ്ര (ബി) ഫത്തേപൂർ സിക്രി
(സി) ലാഹോർ (ഡി) ഡെൽഹി

378. ജഹാംഗീർ ജനിച്ച വർഷം:
(എ) 1569 (ബി) 1572 (സി) 1580 (ഡി) 1585

379. ആവലാതിച്ചങ്ങല (നീതിച്ചങ്ങല) സ്ഥാപിച്ച മുഗൾ ചക്രവർത്തി:
(എ) അക്ബർ (ബി) ജഹാംഗീർ
(സി) ഔറംഗസീബ് (ഡി) ഷാജഹാൻ

380. ആവലാതിച്ചങ്ങല നിറുത്തലാക്കിയ മുഗൾ ചക്രവർത്തി: (എ) ഔറംഗസീബ്
(ബി) ജഹാംഗീർ
(സി) ഷാജഹാൻ (ഡി) ബഹദൂർ ഷാ

381. ജഹാംഗീർ ഏറ്റവും കൂടുതൽ കാലം ജീവിച്ച നഗരം:
(എ) ആഗ്ര (ബി) ഫത്തേപൂർ സിക്രി
(സി) കാബൂൾ (ഡി) ഡെൽഹി

382. ഏതു മുഗൾ ചക്രവർത്തിയുടെ കാലത്താണ് മേവാർ മുഗൾ മേൽക്കോയ്മ അംഗീകരിച്ചത്?
(എ) അക്ബർ (ബി) ഔറംഗസീബ്
(സി) ജഹാംഗീർ (ഡി) ഷാജഹാൻ

383. അഞ്ചാമത്തെ സിഖ്ഗുരുവായ അർജുൻ ദേവിനെ വധിച്ച മുഗൾ ചക്രവർത്തി:
(എ) ജഹാംഗീർ (ബി) ഷാജഹാൻ
(സി) അക്ബർ (ഡി) ഔറംഗസീബ്

384. ആരുടെ ഉത്തരവ് പ്രകാരമാണ് മുഗൾ രാജകുമാരനായ ഖുസ്രു വധിക്കപ്പെട്ടത്?
(എ) ആസഫ് ഖാൻ (ബി) നൂർജഹാൻ
(സി) ഖുറം (ഡി) ജഹാംഗീർ

385. ആരുടെ ഭരണകാലത്താണ് സിഖുകാർ മുഗളർക്ക് എതിരായിത്തീർന്നത്?
(എ) ഷാജഹാൻ (ബി) ഔറംഗസീബ്
(സി) ഹുമയൂൺ (ഡി) ജഹാംഗീർ

386. ജഹാംഗീറിന്റെ മുഖ്യരാജ്ഞിയായിരുന്നത്:
(എ) നൂർജഹാൻ (ബി) മുംതാസ്
(സി) റാബിയ ദുരാനി (ഡി) ജഹനാര

387. നൂർജഹാന്റെ പഴയപേര്:
(എ) അർജുമന്ദ് ബാനുബീഗം
(ബി) മെഹറുന്നിസ
(സി) ദിൽരാസ് ബാനു (ഡി) ലൈല

388. നൂർജഹാന്റെ പിതാവ് മിർജാ ഗിയാസ് ബെഗ്ഗ് പിൽക്കാലത്ത് പ്രസിദ്ധനായ പേര്:
(എ) ഇത്തിമാദ് ഉദ് ദൗള (ബി) ബൈറാം ഖാൻ
(സി) തോഡർമൽ (ഡി) ഷേർഷാ

389. ചിത്രരചനയിൽ തൽപരനായിരുന്ന മുഗൾ ചക്രവർത്തി: (എ) ഔറംഗസീബ്
(ബി) ഷാജഹാൻ
(സി) അക്ബർ (ഡി) ജഹാംഗീർ

390. ആർക്ക് അഭയം നൽകിയതിനാലാണ് ജഹാംഗീർ അഞ്ചാമത്തെ സിഖ് ഗുരുവിനെ വധിച്ചത്?
(എ) ദാര (ബി) ഷൂജ
(സി) ഖുസ്റു (ഡി) ഷഹരിയാർ

391. ആർക്കാണ് ജഹാംഗീർ ഇംഗ്ലീഷ് ഖാൻ എന്ന സ്ഥാനപ്പേര് നൽകിയത്?
(എ) റാൽഫ് ഫിച്ച് (ബി) വില്യം ഹോക്കിൻസ്
(സി) തോമസ് റോ (ഡി) റോബർട്ട് ക്ലൈവ്

392. ആരുടെ പ്രതിനിധിയായിട്ടാണ് സർ തോമസ് റോ ഇന്ത്യയിൽവന്നത്?
(എ) ചാൾസ് ഒന്നാമൻ (ബി) ജെയിംസ് ഒന്നാമൻ
(സി) എഡ്വേർഡ് ഒന്നാമൻ
(ഡി) ജോൺ രണ്ടാമൻ

393. ശ്രീനഗറിലെ നിഷാന്ത് ബാഗ് പണികഴിപ്പിച്ചത്:
(എ) ഷാജഹാൻ (ബി) അക്ബർ
(സി) ജഹാംഗീർ (ഡി) ബാബർ

394. മെഹറുന്നിസയ്ക്ക് ജഹാംഗീർ നൽകിയ ആദ്യത്തെ പേര്:
(എ) നൂർമഹൽ (ബി) ഹൈദരി ബീഗം
(സി) മുംതാസ് (ഡി) ജഹനാര

395. ജഹാംഗീറിന്റെ ഏറ്റവും വലിയ രാഷ്ട്രീയ നേട്ടമായി കണക്കാക്കുന്നത് ഏതുമായിട്ടുണ്ടായിരുന്ന കലഹം അവസാനിപ്പിച്ചതാണ്?
(എ) കശ്മീർ (ബി) ബംഗാൾ
(സി) മാൾവ (ഡി) മേവാർ

396. ഇത്തിമാദ് ഉദ് ദൗളയുടെ ശവകുടീരം നിർമിച്ചത് ആരാണ്?
(എ) ഷാജഹാൻ (ബി) നൂർജഹാൻ
(സി) അക്ബർ (ഡി) ഖുസ്റു

397. ഷേർ അഫ്ഗാന് നൂർജഹാനുമായുള്ള ബന്ധം:
(എ) സഹോദരൻ (ബി) ആദ്യഭർത്താവ്
(സി) മകൻ (ഡി) മരുമകൻ

398. നൂർജഹാന് ആദ്യ ഭർത്താവായ ഷേർ അഫ്ഗാനിൽ ജനിച്ച മകളായ ലാഡ്ജി ബീഗത്തെ വിവാഹം ചെയ്ത മുഗൾ രാജകുമാരൻ:
(എ) ഖുസ്രു (ബി) ഷഹരിയാർ
(സി) ഖുറം (ഡി) ജഹന്ദർ

399. ഷാജഹാന്റെ ഉത്തരവ് പ്രകാരം ഷഹരിയാറെ വധിച്ചത് ആരാണ്?
(എ) ഷേർ അഫ്ഗാൻ (ബി) ഖുസ്രു
(സി) ആസഫ് ഖാൻ (ഡി) ദാവർ ബക്ഷ്

400. ജഹാംഗീറിന്റെ മരണശേഷം, ഷാജഹാൻ സ്ഥലത്തില്ലാത്തതിനാൽ, ആരെയാണ് ആസഫ്ഖാൻ താൽക്കാലിക ഭരണാധികാരിയായി വാഴിച്ചത്?
(എ) ദാവർ ബക്ഷ് (ബി) ഖുറം
(സി) ഖുസ്റു (ഡി) ഷഹരിയാർ

## Answers

1(a) 2(b) 3(a) 4(c) 5(c) 6(b) 7(c) 8(d) 9(d) 10(a) 11(d) 12(d) 13(d) 14(b) 15(b) 16(b) 17(a) 18(c) 19(c) 20(a) 21(d) 22(b) 23(a) 24(b) 25(b) 26(b) 27(c) 28(d) 29(c) 30(c) 31(d) 32(a) 33(d) 34(c) 35(a) 36(d) 37(d) 38(d) 39(b) 40(d) 41(a) 42(d) 43(a) 44(d) 45(c) 46(c) 47(c) 48(c) 49(c) 50(a) 51(a) 52(a) 53(a) 54(c) 55(b) 56(d) 57(a) 58(a) 59(a) 60(d) 61(a) 62(a) 63(c) 64(c) 65(c) 66(c) 67(d) 68(a) 69(c) 70(c) 71(b) 72(c) 73(d) 74(a) 75(a) 76(b) 77(d) 78(b) 79(d) 80(a) 81(d) 82(c) 83(b) 84(b) 85(d) 86(a) 87(a) 88(b) 89(a) 90(d) 91(a) 92(b) 93(b) 94(c) 95(d) 96(b) 97(b) 98(a) 99(b) 100(a)101(c) 102(b) 103(b) 104(b) 105(a) 106(d) 107(a) 108(a) 109(b) 110(c) 111(a) 112(b) 113(a) 114(b) 115(c) 116(d) 117(a) 118(b) 119(a) 120(c) 121(b) 122(b) 123(c) 124(a) 125(c) 126(a) 127(b) 128(c) 129(b) 130(a)1 31(b) 132(a) 133(b) 134(b) 135(c) 136(a) 137(a) 138(b) 139(c) 140(d) 141(d) 142(a) 143(a) 144(b) 145(c) 146(a) 147(d) 148(d) 149(c) 150(d) 151(c) 152(a) 153(d) 154(c) 155(c) 156(b) 157(c) 158(a) 159(b) 160(c) 161(a) 162(b) 163(a) 164(c) 165(a) 166(b) 167(a) 168(b) 169(b) 170(d) 171(c) 172(a) 173(b) 174(c) 175(a) 176(b) 177(a) 178(c) 179(a) 180(b) 181(c) 182(b) 183(a) 184(d) 185(b) 186(a) 187(d) 188(a) 189(a) 190(b) 191(d) 192(d) 193(d) 194(c) 195(b) 196(a) 197(b) 198(c) 199(c) 200(c)201(a) 202(a) 203(b) 204(a) 205(a) 206(d) 207(c) 208(d) 209(a) 210(b) 211(a) 212(b) 213(a) 214(c) 215(d) 216(b) 217(a) 218(a) 219(a) 220(b) 221(c) 222(c) 223(c) 224(a) 225(b) 226(b) 227(c) 228(a) 229(d) 230(b) 231(a) 232(a) 233(a) 234(b) 235(a) 236(d) 237(b) 238(c) 239(b) 240(c) 241(d) 242(a) 243(c) 244(c) 245(d) 246(b) 247(b) 248(a) 249(b) 250(b) 251(d) 252(d) 253(c) 254(c) 255(b) 256(a) 257(c) 258(b) 259(d) 260(b) 261(a) 262(a) 263(b) 264(a) 265(b) 266(a) 267(b) 268(d) 269(b) 270(c) 271(b) 272(a) 273(b) 274(c) 275(b) 276(c) 277(a) 278(a) 279(b) 280(b) 281(a) 282(c) 283(a) 284(c) 285(c) 286(d) 287(a) 288(d) 289(a) 290(c) 291(b) 292(d) 293(c) 294(d) 295(b) 296(a) 297(d) 298(d) 299(c) 300(c) 301(b) 302(a) 303(a) 304(c) 305(c) 306(d) 307(a) 308(a) 309(a) 310(b) 311(b) 312(a) 313(c) 314(c) 315(a) 316(c) 317(a) 318(b) 319(b) 320(d) 321(b) 322(c) 323(a) 324(b) 325(d) 326(a) 327(b) 328(c) 329(c) 330(a) 331(d) 332(a) 333(b) 334(d) 335(c) 336(a) 337(a) 338(b) 339(b) 340(c) 341(d) 342(a) 343(d) 344(c) 345(c) 346(a) 347(b) 348(b) 349(c) 350(a) 351(c) 352(d) 353(b) 354(a) 355(c) 356(d) 357(d) 358(a) 359(c) 360(c) 361(b) 362(a) 363(b) 364(c) 365(b) 366(d) 367(d) 368(a) 369(a) 370(b) 371(b) 372(c) 373(b) 374(d) 375(a) 376(a) 377(b) 378(a) 379(b) 380(c) 381(b) 382(c) 383(a) 384(c) 385(d) 386(a) 387(b) 388(a) 389(d) 390(c) 391(b) 392(b) 393(c) 394(a) 395(d) 396(b) 397(b) 398(b) 399(c) 400(a)


**STATEMENT OF OWNERSHIP AND PARTICULARS ABOUT THE PERIODICAL**
**PSC BULLETIN (FORTNIGHTLY) FORM IV** (See Rule 8)

1. Place of Publication : THIRUVANANTHAPURAM
2. Periodicity : Fortnightly
3. Printer's Name : **Saju George**
(whether Citizen of India) : Indian
(If foreigner, state the country of origin)
Address : Secretary, Kerala Public Service Commission, Thiruvananthapuram
4. Publisher's Name : **Saju George**
(Whether Citizen of India) : Indian
(If foreigner, state the country of origin)
Address : Secretary, Kerala Public Service Commission, Thiruvananthapuram
5. Editor's Name : **Saju George**
(Whether Citizen of India) : Indian
(If foreigner, state the country of origin)
Address : Secretary, Kerala Public Service Commission, Thiruvananthapuram
6. Owner s Name (s), Particulars of the individual(s) of the firm joint Stock Company, Trust, Co-operative Society, Associate which owns the news periodical. : **Saju George** Secretary, Kerala Public Service Commission, Thiruvananthapuram

I declare that the particulars given above are true to the best of my knowledge and belief.

(Sd/)
Secretary,
Kerala Public Service Commission, Thiruvananthapuram

Thiruvananthapuram
01 -0 3 - 2017



**വജ്രജൂബിലി വിശേഷാൽ പതിപ്പിന്റെ രണ്ടാം ഭാഗം തിരുവനന്തപുരം മേയർ അഡ്വ. വി കെ പ്രശാന്തിന് നൽകി മുഖ്യമന്ത്രി പ്രകാശനം ചെയ്യുന്നു.**

**(പേജ് 1ൽ നിന്ന്)**

ഈ ആഘോഷവേളയുടെ തിളക്കം വർധിപ്പിക്കും.

ശ്രദ്ധേയമായ രണ്ടാമത്തെ കാര്യം, അറുപതാണ്ടുകളിലൂടെ രൂപപ്പെടുത്തിയ ചട്ടങ്ങളും നിയമങ്ങളും കാലികമാക്കി ഉദ്യോഗാർത്ഥികൾക്ക് പ്രയോജനകരമാക്കുമെന്നതാണ്. ഇതും ശ്ലാഘനീയം തന്നെ.

കാലഹരണപ്പെട്ട ചട്ടങ്ങളെ മാറ്റിയില്ലെങ്കിൽ 'മാറ്റുമതുകളീ നിങ്ങളെത്താൻ' എന്ന് ക്രാന്തദർശിയായ കുമാരനാശാൻ പാടിയത് അന്വർത്ഥമാകും. സങ്കീർണമായ നടപടികളെ ലളിതമാക്കാനും പരിഷ്കരിക്കാനും അതിലൂടെ പ്രവർത്തനത്തിൽ വേഗത കൈവരിക്കാനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. എന്നാൽ, മുഖ്യധാരയിലിടം കിട്ടാതെ പ്രാന്തവൽക്കരിക്കപ്പെട്ടുപോയവരുടെ അവസരങ്ങളെയും അവകാശങ്ങളെയും ഈ പരിഷ്കാരങ്ങൾ തെല്ലും ഹനിക്കുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം നിങ്ങൾക്കുണ്ടെന്ന് ഓർമിപ്പിക്കട്ടെ.

കമ്പ്യൂട്ടർവൽക്കരണം പല പഴയ നടപടിക്രമങ്ങളെയും പടിക്കു പുറത്താക്കിയെന്ന് നമുക്കറിയാമല്ലോ. പക്ഷേ, പുറന്തള്ളേണ്ട ചില നടപടിക്രമങ്ങൾ ഇന്നും പിഎസ്‌സിയിൽ നിലനിൽക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഉദ്യോഗാർത്ഥിയുടെ പ്രൊഫൈൽ ഫോട്ടോയിൽ പേരും തീയതിയും വേണമെന്ന നിർബന്ധബുദ്ധി പിഎസ്‌സി ഇപ്പോഴും പുലർത്തുന്നുവെന്നാണ് എന്റെ അറിവ്. ഇക്കാര്യത്തിൽ ഒരു മാറ്റം വരുത്തിയാൽ ഉദ്യോഗാർത്ഥികളുടെ പ്രയാസം വലിയതോതിൽ ലഘൂകരിക്കാനാകുമെന്നാണ് കരുതുന്നത്. വിദ്യാസമ്പന്നരായ തൊഴിൽരഹിതർ ഏറെയുള്ള സംസ്ഥാനമാണ് കേരളം. അവർ പ്രതീക്ഷയോടെ ഉറ്റുനോക്കുന്നത് നിങ്ങളെയാണ്. അതുകൊണ്ട് നിങ്ങളുടെ പ്രവർത്തനങ്ങൾ ഉദ്യോഗാർത്ഥികളുടെ പ്രതീക്ഷകൾക്കൊത്ത് ഉയരണം. ഒരൊഴിവ് മാത്രമുള്ള വിജ്ഞാപനത്തിനും ഒന്നും രണ്ടും ലക്ഷം പേർ അപേക്ഷിക്കുന്ന സ്ഥിതിവിശേഷം ഇവിടെ ഉണ്ടെന്നറിയാം. ഈ സ്ഥിതി നിങ്ങൾ ആർജ്ജിക്കാൻ ആഗ്രഹിക്കുന്ന ഗതിവേഗത്തിന് തടസ്സമാണെന്നും അറിയാം. എന്നിരുന്നാലും നിങ്ങളുടെ റിക്രൂട്ട്മെന്റ് സംവിധാനത്തിന്റെ ശേഷിയും വേഗവും കൂട്ടണം. കാലോചിതമാം വിധം ഊർജ്ജസ്വലമായ പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കാൻ പിഎസ്‌സി ഇനിയും വൈകിക്കൂടാ. തെരഞ്ഞെടുപ്പ് പ്രക്രിയയിലെ കാലതാമസം നിങ്ങളിൽ ഇപ്പോഴും ആരോപിക്കപ്പെടുന്നു എന്ന് ഓർക്കുക.

**സംസ്ഥാനത്തെ ചില വകുപ്പുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ടും യുവജനങ്ങളിൽനിന്നു നേരിട്ടും പൊതുപരീക്ഷയിലൂടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് രൂപം നൽകാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നമ്മുടെ സർക്കാരുദ്യോഗസ്ഥരിൽ കാര്യശേഷിയും കർമശേഷിയുമുള്ള കഴിവുറ്റവരുടെ നിര തന്നെയുണ്ട്. ഇവരുടെ സേവനം നാടിനു മുതൽക്കൂട്ടാക്കുക എന്നതാണ് കെഎഎസ് രൂപവൽക്കരണത്തിന്റെ ലക്ഷ്യം. പ്രായോഗിക സമീപനങ്ങളിലൂടെ ജീവിതസ്പർശിയായ ഫയലുകൾ അതിവേഗം തീർപ്പാക്കാൻ ഇത്തരം ഉദ്യോഗസ്ഥർക്കാവും. ഇവരുടെ തെരഞ്ഞെടുപ്പ് പിഎസ്‌സിയുടെ ചുമതലയാണ്. സർക്കാർ സർവ്വീസിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാൻ കഴിയുന്ന തരത്തിൽ യുവജനങ്ങൾ ഉൾപ്പെടുന്ന കെഎഎസ് സമയബന്ധിതമായി യാഥാർത്ഥ്യമാക്കാൻ നിങ്ങൾ ഉണർന്നു പ്രവർത്തിക്കണം.**

ഭരണഭാഷ നമ്മുടെ മാതൃഭാഷയിലേക്കു പൂർണമായും മാറ്റുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. പിഎസ്‌സി ചോദ്യക്കടലാസിൽ മലയാളത്തിനും ഇടം നൽകണമെന്ന് നിയമസഭയിൽ ഞാൻ പറയുകയുണ്ടായി. പിഎസ്‌സി പരീക്ഷകളിൽ മലയാളം ഒരു വിഷയമായി ഉൾപ്പെടുത്തി, മലയാളം അറിയുന്ന ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കണം. എന്നാൽ മാത്രമേ സർക്കാർ ഓഫീസുകൾ സാമാന്യജനങ്ങൾക്കു പ്രാപ്യമാവൂ. ബിരുദതലം വരെ യോഗ്യതവേണ്ട പിഎസ്‌സി പരീക്ഷകളിൽ മലയാളം ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചതായും അതിനുള്ള തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നതായും അറിയുന്നു. അതും സന്തോഷമുള്ള കാര്യം തന്നെയാണ്.

മറ്റൊരു കാര്യം പിഎസ്‌സി തെരഞ്ഞെടുക്കുന്ന ഉദ്യോഗസ്ഥരുടെ ഗുണനിലവാരത്തെക്കുറിച്ചാണ്. കാണാപ്പാഠം പഠിച്ചു വരുന്ന പരീക്ഷാർത്ഥികളുടെ ഗ്രാഹക ശേഷി മാത്രം അളക്കുന്ന ഒബ്ജക്ടീവ് രീതിയാണല്ലോ ഇപ്പോൾ അവലംബിച്ചിട്ടുള്ളത്. ഇത് ഉദ്യോഗാർത്ഥിയുടെ മസ്തിഷ്കശേഷി അളക്കാൻ പര്യാപ്തമായിരിക്കാം. പക്ഷേ, ഹൃദയശേഷി അളക്കാൻ പര്യാപ്തമല്ല. ക്ഷേമ രാഷ്ട്ര സിദ്ധാന്തത്തിൽ അടിയുറച്ച പൊതുഭരണ സംവിധാനം നിലവിലുള്ള കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥർക്ക് ഐക്യു അഥവാ ഇന്റലിജൻഡ് കോഷ്യന്റ് മാത്രം പോരാ, ഇക്യു അഥവാ ഇമോഷണൽ കോഷ്യന്റും വേണമല്ലോ. അപ്പോൾ ഉദ്യോഗാർത്ഥിയുടെ ഇക്യു, അതായത് അവരുടെ ഉത്സാഹശീലം, ഉൽക്കർഷേച്ഛ, ഭാവന, സഹജീവിസ്നേഹം, സഹാനുഭൂതി ഇതൊക്കെ അളക്കുന്ന തരത്തിൽ നിങ്ങളുടെ പരീക്ഷാ രീതികൾ മാറണം. അതിനുള്ള ശ്രമംകൂടി ഈ അറുപതാം വർഷത്തിലെങ്കിലും തുടങ്ങാൻ നിങ്ങൾക്ക് ആവേണ്ടതുണ്ട്.

സംസ്ഥാനത്തെ ചില വകുപ്പുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ടും യുവജനങ്ങളിൽനിന്നു നേരിട്ടും പൊതുപരീക്ഷയിലൂടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് രൂപം നൽകാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നമ്മുടെ സർക്കാരുദ്യോഗസ്ഥരിൽ കാര്യശേഷിയും കർമശേഷിയുമുള്ള കഴിവുറ്റവരുടെ നിര തന്നെയുണ്ട്. ഇവരുടെ സേവനം നാടിനു മുതൽക്കൂട്ടാക്കുക എന്നതാണ് കെഎഎസ് രൂപവൽക്കരണത്തിന്റെ ലക്ഷ്യം. പ്രായോഗിക സമീപനങ്ങളിലൂടെ ജീവിതസ്പർശിയായ ഫയലുകൾ അതിവേഗം തീർപ്പാക്കാൻ ഇത്തരം ഉദ്യോഗസ്ഥർക്കാവും. ഇവരുടെ തെരഞ്ഞെടുപ്പ് പിഎസ്‌സിയുടെ ചുമതലയാണ്. സർക്കാർ സർവ്വീസിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാൻ കഴിയുന്ന തരത്തിൽ യുവജനങ്ങൾ ഉൾപ്പെടുന്ന കെഎഎസ് സമയബന്ധിതമായി യാഥാർത്ഥ്യമാക്കാൻ നിങ്ങൾ ഉണർന്നു പ്രവർത്തിക്കണം.

ആരോഗ്യമേഖലയിൽ 'ആർദ്രം' പോലെയുള്ള നവസംരംഭങ്ങൾ ആരംഭിച്ചിരിക്കുകയാണ്. പക്ഷേ, ഇതിന്റെയൊക്കെ ഗുണം പാവപ്പെട്ടവനു കിട്ടണമെങ്കിൽ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും മറ്റും ഒഴിഞ്ഞ കസേരകൾ പാടില്ല. ഒഴിവുണ്ടായിട്ടും പിഎസ്‌സി ആളെ കൊടുക്കുന്നില്ല എന്ന പരാതിയുണ്ട്. യൂണിഫോം ഫോഴ്സിലേക്ക് നിങ്ങൾ ഇപ്പോൾ വാർഷിക തെരഞ്ഞെടുപ്പ് നടത്തുന്നുണ്ടല്ലോ. അതേ താൽപര്യം ആരോഗ്യരംഗത്തോടും കാട്ടണം. ആരോഗ്യമേഖലയിലെ റിക്രൂട്ട്മെന്റിനായി ഒരു പ്രത്യേക വിഭാഗം തന്നെ പിഎസ്‌സിയിൽ ആരംഭിക്കുന്നത് അഭികാമ്യമാവും.

അത്യാധുനിക സൗകര്യങ്ങളുള്ള ഹൈടെക് ക്ലാസ് മുറികൾ നമ്മുടെ സർക്കാർ സ്കൂളുകളിൽ സ്ഥാപിച്ചുവരികയാണ്. ഇവിടെനിന്നും പുറത്തുവരുന്ന ഭാവിതലമുറയുടെ തൊഴിൽ ലഭ്യത എന്ന ആവശ്യം നിറവേറ്റാൻ പിഎസ്‌സിയും ഹൈടെക്കായി എന്നു കാണുന്നത് സന്തോഷകരമാണ്. 'സ്വന്തം ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ' എന്ന ആശയം പ്രാവർത്തികമാക്കി നിങ്ങൾ മികച്ച മാതൃക സൃഷ്ടിച്ചിരിക്കുന്നു. ഭാരതത്തിൽ തന്നെ ഇത്തരം കേന്ദ്രങ്ങൾ സ്വന്തമായുള്ളത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനു മാത്രമാണ്. ഇവയുടെ വ്യാപനം പിഎസ്‌സിയുടെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുമെന്ന് കരുതുന്നു. എല്ലാ ജില്ലകളിലും ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ നിർമിക്കേണ്ടത് അനിവാര്യം തന്നെയാണ്.

ഏതായാലും പുതിയ ചെയർമാനും പുതിയ അംഗങ്ങളും നല്ല പ്രവർത്തനക്ഷമത കാഴ്ചവയ്ക്കുന്ന ഉദ്യോഗസ്ഥരും ഒക്കെ ചേർന്നു അറുപതിന്റെ നിറവിലെത്തിയ നമ്മുടെ പിഎസ്‌സിയെ പുത്തൻ ദിശാബോധത്തോടെ മുന്നോട്ട് നയിക്കട്ടെയെന്ന് ആശംസിക്കുന്നു. ഈ വർഷം ഒക്ടോബർ 31 വരെ നീളുന്ന വജ്രജൂബിലി ആഘോഷത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചതായി സന്തോഷപൂർവം അറിയിക്കുന്നു. ●




Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Edited and Published by Saju George, Secretary
Kerala Public Service Commission on behalf of Kerala Public Service Commission and Printed by him at P. Krishna Pillai Memorial Printing & Publishing Co. Pvt. Ltd, Thiruvananthapuram.